# താഴെക്കോട് ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം



# വികസന റിപ്പോർട്ട്

2

116-6



# ഉള്ളടക്കം

ആമുഖം

സാമൂഹിക സാംസ്കാരിക ചരിത്രം

ഭൂപ്രകൃതിയും വിഭവങ്ങളും

സാമൂഹിക സാമ്പത്തിക മേഖലകൾ

പഞ്ചായത്തു പൊതുവിവരം

സാംസ്കാരിക രംഗം

സഹകരണം

ടൂറിസം

വനിത

പാർപ്പിടം സാമൂഹ്യക്ഷേമം

കൃഷിയും ജലസേചനവും

ഗതാഗതം, ഊർജ്ജം, മാർക്കററ്

മൃഗസംരക്ഷണം, മത്സ്യബന്ധനം

പൊതുജനാരോഗ്യം, കുടിവെള്ളം

പട്ടികജാതി – പട്ടികവർഗ്ഗ ക്ഷേമം

വിദ്യാഭ്യാസം

വ്യവസായം

വിഭവസമാഹരണം

ഉപസംഹാരം

കോന്തൻകുഴി പ്രിൻേറഴ്സ്



**എൻ. ചക്കിഈശ്വരൻ**

(പ്രസിഡൻറ് താഴെക്കോട് ഗ്രാമ പഞ്ചായത്ത്)



**സി. കെ. ഹംസ**

(വൈ. പ്രസിഡൻറ്)



**വി. ഹനീഫ**

(സ്ററാൻറിങ് കമ്മിററി ചെയർമാൻ)

## ഭരണ സമിതി

**വി. പി. കെ. യൂസഫ്ഹാജി**
**കെ. എം. കെ. തങ്ങൾ**
**പി. ടി. ഖാലിദ്**
**സി. എം. വാപ്പ്നു**
**എൻ. ഈശ്വരൻ**
**ടി. ടി. ശങ്കരനാരായണൻ**
**ഇ. സുമതി**
**ആലീസ്തോമസ്**
**ടി. ടി. സൈനബ**

# കഴിഞ്ഞകാല ഭരണസമിതികൾ

**1963 — 79**

ജ: പി. ടി. സെയ്ത് (പ്രസിഡണ്ട്)

വി. പി. ഹംസ (വൈ: പ്രസിഡണ്ട്)

എ. കെ. മരക്കാർ ഹാജി

എൻ. പി. മുഹമ്മദ്

കപ്പൂർ ഉണ്ണീനാപ്പഹാജി

പന്നിപ്പാറ മമ്മു

പി. മുഹമ്മദ്

ഉണ്ണൂലി

★

**1979 — 85**

എൻ. സൂപ്പി (പ്രസിഡണ്ട്)

പി. ടി. ഹംസമാസ്റ്റർ (വൈ: പ്രസിഡണ്ട്)

ടി. പി. ഹംസ

കെ. കൊലവൻ

പി. പ്രഭാകരമേനോൻ

വി. പി. ഷാഹുൽ ഹമീദ്

പി. ഹസൻ

സി. മുഹമ്മദ് ~~ഹാജി~~

കെ. മുഹമ്മദ്

★

**1988 — 94**

എൻ. സൂപ്പി [പ്രസിഡണ്ട്]

പി. ടി. ഖാലിദ് [വൈ. പ്രസിഡണ്ട്]

പി. മൊയ്തീൻ

പി. മൊയ്തുട്ടി എന്ന ചെറി

പി. പ്രഭാകരമേനോൻ

യം. കെ. മുഹമ്മദ് എന്ന മാനു

കപ്പൂർ മുഹമ്മദാലി

ഉണ്ണിഅയ്യപ്പൻ പി.

ഇ. കെ. ഫാത്തിമബീവി

എ. ശാന്തമ്മ

കഴിഞ്ഞ കാലങ്ങളെ
വിശകലനം ചെയ്യുക.
വരും കാലങ്ങൾ
ആസൂത്രണം ചെയ്യുക.
സമഗ്ര വികസനത്തിന്റെ
ശാസ്ത്രീയ സമീപനം
ഇതാണ്. ഇതു
മാത്രമാണ്.

പരിശോധകസമിതി

കുട്ടിയച്ചൻ ജോസ്
പി. കെ. സെയ്ദ്
പി. ടി. ഹൈദരാലി
പി. അബ്ദുറഷീദ്
എൻ. നാസർ
വി. പി. മുഹമ്മദ് റഷീദ്
ബേബി സിറിയക്

മുഖചിത്രം: ഷിജോ വി. ജോസഫ്

## റിപ്പോർട്ട് തയ്യാറാക്കിയവർ

| | | | |
|---|---|---|---|
| 1. | സംസ്കാരം | — | കെ. പി. ഹരിദാസ് |
| 2. | കൃഷി, ജലസേചനം | — | കെ. എം. എസ്. തങ്ങൾ |
| 3. | മൃഗസംരക്ഷണവും മത്സ്യബന്ധനവും | — | ഷാജൻ ജോസ് |
| 4. | വ്യവസായം | — | വി. പി. മുഹമ്മദ് റഷീദ് |
| 5. | വിദ്യാഭ്യാസം | — | പി. ടി. ഖാലിദ് മാസ്ററർ |
| 6. | കുടിവെള്ളവും പൊതുജനാരോഗ്യവും | — | എ. ആലിക്കുട്ടി ഹാജി |
| 7. | ഗതാഗതം, ഊർജ്ജം, മാർക്കററ് | — | എം. പി. അഹമ്മദ് |
| 8. | വനിത | — | പി. ആമിന |
| 9. | സഹകരണം | — | കെ. ഡി. ദേവസ്യ |
| 10. | പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം | — | ഓങ്ങല്ലൂർ ഹമീദ് |
| 11 | പാർപ്പിടം, സാമൂഹ്യ ക്ഷേമം | — | വി. പി. മുഹമ്മദ് റഷീദ് |
| 12. | വിഭവ സമാഹരണം | — | പി. രാമൻ |
| 13. | ടൂറിസം | — | ബേബി സിറിയക് |

പ്രിൻറിംഗ്: കൗമുദി പ്രിൻേററഴ്സ് & കോന്തൻകുഴി പ്രിൻേററഴ്സ്
കരിക്കാല്ലത്താണി

# ആമുഖം

ഇന്ത്യാരാജ്യം സ്വതന്ത്രമാകുകയും, രാജ്യം ഭരിക്കാനുള്ള അധികാരം വെളുത്ത കരങ്ങളിൽ നിന്നും ഇന്ത്യൻ കരങ്ങളിലേക്ക് കൈമാററം ചെയ്യപ്പെടുകയും ചെയ്തു. ഒരു രാജ്യത്തിന്റെ സർവ്വതോൻമുഖമായ പുരോഗതിക്ക് കേവലം ഭരണകൈമാററംകൊണ്ട് സാധ്യമല്ലെന്ന് സ്വതന്ത്ര ഇന്ത്യയുടെ 49വർഷത്തെ ചരിത്രം ഇന്ത്യൻ ജനതയെ പഠിപ്പിച്ചു. ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർഎന്ന ജനാധിപത്യ സങ്കല്പം, ലോകത്തിലെ ഏററവുംവലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയിൽ പ്രായോഗികമായി തെരഞ്ഞെടുപ്പ് പ്രക്രിയയിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. നിയമ നിർമ്മാണസഭയും, ഭരണ നിർവഹണവിഭാഗവും, ജൂഡീഷ്യറിയും പരസ്പരപൂരകങ്ങളായി മുന്നോട്ടുനീങ്ങിയാൽ മാത്രമേ രാജ്യം സമ്പൂർണ്ണ പുരോഗതി കൈവരിക്കുകയുള്ളൂ. രാജ്യത്തിന്റെ നിയമനിർമ്മാണവും, ആസൂത്രണവും ഭരണ സിരാകേന്ദ്രങ്ങൾ മാത്രം നടപ്പിലാക്കിയപ്പോൾ ചവിട്ടിമെതിക്കപ്പെട്ടത് സാധാരണജനതയുടെ ജനകീയാവശ്യങ്ങളായിരുന്നു. തീരുമാനങ്ങളെടുക്കാനും, അവനടപ്പിലാക്കുന്നതിൽ പങ്കുവഹിക്കാനുമുള്ള അധികാരം ജനങ്ങൾക്ക് ലഭിക്കുമ്പോൾ മാത്രമേ രാജ്യത്തിന്റെ സർവ്വതോൻമുഖമായ പുരോഗതി സാധിതപ്രായമാകുകയുള്ളൂ. ഒമ്പതാം പഞ്ചവത്സരപദ്ധതിയോടുകൂടി കേരള ജനതക്ക് ഈ സൗഭാഗ്യം കൈവന്നിരിക്കുകയാണ്. സംസ്ഥാന സർക്കാറും, സംസ്ഥാന ആസൂത്രണ ബോർഡും, കൈകോർത്തുകൊണ്ട് കേരളത്തിൽ നടപ്പിലാക്കുന്ന ജനകീയാസൂത്രണ പരിപാടി കേരള ചരിത്രത്തിന്റെ നാഴികക്കല്ലായിമാറും. വികസനപ്രവർത്തനങ്ങൾ വഴിമുട്ടുന്നു. സാമ്പത്തികപ്രശ്നം രൂക്ഷമാകുന്നതിന് ജനകീയാസൂത്രണപദ്ധതി പരിഹാരം നിർദ്ദേശിക്കുന്നുണ്ട്. പഞ്ചായത്തുകൾക്കുള്ള സർക്കാറിന്റെ (40%) വിഹിതവും സംസ്ഥാന സർക്കാറിന്റെ (60%) വിഹിതവും കൂടാതെ കേന്ദ്രസർക്കാർ ഫണ്ട്, ബാഹ്യവികസന ഏജൻസികൾ, സന്നദ്ധസംഘടനകൾ, നികുതിവരുമാനം, ജനകീയ സംഭാവനകൾ എന്നിവ സമാഹരിക്കപ്പെടുമ്പോൾ ജനകീയാസൂത്രണം അതിന്റെ പൂർണ്ണതയിലെത്തിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി 13–9–96നു മലപ്പുറം ജില്ലാതല പരിശീലനം ആരംഭിച്ചതോടുകൂടിതന്നെ താഴെക്കോട് ഗ്രാമപഞ്ചായത്തിലും ജനകീയാസൂത്രണ പരിപാടി ആരംഭിച്ചിരുന്നു. ജില്ലാതല പരിശീലന ക്യാമ്പിൽ ഗ്രാമപഞ്ചായത്തിൽ നിന്നും പതിനൊന്ന് പേർ പങ്കെടുക്കുകയുണ്ടായി. 17–9–96ൽ ഗ്രാമപഞ്ചായത്തിൽനിന്നും 4പേർ, പഞ്ചായത്ത് മെമ്പർമാർ, ഉദ്യോഗസ്ഥന്മാർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്ത്തല പരിശീലന ക്യാമ്പ് നടത്തുകയുണ്ടായി. തുടർന്ന് ഓരോ വാർഡുകളിലെയും പ്രശ്നങ്ങൾ പഠിക്കുന്നതിന് പഞ്ചായത്തിലെ 12 വാർഡുകളിലായി 27–9–96മുതൽ 2–10–96വരെയുള്ള ദിവസങ്ങളിൽ വിശേഷാൽ ഗ്രാമസഭകൾ സംഘടിപ്പിച്ചു. 3–10–96 മുതൽ ദ്വിതീയ വിവര ശേഖരണം ആരംഭിച്ചു. പഞ്ചായത്തിലെ ഭൂപ്രകൃതി പഠിക്കുന്നതിനും, ജനങ്ങളുമായി അഭിമുഖം നടത്തുന്നതിനും വേണ്ടി 23–10–96നു 4പേരടങ്ങിയ ഒരു സംഘം പഠനപര്യടനം നടത്തി. ഗ്രാമസഭകളുടെ പ്രചരണ പ്രവർത്തനത്തിന്റെ ഭാഗമായി പഞ്ചായത്തിലെ അഞ്ചു യു പി സ്കൂളുകളിൽ സ്കൂൾ തലത്തിലും, പഞ്ചായത്ത് തലത്തിലും ക്വിസ് മത്സരം നടത്തി. വാർഡുമെമ്പർമാരുടെയും LRP, DRP മാരുടെയും ഒരു യോഗം വിളിച്ചുകൂട്ടുകയും, വാർഡ് പഠനസംഘങ്ങൾ വിവിധ വാർഡുകളിൽ പര്യടനം നടത്തി വിഭവ ഭൂപടം തയ്യാറാക്കി. ജനകീയാസൂത്രണ പ്രചരണാർത്ഥം 11–10–96ന് മാട്ടറക്കലിലും, കരിങ്കല്ലത്താണിയിലും ജനാധികാര കലാജാഥ പരിപാടികളവതരിപ്പിച്ചു. കേരളപ്പിറവി ദിനമായ നവംബർ ഒന്നാം തിയ്യതി പുനരർപ്പണ ദിനമായി ആചരിക്കുകയും, ഗ്രാമപഞ്ചായത്തിലെ ഒന്ന്, മൂന്ന്,

നാല്, അഞ്ച്, ഏഴ്, പതിനൊന്ന് വാർഡുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. ജനകീയാസൂത്രണ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിന് സംഘാടകസമിതി വിളിച്ചു ചേർക്കുകയും, വികസനപ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തു. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ വികസനപ്രവർത്തനങ്ങളുടെ റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിവിധ മേഖലകളിലെ ഉദ്യോഗസ്ഥൻമാരുടെ യോഗം 31. 10. 96ന് വിളിച്ചു ചേർത്തു. ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഒക്ടോബർ 27, 28 തിയ്യതികളിൽ ജില്ലാതലത്തിൽ സംഘടിപ്പിക്കപ്പെട്ട പരിശീലന പരിപാടിയിൽ താഴെക്കോട് ഗ്രാമപഞ്ചായത്തിൽ നിന്നും 10 പേർപങ്കെടുത്തു. തുടർന്ന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരെയും 60ഓളം പേരെയും പങ്കെടുപ്പിച്ച്കൊണ്ട് 3—11—96ന് പഞ്ചായത്തിലെ രണ്ടാംഘട്ട പരിശീലന പരിപാടി നടത്തി. ഏററവും അവസാനമായി ശേഷിക്കുന്ന ദ്വിതീയ വിവരശേഖരണവും റിപ്പോർട്ട് തയ്യാറാക്കലുമായിരുന്നു. ഗ്രാമസഭകളിലെ വികസനപ്രശ്നങ്ങളും, ദ്വിതീയ വിതരണ ശേഖരണവും, പഠനപര്യടനത്തിലൂടെ ശേഖരിച്ച വിവരങ്ങളും 24—10—96ന് ക്രോഡീകരിക്കുകയുണ്ടായി. 10.11.96ന് പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരുടേയും, DRP മാരുടേയും, വാർഡ്കൺവീനർമാരുടേയും സംയുക്തയോഗത്തിൽ തയ്യാറാക്കുന്ന ഈ റിപ്പോർട്ടും താഴെക്കോട് പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് മാർഗ്ഗ രേഖയായിത്തീരട്ടെയെന്ന് പ്രത്യാശിച്ചുകൊണ്ട് ഇത് ഇവിടെ അവസാനിപ്പിക്കുന്നു.

# സാമൂഹിക-സാംസ്കാരിക ചരിത്രം

താഴേക്കോടിന്റെ ചരിത്രത്തിൽ ആമുഖം കുറിക്കുന്ന ഒരെത്തിനോട്ടം. അമ്മിക്കാടൻ മലകളും താഴ്വാരത്തിലുണ്ടായിരുന്ന കാടും നിറഞ്ഞ കോടയും "താഴെക്കോടോ" "താഴെക്കോടയോ" ആയതായിരിക്കാം. പഴംപുരാണങ്ങൾ പരതുമ്പോൾ കാണുന്ന ഭീമനാടും, അരക്കുപറമ്പും, കുന്തിപ്പുഴയും, ആലിപ്പറമ്പും, പെരുംതല്ല് നടന്ന പെരിന്തൽമണ്ണയും, വെട്ടത്ത് ഊരും, തച്ച നെട്ട് കരയും ഈ പഞ്ചായത്തിന്റെ സമീപപ്രദേശങ്ങളായത് ചിന്താമധുരമാണ്. അൻപത് വർഷങ്ങൾ പിന്നോട്ടു നോക്കുമ്പോൾ ..... ....ആദ്യത്തെതെല്ലാം പ്രധാനമാണ്. വള്ളുവനാടിന്റെ മണ്ണിന് നേരവകാശികളാണ് ഇവിടുത്തെ ജനവിഭാഗം. വിശ്വാസത്തിലും ആചാരാനുഷ്ഠാനങ്ങളിലും വൈവിദ്ധ്യം പുലർത്തുമ്പോൾതന്നെ ജനഹൃദയങ്ങളുടെ യോജിപ്പ് താഴെക്കോട് പഞ്ചായത്തിന്റെ തുടിതാളമാകുന്നു. പാണമ്പി മുതൽ കൊമ്പാക്കൽകുന്ന് വരെയും പൂവ്വത്താണി മുതൽ വെട്ടത്തൂർ വരെയും നാലതിരുകൾക്കുള്ളിൽ കിടക്കുന്ന താഴെക്കോട് പഞ്ചായത്തിന് 45.03 ച. കി. മി. വിസ്തീർണ്ണമുണ്ട്. മലപ്പുറം-പാലക്കാട് ജില്ലകളുടെ അതിർത്തിയിലാണ് ഈ പഞ്ചായത്ത്.

നാട്ടുഭാഷയിൽ 'ആളച്ചാർ' എന്നുപറയുന്ന ആദിവാസികൾ അമ്മിനിക്കാടൻ മലമടക്കുകളിൽ എന്നാണ് വന്നെത്തിയതെന്ന് കൃത്യമായി പറയാവതല്ല. ഈ പഞ്ചായത്തിൽ ജീവിക്കുന്ന ഇവർ പ്രത്യേക ഗോത്രവർഗ്ഗമാണ്. സ്വത്വം കാത്തുസൂക്ഷിച്ച് ഗ്രാമീണ ജനതയുമായി ഒത്തുചേർന്ന് അവർ കഴിയുന്നു. ആരോഗ്യ – വിദ്യാഭ്യാസ രംഗത്ത് പുലർത്തിയിരുന്ന അബദ്ധധാരണകളെ മാററിയെടുത്ത് ബാഹ്യലോകവുമായി ആദിവാസികളെ ബന്ധിപ്പിക്കുന്നതിന് സന്നദ്ധ സംഘടനകൾക്ക് കുറെയേറെ കഴിഞ്ഞിട്ടുണ്ട്.

താഴെക്കോട് പഞ്ചായത്തിലെ ദശകങ്ങൾ പഴക്കമുള്ള കുടുംബങ്ങളുടെ പട്ടിക പകർത്തുക അത്ര എളുപ്പമല്ലല്ലോ? എങ്കിലും ചില കുടുംബങ്ങൾ ഈ പഞ്ചായത്തിന്റെ ചാലക ശക്തികളാണ്. അതുകൊണ്ടുതന്നെ പരാമർശവിധേയവുമാണ്. തറയിട്ട പുലാക്കൽ, കിഴക്കേതലക്കൽ, വള്ളൂരാൻ, ആനിക്കാടൻ, ചോലമുഖത്ത്, കപ്പൂർ, നെല്ലായ, നാലകത്ത്, പൊന്നേത്ത്, പൊതിയിൽ തൊട്ടിപ്പറമ്പിൽ, പുത്തനങ്ങാടി കിഴക്കേതലക്കൽ കൊച്ചിയിൽ മണ്ണത്തലതങ്ങന്മാർ, ചെളപറമ്പിൽ കാരയിൽ, അറഞ്ഞിക്കൽ, നടകളത്തിൽ, പുലവർ (വി. പി. കൾ), ആലായന്മാർ, നാലിന്റെകത്ത് തുടങ്ങിയ തറവാടുകൾ നാടിന്റെ ഗതിവിഗതികൾ നിയന്ത്രിക്കുന്നവരാണ്. കണ്ണാത്തിയിൽ ഉരപ്പുരക്കാട്ടിൽ, പുന്നമണ്ണ, അറക്കൽ, ചൂരക്കാട്ടിൽ, മാഞ്ചിരി, പാണംപുഴി തുടങ്ങിയ നായർ തറവാടുകളും, കറുത്തേടത്ത്, പുലാക്കാട്ട്മന മൂത്തേടത്ത്മന, എന്നീ ഇല്ലങ്ങളും മഹാപന്തൽ വാരിയവും പഞ്ചായത്തിന്റെ വളർച്ചയിൽ വഹിച്ച പങ്ക് വിസ്മരിക്കാവതല്ല. തൊണ്ടിയിൽ കുടുംബം വളരെ പുരാതന കുടുംബമാണ്. വട്ടപ്പറമ്പിൽ, കാച്ചംതോണി ആശാരിമാർ, 'ദേശത്താശാരി' സ്ഥാനം വഹിക്കുന്നു.

സ്വന്തമായി മേൽവിലാസം ഇല്ലാത്ത അവർണ്ണ വിഭാഗങ്ങൾക്ക് ജന്മിമാരുടെ മേൽവിലാസം തന്നെയാണ്. ജനങ്ങളെ തീററിപ്പോററുന്ന കൈക്കരുത്തിന്റെ ഉടമകളായ ചെറുമക്കളിൽ ആദ്യം വന്നവർ അറക്കൽ നായന്മാരുടെ ആശ്രിതരായിരുന്നത്രേ. തുടിപ്പാട്ടിലൂടെ നാടുണർത്തിയ പാണനും, കൈവേലയുടെ കരവിരുത് കാണിക്കുന്ന പറയനും, കാരിരുമ്പിന്റെ മഹത്വം പാടുന്ന കരുവാനും, വെറും ജാതിപ്പേരുകളല്ല. പഞ്ചായത്തിന്റെ വളർച്ചയിൽ സംഭാവനകൾ അർപ്പിച്ചവരാണ് മലനാടിന്റെ ഭാഷയിൽ ചേട്ടന്മാർ-തിരുവിതാംകൂറിലെ കൃസ്ത്യാനികൾ-കുടിയേറിപാർത്തത് പഞ്ചായത്തിന്റെ വളർച്ചയിൽ തെല്ലൊന്നുമല്ല സഹായിച്ചിട്ടുള്ളത്.

തേക്കും, റബ്ബറും, കശുമാവും, തെങ്ങും, പാടത്ത് നെല്ലും, വാഴയും, കവുങ്ങിൻ തോപ്പുകളും പഞ്ചായത്തിലെ കൃഷിയുടെ വികാസത്തിന്റെ ചരിത്രമാണ്. 1930കളിൽ ആയി രായി എസ്റേററ് സ്ഥാപിക്കുന്നതിനായി തിരുവിതാംകൂറിൽ നിന്നെത്തിയ കൃസ്ത്യാനി കുടുംബം പഞ്ചായത്തിലെ കുടിയേററത്തിന് തുടക്കം കുറിച്ചു. മുസ്ലീംകളുടെ വ്യാപാരതന്ത്രവും, കൃസ്ത്യാ

നികളുടെ കാർഷിക തന്ത്രവും കൈകോർത്തപ്പോൾ കൃഷിയുടെ അടിസ്ഥാനം പഞ്ചായത്തിൽ ഉറക്കുകയായിരുന്നു.

താഴെക്കോട് പഞ്ചായത്തിന്റെ പലഭാഗങ്ങളിലും കാണുന്ന ഇരുമ്പടകൾ നൂറ്റാണ്ടുകൾക്കു മുമ്പ് നടന്ന ഇരുമ്പു ഖനനത്തിന്റെ ബാക്കി പത്രമാണ്. ഇതിനെക്കുറിച്ച് കൂടുതൽ അന്വേഷിക്കേണ്ടതല്ലേ?

ടിപ്പുവും, ടിപ്പുവിന്റെ സാമ്രാജ്യവും മൺമറഞ്ഞെങ്കിലും ടിപ്പുവിന്റെ പടയോട്ടങ്ങളുയർത്തിയ കോട്ടകളും, പാതകളും ഇന്നും നിത്യസ്മാരകമായി നിലകൊള്ളുന്നു. താഴെക്കോട് പഞ്ചായത്തിലുമുണ്ട് ടിപ്പുസുൽത്താൻ റോഡ്.

വഴികളെല്ലാം പുരോഗമിച്ചിട്ടില്ലെങ്കിലും കോഴിക്കോട്-പാലക്കാട് ബന്ധിപ്പിക്കുന്ന നൂറ്റാണ്ട് പഴക്കമുള്ള റോഡ് താഴെക്കോടിന്റെ വളർച്ചയുടെ പ്രധാന കണ്ണിയാണ്. സാമൂതിരി രാജാവിന്റെ വേളിഗൃഹമായ കൊല്ലങ്കോട് കൊട്ടാരത്തിലേക്കുള്ള യാത്രയും, ധർമ്മോത്തു പണിക്കന്മാരുടെ വസതിയിലുള്ള വിശ്രമവും, ധർമ്മോത്തു പണിക്കന്മാർക്ക് കാണിപ്പാട്ടമായി അമ്മിനിക്കാടൻ താഴ്‌വാരങ്ങൾ പതിച്ച് തിട്ടൂരം നൽകിയതും ഓർമ്മിക്കപ്പെടേണ്ടതുതന്നെ.

പിറന്ന മണ്ണിന്റെ മാനം കാക്കാൻ, വൈദേശികാധിപത്യം ഇല്ലായ്മ ചെയ്യാൻ, അലയടിച്ചുയരുന്ന ദേശീയ പ്രസ്ഥാനത്തിൽ മുന്നിൽ നിന്ന് തിളക്കം നേടിയവരാരുമില്ലെങ്കിലും പിന്നിലായ് പോകാതെ ഓർമ്മിക്കുന്ന ചില ചിത്രങ്ങളുണ്ട്. അവർണ്ണരെ മനുഷ്യരാക്കാൻ അധ്വാനിക്കുന്നവന് മണ്ണിന് അവകാശം കിട്ടാൻ ഇന്ത്യ സ്വതന്ത്രമാവാൻ നടന്ന പ്രക്ഷോഭങ്ങളിൽ താഴെക്കോട് അതിന്റേതായ സംഭാവന നൽകി. മലബാർ കലാപത്തിന്റെ ധീരനായ ഒരു രക്തസാക്ഷി—ചെളപറമ്പിൽ കുഞ്ഞിക്കമ്മ പരാമർശിക്കപ്പെടാതെ വയ്യ.

ബ്രിട്ടീഷ് സർക്കാരിന്റെ ഗൂർക്കാ റെജിമെന്റ് കരിങ്കല്ലത്താണിക്കു സമീപമുള്ള സ്വന്തം വീട്ടുവളപ്പിലെ പ്ലാവിൽ ബന്ധിച്ച് അദ്ദേഹത്തെ വെടിവെച്ചു കൊല്ലുകയാണുണ്ടായത്. ബ്രിട്ടീഷ് സർക്കാരിനെതിരെയുള്ള സ്വാതന്ത്ര്യസമര പ്രക്ഷോഭം അടിച്ചമർത്തുന്ന ഭരണാധികാരികളെ ചോദ്യം ചെയ്തുവെന്നതാണ് കുഞ്ഞിക്കമ്മ ചെയ്ത കുറ്റം.

ഈ പഞ്ചായത്തിൽ സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള പെൻഷൻ ലഭിക്കുന്നവരിൽ കളപ്പാട്ടിൽ കുഞ്ഞഹമ്മദ് ഹാജി, തായിട്ട പുലാക്കൽ ഇന്തീമക്കുട്ടി ഹജ്ജുമ്മ, കൂരി കദിയ W/o. ഹൈദ്രസ് എന്നിവർ ഉൾപ്പെടുന്നു.

തൊട്ടുകൂടാത്തവനും, തീണ്ടിക്കൂടാത്തവനും, കെട്ടില്ലാത്തവരും, തമ്മിലുണ്ണാത്തവരുമായ ജാതിക്കോമരങ്ങൾ അനുഷ്ഠിച്ച ഐത്തത്തെ ചോദ്യം ചെയ്തുകൊണ്ട് താണ ജാതിക്കാരന് ക്ഷേത്രപ്രവേശനം നൽകിയ ഐത്തോഛാടന-ക്ഷേത്രപ്രവേശന പ്രക്ഷോഭത്തിന് അരക്കുപറമ്പിലെ സവർണ്ണർ നേതൃത്വം കൊടുത്തത് താഴെക്കോടിന് അഭിമാനം തന്നെയാണ്.

താഴെക്കോട് പഞ്ചായത്തിലെ ജനങ്ങൾ ഭൂരിഭാഗവും പാട്ടകുടിയാന്മാരായിരുന്നു. അതിനാൽ തന്നെ കൃഷിഭൂമി കൃഷിക്കാരനു കിട്ടുന്നതിനുവേണ്ടി നടന്ന പോരാട്ടങ്ങളിൽ നിന്ന് വേറിട്ടു നിൽക്കുവാൻ അവർക്കു കഴിയുമായിരുന്നില്ല. ദേശാഭിമാനിക്ക് ഫണ്ടു പിരിക്കുന്നതിന് വേണ്ടി വലിയപറമ്പിൽ നടത്തപ്പെട്ട മേളയിൽ സ: ഇസ്ഹാഖ്, എ കെ. ജി, ഇ. പി. ഗോപാലൻ, കൊങ്ങശ്ശേരി എന്നിവരുടെ സാന്നിദ്ധ്യം ആയിരങ്ങളുടെ പങ്കാളിത്തം എല്ലാം ചേർത്ത് ഒരു ഉത്സവമായിരുന്നു. ഇതൊക്കെ ഓർക്കുന്നവരുടെ തലമുറ തന്നെ പൊയ്ക്കൊണ്ടിരിക്കുന്നു.

മിച്ചഭൂമി സമരത്തിലും താഴെക്കോട് പഞ്ചായത്തിൽ ശക്തമായ മുന്നേറ്റങ്ങളുണ്ടായിട്ടുണ്ട്. അമ്മിനിക്കാടൻ മലകളിൽ കുടിയാൻമാരായിരുന്നവർക്ക് ഭൂമി കൈവശം കിട്ടുന്നതിന് വേണ്ടി MLA ആയിരുന്ന KKS തങ്ങളുടെ നേതൃത്വത്തിൽ നടന്ന സമരം പ്രസ്താവ്യമാണ്.

നഷ്ടപ്രതാപം പേറുന്ന പുവ്വത്താണി വർഷങ്ങൾക്കുമുമ്പ് കച്ചവടകേന്ദ്രമായിരുന്നു. പെരിന്തൽമണ്ണക്കും മണ്ണാർക്കാടിനും ഇടയിൽ പുവ്വത്താണി ആഴ്ച ചന്തതിങ്കളാഴ്ച നടന്നിരുന്നു. ചുറ്റുവട്ടത്തിലുള്ള കരകളിൽ നിന്നും വരുന്ന ജനങ്ങൾക്ക് ഒരാഴ്ചത്തേക്കുള്ള സാധനങ്ങൾ – ഉപ്പുതൊട്ട് കർപ്പൂരം വരെ മൺചട്ടി മുതൽ മറക്കുട വരെ എല്ലാം പുവ്വത്താണി ചന്തയിൽ നിന്നും കിട്ടിയിരുന്നു. പുവ്വത്താണി റോഡിൽ മുട്ടറ്റം താഴ്ന്ന ചേറിൽ കാളവണ്ടികൾ ചരക്കുമായി നീങ്ങുന്ന കാഴ്ച ഇന്ന് എവിടെ കാണാം? കാലിച്ചന്തയിലെത്തിയിരുന്ന കന്നുകളും പെരുന്നാളറവിന് ശട്ടം

കെട്ടി കൊണ്ടുവരുന്ന 'മണിക്കുട്ടൻ'മാരും ഇന്നില്ല ല്ലോ. ലോറികണക്കിന് പച്ചമുളക് പുവ്വത്താണി ചന്തയിൽ നിന്ന് കയററിപ്പോയിരുന്നു എന്നത് അതിശയോക്തിയല്ല. പരമസത്യമാണ്.

പേരുകൊണ്ടുതന്നെ കരിങ്കല്ലത്താണി അറിയപ്പെടുന്നു. ചുമടെടുത്തു വലഞ്ഞവന് ചുമടിറക്കാൻ അത്താണിയായി നാട്ടിയിരുന്ന കരിങ്കല്ല് ഉടഞ്ഞെങ്കിലും ഇന്നും ഇവിടെ കാണാം. ഈ അത്താണി സ്ഥാപിച്ചത് കൊല്ലവർഷം 1055 മകരം22 പനമണ്ണ കയററ കിഴക്കേതിൽ പറങ്ങോടൻ നായർ അവർകളാണ്. 116 വർഷം കഴിഞ്ഞുപോയിരിക്കുന്നു. ഇത് സ്ഥാപിക്കുമ്പോൾ ഒരുസ്ഥലത്തിന് പേരുനൽകുകയാണ് എന്ന കാര്യം അദ്ദേഹം ഓർമ്മിച്ചിട്ടുണ്ടാകുമോ ആവോ. ദാഹിക്കുന്നവന് കുടിക്കാൻ കൊടുക്കുക നല്ല കാര്യമാണ്. നല്ലതേ ചെയ്യാവൂ എന്ന് നിർബന്ധമുള്ള പഴമക്കാർ മുക്കിന് മുക്കിന് തണ്ണീർപന്തൽ സ്ഥാപിച്ചു. സംഭാരം കലക്കി മതി വരുവോളം നൽകി ഉപ്പിലിട്ട ഒരു നെല്ലിക്കയും കൊടുത്തുവിടുമായിരുന്നു. വലഞ്ഞു വരുന്നവനെ ആശ്വസിപ്പിച്ചയക്കുന്ന, പ്രതിഫലം ആഗ്രഹിക്കാത്ത, മൺമറഞ്ഞുപോയ നല്ല മനസ്സുകളുടെ മാതൃക പിൻപററാൻ ഇന്നാരെങ്കിലും ഉണ്ടോ? ജനാബ് പൊന്നേത്ത് ഹസ്സൻ സാഹേബിന്റെ വീട്ടുമുററത്തുള്ള കിണർ കരിങ്കല്ലത്താണിയിലെ തണ്ണീർപന്തലിന് വെള്ളമെടുക്കാനുണ്ടാക്കിയതാണ് എന്ന് അറിഞ്ഞിരിക്കുകയെങ്കിലും വേണം.

കാലം മാറി ഭരണ സംവിധാനം മാറി. പഞ്ചായത്ത് വരുന്നതിനു മുമ്പ് അംശങ്ങളായിരുന്നു. താഴേക്കോട് അംശവും, അരക്കുപറമ്പ് അംശവും 'അംശം അധികാരി' അതൊരു പരമ്പരാഗത അവകാശമായിരുന്നു അധികാരിയുടെ മക്കൾ അധികാരിമാർ തന്നെ. കപ്പൂർ അധികാരിമാർ താഴേക്കോട് അംശത്തിലും കണ്ണാത്തിയിൽ അധികാരിമാർ അരക്കുപറമ്പ് അംശത്തിലും ഭരണം നടത്തിയിരുന്നു. ഉണ്ണീനാപ്പ അധികാരിയിൽ തുടങ്ങി ബാപ്പു അധികാരിയിൽ അവസാനിക്കുന്നു. താഴെക്കോട് അംശം അധികാരിമാരുടെ ചരിത്രം 1921 ലെ മലബാർ കലാപത്തെ അടിച്ചമർത്താൻ നിയോഗിക്കപ്പെട്ട ആമു സൂപ്രണ്ട് ഉണ്ണീനാപ്പ അധികാരിയുടെ ഭാര്യാ സഹോദരീ ഭർത്താവായിരുന്നു. ഈ ബന്ധമാണ് മലബാർ കലാപത്തോടനുബന്ധിച്ച് തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട കപ്പൂർ വലിയ കുഞ്ഞുണ്ണിയെ കൊലമരത്തിൽ നിന്ന് രക്ഷപ്പെടുത്തിയത് ഉണ്ണീനാപ്പ അധികാരിയുടെ മക്കൾ 2 പേരും കുഞ്ഞുണ്ണിമാരായിരുന്നു. വലുതും, ചെറുതും.

കണ്ണാത്തിയിൽ അധികാരികളിൽ പ്രമാണികളായിരുന്നു മാധവൻ നായരും, കുട്ടികൃഷ്ണ പിഷാരടി മേനോനും.

താഴെക്കോട്, അരക്കുപറമ്പ് വില്ലേജുകൾ ചേർന്നതാണ് താഴെക്കോട് പഞ്ചായത്ത് അധികാരിയും മേനോനും കോൽക്കാരനും ഇന്ന് വില്ലേജാഫീസറും, വില്ലേജസിസ്ററൻറും, വില്ലേജുമാനും ആയി മാറിയിരിക്കുന്നു.

അറിയപ്പെടുന്ന ആദ്യകാരെ പരിചയപ്പെടുത്തുകയാണ്. ആദ്യമായി ബിരുദം നേടിയ രണ്ടു വ്യക്തികൾ പൊന്നേത്ത് മുഹമ്മദും (ഇപ്പുകാക്ക) ചോലമുഖത്ത് കോയയുമാണ്. സി. കോയ ആദ്യത്തെ അധ്യ: എന്ന നിലയിൽ ഇന്നും പെരിന്തൽമണ്ണയിൽ പ്രവർത്തിക്കുന്നു. എഞ്ചിനീയറിംഗ് ബിരുദത്തിൽ ആദ്യക്കാരനായ K M T മുഹമ്മദലി P W D യിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കുന്നു. ആദ്യത്തെ ഡോക്ടർ എന്ന സ്ഥാനം അവകാശപ്പെടാവുന്നത് കളപ്പുരക്കൽ ചെറിയാൻ ചേട്ടന്റെ മകളായ ലിസി സിറിയക്കിനാണ്. ആദ്യത്തെ ഗസററഡ് ഓഫീസർ എന്ന സ്ഥാനം അർഹിക്കുന്നത് പോളിടെക്നിക്കിൽ നിന്ന് റിട്ടയർ ചെയ്ത വി. പി. കുഞ്ഞാലി അവർകളാണ്. ആദ്യമായി വാഹനം ഓടിച്ച വ്യക്തി എന്ന നിലയിൽ കാടൻതൊടി ഡ്രൈവർ മൊയ്തു സാഹേബ് സ്മരിക്കപ്പെടും. മാഞ്ചീരി രാമൻ നായർ, മാഞ്ചീരി നാരായണൻ നായർ എന്നിവർ ആദ്യകാല അദ്ധ്യാപകരാണ്.

ഈ പഞ്ചായത്തിലുള്ള വളരെ പഴക്കമേറിയ ചില വീടുകൾ ഇരട്ടഭിത്തി കെട്ടി ഇടയിൽ മണൽ നിറച്ചവയാണ്. ബാങ്ക് ലോക്കറുകൾ ലഭ്യമല്ലാതിരുന്ന കാലത്ത് കള്ളനിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗ്ഗം ഈ നിർമ്മിതിയിൽ കാണാം.

ആദ്യത്തെ പള്ളി വട്ടപ്പറമ്പ് ജുമാമസ്ജിദ് ആണ്. 950 വർഷം പഴക്കമുള്ള രേഖപ്പെടുത്തപ്പെട്ട ചെമ്പു തകിടുകൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇതിൽ നിന്നും താഴെക്കോട് പഞ്ചായത്തിൽ ജനവാസം ആരംഭിച്ചിട്ട് ആയിരത്തിലേറെ വർഷം ആയിട്ടുണ്ടാകാമെന്ന് അനുമാനിക്കാം. ഏററവും പഴക്കമുള്ള ഹൈന്ദവ ആരാധനാലയം അരക്കുപറമ്പിലെ 'ശ്രീ തിരുനാരായണപുരം ശിവക്ഷേത്രം' ആണെന്ന് കരുതപ്പെടുന്നു.

വിദ്യയുടെ ആദ്യ കൈത്തിരി ഒളപ്പമണ്ണ തമ്പുരാൻ പുന്നമണ്ണകുന്നത്ത് സ്ഥാപിച്ച സ്ക്കൂളാണ് താലൂക്ക് ബോഡ് നിലവിൽ വന്നപ്പോൾ നായാട്ടുതൊടി എൽ. പി. സ്ക്കൂളായി ഈ വിദ്യാലയം പരിവർത്തനം ചെയ്യപ്പെട്ടു.

ഇന്നത്തെ തലമുറ കണ്ടിട്ടില്ലെങ്കിലും പഴയ കാലത്ത് കോഴിക്കോട്-പാലക്കാട് റോഡിലൂടെ ഓടിയിരുന്ന കരിവണ്ടിയെക്കുറിച്ച് അറിയുന്നത് കൗതുകകരമായിരിക്കും. വെള്ളടാങ്ക്, കരി ഉപയോഗിച്ച് ചൂടാക്കി എഞ്ചിൻ പ്രവർത്തിപ്പിക്കുക വഴി വാഹനം പ്രവർത്തിപ്പിക്കുന്നതിന് ലിവർ ഉപയോഗിച്ച് തിരിക്കുകയും ചെയ്യുന്ന വിദ്യ കാണേണ്ടതുതന്നെ. പെരിന്തൽമണ്ണയിൽ നിന്ന് കരിങ്കല്ലത്താണിയിലെത്താൻ ഈ സ്ട്രീം വണ്ടിക്ക് 1½ മണിക്കൂറെങ്കിലും എടുത്തിരുന്നെന്നാണ് പഴമക്കാർ പറയുന്നത്.

1982ൽ ജനങ്ങളുടെ കൂട്ടായ്മയുടെഫലമായി ഒന്നേകാൽ ലക്ഷം രൂപ സമാഹരിച്ച് ഡിബഞ്ചർ പദ്ധതിയിൽ പണമടച്ചിട്ടാണ് താഴെക്കോട് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി ലഭിക്കുന്നത്. കരിങ്കല്ലത്താണി, പുവ്വത്താണി മേഖലകളെ സംയോജിപ്പിക്കുന്ന വിതരണ ശൃംഖലയാണ് പഞ്ചായത്തിൽ ആദ്യത്തേത്.

താഴെക്കോട് പഞ്ചായത്തിലെ ആദ്യത്തെ പോസ്റ്റ് ഓഫീസ് കരിങ്കല്ലത്താണിയിൽ പ്രവർത്തിക്കുന്ന താഴെക്കോട് പി ഒ. ആണ്. 70 കൊല്ലത്തെ പ്രവർത്തനത്തിനുശേഷവും ഇത് സബ് പോസ്റ്റ് ഓഫീസായി ഉയർത്തപ്പെട്ടിട്ടില്ല എന്നത് ചൂണ്ടിക്കാണിക്കേണ്ടതു തന്നെ.

1962 ൽ നിലവിൽ വന്ന താഴെക്കോട് പഞ്ചായത്തിന്റെ വളർച്ചയിൽ ഓർമ്മിക്കപ്പെടേണ്ട ചില വർഷങ്ങളും പ്രത്യേകതകളും ഉണ്ട്. മൂന്നാം ഗ്രേഡ് ആയിരുന്ന പഞ്ചായത്ത് 1983 ൽ ഒന്നാം ഗ്രേഡിലേക്കുയർന്നു. 80–81, 81–82 വർഷങ്ങളിൽ ജില്ലയിലെ ഏററവും നല്ല പഞ്ചായത്തിനുള്ള ട്രോഫി ലഭിച്ചു. 83–84 വർഷത്തിൽ ഗ്രാമോത്സവ പഞ്ചായത്തായി തെരഞ്ഞെടുക്കപ്പെട്ടു. ഇപ്പോൾ ഈ പഞ്ചായത്ത് ജില്ലയിലെ സ്വാശ്രയ പഞ്ചായത്തുകളിൽ ഒന്നാണ്.

അക്ഷരത്തിന്റെ വെളിച്ചം ലഭിക്കാതിരുന്ന ആയിരങ്ങൾക്ക് അക്ഷര വെളിച്ചം നൽകിയ സാക്ഷരതാപ്രവർത്തനം കേരളത്തിന്റെ യശസ്സ് ഉയർത്തി. താഴെക്കോട് പഞ്ചായത്തിന് സാക്ഷരതാ പ്രവർത്തനത്തിൽ മുന്നിട്ടു നിന്ന് ഏററവും നല്ല പഞ്ചായത്തിനുള്ള ഒന്നാം സമ്മാനം ഒന്നും രണ്ടും ഘട്ടങ്ങളിൽ ലഭിച്ചിട്ടുണ്ട്. മരുതല–ഒടമല, 'അക്ഷര റോഡ്'' നിർമ്മിച്ചുകൊണ്ട് സാക്ഷരതാപ്രവർത്തകർ കേരളത്തിന് മാതൃക കാട്ടി സമ്മാനമായി സംസ്ഥാന സാക്ഷരതാ സമിതിയിൽ നിന്ന് ഈ റോഡ് വിപുലീകരിക്കുന്നതിന് 2 ലക്ഷം രൂപ ലഭിക്കുകയുണ്ടായി.

ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാനപ്പെട്ട ഒരു റോഡായ തൂത–വെട്ടത്തൂർ റോഡ് R M പാലാട്ടിന്റെ കാലത്ത് രൂപം കൊടുത്തതാണ്. 'അതിർത്തിഗാന്ധി' എന്നറിയപ്പെടുന്ന ഖാൻ അബ്ദുൾ ഗാഫർ ഖാൻ ഈ പഞ്ചായത്തിൽ വന്നിട്ടുണ്ട്. ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി ഈ പഞ്ചായത്തിലൂടെ കടന്നുപോയിട്ടുണ്ട്. ദേശീയ നേതാക്കളായ ഖ ഇ ദേ മില്ലത്ത് ഇസ്മായിൽ സാഹേബ് ഈ പഞ്ചായത്തിൽ വന്നിട്ടുള്ള മറെറാരു ദേശീയ നേതാവാണ്.

ചില വ്യക്തികളെക്കുറിച്ചും പരാമർശിക്കാതെ വയ്യ മർഹൂം: പി. ടി. സെയ്ത് സാഹെബ് അവിഭക്ത പാലക്കാട് ഡിസ്ട്രിക്റ്റ് ബോർഡ് മെമ്പറും ആദ്യത്തെ പഞ്ചായത്ത് പ്രസിഡൻറുമായിരുന്നു. എൻ. സൂപ്പി. പെരിന്തൽമണ്ണ നിയോജക മണ്ഡലം എം. എൽ. എ. ഈ പഞ്ചായത്തിന്റെ പ്രസിഡണ്ടായി രണ്ടു പ്രാവശ്യം പ്രവർത്തിച്ചിട്ടുണ്ട്.

ഒരുപ്പുകൊണ്ട് ഒരു കൊല്ലം കഴിഞ്ഞിരുന്നവരും ഒരു നേരത്തെ ആഹാരംകൊണ്ട് ജീവിച്ചിരുന്നവരും പഠനം 4–ാം ക്ലാസിൽ ഒതുക്കിയിരുന്നവരുമായ ഒരു ജനതക്ക് വാർപ്പുകെട്ടിടങ്ങളും, ടി. വി. ശൃംഖലകളും. ബിരുദാനന്തര ബിരുദങ്ങളുമെല്ലാം ഉണ്ടായത് പുരോഗതി തന്നെ. ഗൾഫു രാജ്യങ്ങളിലെ ജോലി സാധ്യതകൾ താഴെക്കോട് പഞ്ചായത്തിലെ വളരെയേറെ ആളുകളെ അവിടെ എത്തിച്ചു.

മരുഭൂമികൾ മലർവാടികളാക്കാൻ വിയർപ്പൊഴുക്കി നേടിയ പണം സ്വന്തം നാട്ടിലെത്തിച്ച് നാടിന്റെ വികസനത്തിനും, അവനവന്റെ ഭാവിക്കും ഗുണപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിന് സാധിച്ചിട്ടുണ്ടോ എന്ന് ചിന്തിക്കണം ആ വഴിക്കുള്ള ചർച്ചകൾ. വിഭവങ്ങൾ കണ്ടെത്തൽ, പദ്ധതികളാലോചിക്കൽ, തീരുമാനങ്ങളെടുക്കൽ എടുത്ത തീരുമാനം നടപ്പാക്കൽ ഇതെല്ലാം വിഭാഗീയതകൾക്കതീതമായി നാട്ടിലുണ്ടാവണം.

# ഭൂപ്രകൃതിയും വിഭവങ്ങളും

മലപ്പുറം ജില്ലയുടെ കിഴക്കേ അതിർത്തിയിൽ അമ്മിനിക്കാടൻ മലനിരയുടെ മടിത്തട്ടിൽ കിടക്കുന്ന ഭൂപ്രദേശമാണ് താഴെക്കോട് ഗ്രാമപഞ്ചായത്ത് പഞ്ചായത്തിന്റെ വടക്ക് ഉയരം കൂടിയ അമ്മിനിക്കാടൻ മലനിരകളും തെക്ക് ഉയർന്ന കുന്നുകളുമാണ്. ഇവക്കിടയിൽ അനേകം ചെറുകുന്നുകളുമുണ്ട് ഇവക്കിടയിലായി ചെറു വിസ്തൃതിയിലുള്ള താഴ്വരകൾ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾ പടിഞ്ഞാറിനെ അപേക്ഷിച്ച ഉയർന്നതാണ്. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ ആറ് മേഖലകളായി തിരിക്കാം.

1) കുന്നിൻമണ്ട 2) കുത്തനെയുള്ള ചരിവ്
3) ഉയർന്ന സമതലം 4) ചെറിയ ചെരിവ്
5) സമതലം 6) താഴ്വര

ഭൂപ്രകൃതി അനുസരിച്ച് നോക്കിയാൽ ഏററവും ഉയരം കൂടിയ പ്രദേശം സമുദ്രനിരപ്പിൽ നിന്നും രണ്ടായിരം അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന കൊടികുത്തി മലയാണ്. മററു ചില കുന്നുകൾ പുലാപ്പകുന്നും തെക്കൻമലയുമാണ്. കിഴക്ക് തച്ചനാട്ടുകര, കോട്ടോപ്പാടം പഞ്ചായത്തുകളും പടിഞ്ഞാറ് പെരിന്തൽമണ്ണ മുൻസിപ്പാലിററിയും തെക്ക് ആലിപ്പറമ്പ് പഞ്ചായത്തും വടക്ക് വെട്ടത്തൂർ പഞ്ചായത്തും സ്ഥിതി ചെയ്യുന്നു.

## മനുഷ്യവിഭവം

പഞ്ചായത്തിലെ ജനസംഖ്യ 35,035 ആണ്. ഇതിൽ 17,200 പേർ പുരുഷൻമാരും 17 835 പേർ സ്ത്രീകളുമാണ്. പുരുഷൻമാരെക്കാൾ 635 സ്ത്രീകൾ കൂടുതലാണ്. ആകെയുള്ള വീടുകൾ 6,885 ആണ്. ശരാശരി വീടൊന്നിന് 5.08 പേർ എന്ന അനുപാതത്തിലാണ്. ജനസാന്ദ്രത ച. കിമീററിന് 778 ആകുന്നു. അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 3930 ആകുന്നു. ഇവരിൽ 1892 ആൺകുട്ടികളും 2038 പെൺകുട്ടികളുമാണ് പട്ടികജാതിക്കാർ 5470ഉം പട്ടികവർഗ്ഗക്കാർ 162ഉം ആകുന്നു. പഞ്ചായത്തിൽ നിരക്ഷരർ കുറവാണ്. പഞ്ചായത്തിലെ ജനനനിരക്ക് 19.29 ആണ്.

| വർഷം | ജനസംഖ്യ | പുരുഷൻ | സ്ത്രീ | പട്ടികജാതി | പട്ടിക വർഗ്ഗം | വീടുകൾ |
|---|---|---|---|---|---|---|
| 1991 | 30666 | 14939 | 15727 | 4020 | 28 | 4632 |
| 1996 | 35035 | 17200 | 17835 | 5470 | 162 | 6912 |

(അവലംബം: 1991 സെൻസസ്, ദ്വിതീയ വിവര ശേഖരണം)

ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. മരണനിരക്ക് 1000ത്തിന് 3.6ഉം ശിശുമരണനിരക്ക് 1000ത്തിന് 0.17 ഉം ജനനമരണനിരക്കിൽ വലിയ അന്തരം കാണാം. ഇതിനു കാരണം നല്ല ആരോഗ്യപ്രവർത്തനങ്ങളും, ഉയർന്ന സാമൂഹ്യബോധവുമാണ്. താഴെക്കോട് ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരത നേടിക്കഴിഞ്ഞു 1991 ലെ സെൻസസ് പ്രകാരം 30,666 പേരിൽ 7437 പേർ തൊഴിലെടുക്കുന്നവരാണ്. കർഷകതൊഴിലാളികൾ 4230ഉം കൃഷിക്കാർ 3376 പേരുമാണ്. പഞ്ചായത്തിലെ മുഖ്യതൊഴിൽ കൃഷിയാണ്. പഞ്ചായത്തിലെ യുവാക്കളിൽ ഭൂരിഭാഗവും ഗൾഫ് മേഖലയിൽ തൊഴിൽ തേടി പോവുന്നവരാണ്. ഇവരിൽ അഭ്യസ്ത വിദ്യരും കേവല വിദ്യാഭ്യാസം നേടിയവരുമുണ്ട്. ഇതുകൊണ്ടു തന്നെ തൊഴിലില്ലായ്മ രൂക്ഷമാണെന്ന് പറയുക വയ്യ. എന്നാൽ സമീപഭാവിയിൽ ഗുരുതരമായ തൊഴിലില്ലായ്മ നേരിടേണ്ടി വരും.

## ഭൂവിനിയോഗം

പഞ്ചായത്തിൻെറ ഭൂവിസ്തൃതി ആകെ 11123.76 ഏക്കറാണ്. ഇതിൽ 36 ശതമാനം മലഞ്ചരിവുകളാണ്. ഇതിൽ ഏറിയ പങ്കും നാണ്യവിളകൾ കൃഷി ചെയ്തിരിക്കുന്നു. ബാക്കി തരിശായി കിടക്കുന്നു. കൃഷിഭൂമി 1863 ഹെക്ടർ കൃഷിയോഗ്യ തരിശ് 20 ഹെക്ടർ, തരിശ് 130 ഹെക്ടറുമാണ്. നിക്ഷിപ്ത വനഭൂമി നൂറ് ഹെക്ടറോളമുണ്ട്. കാർഷികേതര ഭൂമിയില്ല പഞ്ചായത്തിലെ രണ്ട് വില്ലേജുകളിൽ ഏററവും കൂടുതൽ ഭൂവിസ്തൃതിയുള്ളത് അരക്കുപറമ്പ് വില്ലേജിനാണ്. ഇവിടെയുള്ള 5935.98 ഏക്കറിൽ നാണ്യവിളകളാണ് കൂടുതൽ. ഇവക്ക് ശാസ്ത്രീയരീതി അവലംബിക്കാത്തതു മൂലം ഉല്പാദനം കുറവാണ്. മൊത്തം വിസ്തീർണ്ണത്തിൻെറ 16ശതമാനം വയലുകളാണ്. ഇന്നുള്ള ഭൂവിനിയോഗം ശാസ്ത്രീയമല്ല.

## മണ്ണ്

പഞ്ചായത്തിലെ മൺതരങ്ങൾ കറുത്ത പശിമരാശിമണ്ണ്, ചെമ്മണ്ണ് ചെളിമണ്ണ്, പാറകൾ എന്നിങ്ങനെയാണ്. ഈ പ്രദേശത്തെ മണ്ണിൽ പാകത്തിന് നൈട്രജൻ അടങ്ങിയിരിക്കുന്നെങ്കിലും പൊട്ടാഷ് കുറവാണ്. മണ്ണിൻെറ PH മൂല്യം 5 മുതൽ 7 വരെയാണ് താഴെക്കോട് വില്ലേജിനെ അപേക്ഷിച്ച് മണ്ണിൻെറ ഫലപുഷ്ടി അരക്കുപറമ്പ് വില്ലേജിൽ കുറവാണ്. മാത്രമല്ല ചെരിഞ്ഞ പ്രദേശങ്ങളാണ് കൂടുതലും.

## ജലവിഭവം

പഞ്ചായത്തിലെ വാർഷിക വർഷപാതം 229 സെമീ ആണ്. ജൂൺ, ജൂലായ്, ആഗസ്ററ് മാസത്തിലാണ് ഏററവും കൂടുതൽ മഴ ലഭിക്കുന്നത്, പഞ്ചായത്തിലെ ജലസമ്പത്ത് കുളങ്ങൾ തോടുകൾ, ചോലകൾ എന്നിവയാണ്. പ്രധാന തോടുകൾ പടുവത്തോട് പാറക്കത്തോട്, പാത്തിക്കൽ തോട്, ബീടാത്തിതോട്, ഉള്ളത്തോണി,പാലിക്കുന്ന്, മേഞ്ഞിലംതോട്,കാട്ടിക്കുഴി എന്നിവയാണ്, പഞ്ചായത്തിലെ നീരൊഴുക്ക്പടിഞ്ഞാറ് ഭാഗത്തേക്കാണ്. വെള്ളക്കെട്ടു പ്രദേശങ്ങൾ പഞ്ചായത്തിലില്ല. ചോലകൾ, തോടുകൾ എന്നിവയൊന്നും പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്നില്ല. ജലവിഭവങ്ങൾ ധാരാളമുണ്ടെങ്കിലും വരൾച്ചാ പ്രദേശമാണ് പഞ്ചായത്ത്. നദികളില്ല.

## കാലാവസ്ഥ

പഞ്ചായത്തിലെ ഏററവും ഉയർന്ന താപനില 24. 5 ഡിഗ്രി സെൻറിഗ്രേഡും, താഴ്ന്നനില 21. 9 ഡിഗ്രി സെൻറിഗ്രേഡുമാണ്.

ധാരാളം കാററ് ലഭിക്കുന്ന പ്രദേശമാണിത്. ഉയർന്ന പ്രദേശങ്ങളായ കൊടികുത്തിമല, കമ്പിമല, പുലാപററക്കുന്ന് എന്നിവിടങ്ങളിൽ സദാ ശക്തിയുള്ള കാററ് വീശുന്ന പ്രദേശങ്ങളാണ്. കാററ് കൃഷിനാശം വരുത്തുന്നുണ്ട്. കൂടുതൽ മഴ ലഭിക്കുന്നത് ഇടവപ്പാതിയിലാണ്. നാലു വർഷമായി അല്പാല്പം ഇടമഴ ലഭിക്കുന്നുണ്ട്.

# സാമൂഹിക സാമ്പത്തിക മേഖലകൾ

## പഞ്ചായത്ത്: 2

## പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | താഴെക്കോട് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | താഴെക്കോട്, അരക്കുപറമ്പ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | 1 വെട്ടത്തൂർ, 2 താഴെക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | : | പെരിന്തൽമണ്ണ |
| താലൂക്ക് | : | പെരിന്തൽമണ്ണ |
| ജില്ല | : | മലപ്പുറം |
| അസംബ്ലി മണ്ഡലം | : | പെരിന്തൽമണ്ണ |
| വിസ്തീർണ്ണം | : | 45.03 ച. കി. മീ. |
| ജനസംഖ്യ | : | 35,035 |
| പുരുഷൻ | : | 17,200 |
| സ്ത്രീ | : | 17,835 |
| വാർഡുകളുടെ എണ്ണം | : | 12 |
| പ്രസിഡന്റിന്റെ പേര് | : | നടകളത്തിൽ ചക്കി ഈശ്വരൻ |
| വൈസ് പ്രസിഡന്റിന്റെ പേര് | : | ചേരിക്കല്ലൻ ഹംസ |
| സ്റ്റാൻറിങ് കമ്മററി ചെയർമാൻ | : | വള്ളൂരാൻ ഹനീഫ |

# .... സാംസ്കാരിക രംഗം ....

ഉത്കൃഷ്ടമായ പാരമ്പര്യം ഉള്ള ഒരു ജനത താമസിക്കുന്ന പ്രദേശമാണ് താഴെക്കോട് ഗ്രാമ പഞ്ചായത്ത്. ഒരു ജനതയുടെ സാംസ്കാരിക നിലവാരവും വളർച്ചയും പഴയകാല ചരിത്രവുമായി ബന്ധപ്പെട്ടതാണ്, ഇരുപതാം നൂററാണ്ടിന്റെ ആരംഭത്തിൽ സ്വാതന്ത്ര്യ സമരം ജനകീയ മുന്നേററമായി മാറിയപ്പോൾ ബ്രിട്ടീഷ് വിരുദ്ധ സമരത്തിൽ താഴെക്കോട് പ്രദേശവും ഒപ്പംനിന്നു, ഈ പഞ്ചായത്തിന്റെ സാംസ്കാരികോന്നമനത്തിനുവേണ്ടി പ്രവർത്തിച്ചവർ ഒട്ടേറെയുണ്ട്. ഇവിടെ എല്ലാവരും സൗഹാർദ്ധത്തോടെ ജീവിക്കുന്നു. പതിനേഴ് മുസ്ലിംപള്ളികളും ആറ് ക്ഷേത്രങ്ങളും രണ്ട് ക്രിസ്ത്യൻപള്ളികളും 25 മദ്രസ്സകളും ഈ പഞ്ചായത്തിലുണ്ട്. ഏററവുംപഴക്കമുള്ള മഹല്ല് വട്ടപ്പറമ്പ് ആണ്. ഇവിടെ നിന്നും ഏകദേശം 950വർഷംമുമ്പ് രേഖപ്പെടുത്തപെട്ട ഒരു ചെമ്പുതകിട് കണ്ടുകിട്ടിയിട്ടുണ്ട്. താഴെക്കോട് പഞ്ചായത്തിലെ ജനാധിനിവേശത്തിന് സഹസ്രാബ്ദം പഴക്കമുണ്ടെന്നതിന് തെളിവാണിത്. നേർച്ചയും, താലപ്പൊലിയും, പെരുന്നാളും, ഓണവും, വായനശാലാ വാർഷികങ്ങളുമെല്ലാം പഞ്ചായത്തിൽ സുപരിചിതങ്ങളാണ്. ഇവയിൽ എടുത്തു പറയാവുന്ന ആഘോഷങ്ങൾ കമ്മുസ്സൂഫി (ന:മ) അവർകളുടെ ജാറത്തിലുള്ള ആണ്ടു നേർച്ചയും. മാട്ടറക്കൽ ശ്രീ സുബ്രഹ്മണ്യ സ്വാമീ ക്ഷേത്രത്തിൽ നടക്കുന്ന താലപ്പൊലി മഹോത്സവവും വെള്ളപ്പാറ ക്രിസ്ത്യൻ പള്ളിയുടെ തിരുന്നാളുമാണ്. കമ്മുസ്സൂഫിയുടെ തെയ്യോട്ടുചിറയിലുള്ള ജാറം നാല്നൂററാണ്ട് പഴക്കമുണ്ടെന്ന് കരുതപെടുന്നു. കമ്മുസ്സൂഫി സത്യത്തിന് വളരെ വില കല്പിച്ചിരുന്ന ആളായിരുന്നു. നൂററാണ്ട് പഴക്കമുള്ള ഖബർസ്ഥാനങ്ങൾ വിശ്വസിക്കുന്നവർക്ക് സാന്ത്വനമേകി ഇന്നും നിലനിൽക്കുന്നു. ശ്രീ പുത്തൂർക്ഷേത്രം, വളാകുർശ്ശി അമ്പലം, ഉപ്പുകാവ് ക്ഷേത്രം, വളപുരം ശിവക്ഷേത്രം, കരിങ്കാളികാവ്, തിരുനാരായണപുരം, മാട്ടറക്കൽ സുബ്രഹ്മണ്യക്ഷേത്രം എന്നീ ആരാധനാലയങ്ങൾ താഴെക്കോട് പഞ്ചായത്തിലാണ്. ശൈവാരാധനയുടെ അനുഷ്ടാനങ്ങൾകൊണ്ട് നടക്കുന്നവർ കുടുംബ പരദേവതകളെ പ്രതിഷ്ഠിച്ചിട്ടുള്ള മണ്ഡപപുരകൾ പല വീടുകളിലുമുണ്ട്. പറമ്പുകളിൽ ഒററപ്പെട്ടു പ്രതിഷ്ഠിക്കുന്ന സങ്കൽപ്പങ്ങൾ വേറെയും. ഭൂതവും തിറയും, മുടിയാട്ടം, കോൽക്കളി, ചവിട്ടുകളി, അയ്യപ്പൻവിളക്ക്, കാക്കരശ്ശിനാടകം, തുടങ്ങിയ പഴയ കലാരൂപങ്ങൾ ഇന്നും അവതരിപ്പിക്കപ്പെട്ടു വരുന്നു. മാപ്പിളപ്പാട്ടിന്റെ തനിമയിൽ അവതരിപ്പിക്കപ്പെടുന്ന കഥാപ്രസംഗങ്ങൾ വിരളമല്ല. വ്യത്യസ്തങ്ങളായ മതവിഭാഗങ്ങളുടെ അഭിരുചിക്കൊത്ത കലാരൂപങ്ങൾ അവതരിപ്പിക്കപ്പെടുന്നത് പരസ്പരം അറിയുവാനും, അടുക്കുവാനും ഇട നൽകുന്നു.

കേരളത്തിലെ പ്രധാന രാഷ്ട്രീയ പാർട്ടികളെല്ലാം പഞ്ചായത്തിൽ സജീവമാണ്. അതിന്റെ ഭാഗമായി യുവാക്കൾ, തൊഴിലാളികൾ,കർഷകർ, സ്ത്രികൾ ഇത്യാദികളുടെ സംഘടനകളുംപ്രവർത്തിക്കുന്നു. കാൽ നൂററാണ്ടു മുമ്പ് കൃഷിയെ മാത്രം ആശ്രയിച്ചിരുന്ന ജനവിഭാഗങ്ങൾക്ക് ഇന്ന് ഗൾഫ് മേഖല ആശ്രയമായി മാറിയിട്ടുണ്ട് സാമ്പത്തിക രംഗത്ത് ഗൾഫ് പണത്തിന്റെ സ്വാധീനം വിദ്യാഭ്യാസ - ആരോഗ്യരംഗങ്ങളിൽ ഒരു പരിവർത്തനം ഉണ്ടാക്കി. സ്വഭാവികമായും സാംസ്കാരിക രംഗത്തേക്കും ഇത് പ്രതിഫലിച്ചിട്ടുണ്ട്. മതരംഗത്ത് സജീവമായി പ്രവർത്തിക്കുന്ന സംഘടനകൾ വയനാശീലം വളർത്തുന്നതിന് ജനങ്ങളെ സഹായിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 12 വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി പുസ്തകങ്ങൾ വാങ്ങി വായിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്ന വ്യക്തികൾ സാംസ്കാരികരംഗത്തെ സ്വാധീനിക്കുന്നു. ഒരു വർഷം പത്രങ്ങൾക്ക് ഗ്രാൻറായി ആറായിരത്തോളം രൂപ പഞ്ചായത്തിൽ നിന്നും ചിലവഴിക്കുന്നുണ്ട്. യുവജനവായനശാല പാണമ്പി, നെല്ലിപറമ്പ്, പള്ളിപ്പടി വായനശാല, അരക്കുപറമ്പ് യുവജന വായനശാല, അമ്മിനിക്കാട് രാജീവ് ഗാന്ധി സ്മാരകവായനശാല, അമ്മിനിക്കാട് യുവജനവായനശാല, താഴെക്കോട് സി. ച്ച്. മെമ്മോറിയൽ വായനശാല, പൂവ്വത്താണി പൊതുജനവായനശാല താഴെക്കോട് സ്ററാലിയൻസ്വായനശാല.

ഇസ്ലാമിക്റീഡിംഗ്സെൻററ്, കരിങ്കല്ലത്താണി, ഇസ്ലാമിക് കൾച്ചറൽ സെൻറർ പുവ്വത്താണി എന്നിവ ജനങ്ങളുടെ സാംസ്കാരിക വളർച്ചയുടെ നിദർശനങ്ങളാണ്. കൂടാതെ താഴെക്കോട് ക്രൂസ്ത്യൻ പള്ളിയോടനുബന്ധിച്ച് കാത്തലിക് യൂത്ത്മൂവ്മെൻറിൻെറ നേതൃത്വത്തിൽ നല്ല നിലയിൽ ഒരു വായനശാല പ്രവർത്തിച്ചുവരുന്നുണ്ട്.

പത്രമാസികകൾ വ്യാപകമായി വായിക്കപ്പെടുവാൻ തുടങ്ങിയിട്ടുണ്ട്. അഞ്ഞൂറ് പത്രത്തിനടുത്ത് ഇവിടെ വിതരണം ചെയ്യപ്പെടുന്നു. ആശയ ഗ്രഹണത്തിനും ആശയ പ്രകടനത്തിനും ലഭിക്കുന്ന അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് സംഘടനകൾ സംഘടിതശ്രമം നടത്തുന്നത് പത്രപ്രചാരണത്തെ സഹായിക്കുന്നു. സാമ്പത്തികനില ഉയർന്നപ്പോൾ പത്രം വീട്ടിലെഅവശ്യവസ്തുവാണെന്ന ബോധം പരക്കെ ഉണ്ടായിട്ടുണ്ട്. അറബിയിലും, ഉറുദുവിലും അവഗാമ്യമുള്ള ആളുകൾ പ്രസ്തുത ഭാഷാപത്രങ്ങൾ വരുത്തുന്നു എന്നുള്ളത് ശ്രദ്ധേയമാണ്. എഴുതാനറിയില്ലെങ്കിലും ഹിന്ദി, ഉറുദു അറബിക്, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ സംസാരിക്കുന്ന ധാരാളം ആളുകൾ ഈ പഞ്ചായത്തിലുണ്ട്. പട്ടാളസേവനവും, വിദേശജോലിയും, ജനങ്ങളിൽ സാംസ്കാരിക സമന്വയം ഉണ്ടാക്കിയെന്നുള്ളത് നിസ്സാരമായി കണ്ടുകൂടാ.

പുതിയ പുസ്തകങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും വിലയിലുണ്ടായിട്ടുള്ള വർദ്ധന വായിച്ചു വളരുവാനാഗ്രഹിക്കുന്നവർക്ക് തിരിച്ചടിയാണ്.

പഞ്ചായത്തിൽ ഗ്രാൻറ് വാങ്ങുന്ന മൂന്ന് വായനശാലകളുണ്ട്. ഇവ കേരള ഗ്രന്ഥശാലാ സംഘത്തോട് അഫിലിയേററ് ചെയ്തു പ്രവർത്തിക്കുന്നു. കയ്യെഴുത്ത് മാസികകളും, സുവനീറുകളും പ്രസിദ്ധീകരിക്കുന്നത് സാംസ്കാരിക ബോധത്തിൻെറ ഉയർന്ന നിലവാരത്തെ കാണിക്കുന്നു. ''ബോധി, നവലോകം, തരംഗം, തെളിച്ചം'' എന്നിവ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്, സ്കൂളുകൾ കുട്ടികളുടെ കയ്യെഴുത്തു മാസിക പ്രസിദ്ധീകരിച്ചിട്ടുണ്ട്, പൂവ്വത്താണി എ എം യു. പി. സ്കൂളിൽ പ്രസിദ്ധീകരിക്കുന്ന 'പുലരി' പുത്തൂർ വി. പി. എം. യു. പി. സ്കൂളിൽ പ്രസിദ്ധികരിക്കുന്ന 'നവമുകുളം' എന്നിവ ശ്രദ്ധേയമായ മാതൃകകളാണ്. അരക്കുപറമ്പ് എ.യു.പി. സ്ക്കൂൾ 1967–ൽ കുട്ടികളുടെ കൈയ്യെഴുത്തു മാസിക പ്രസിദ്ധീകരിച്ചിരുന്നു.

സാംസ്കാരിക രംഗത്ത് സ്വാധീനം ചെലുത്തുന്ന മാധ്യമങ്ങളായ ടി വിയും റേഡിയോയും മിക്കവാറും എല്ലാഭാഗങ്ങളിലും കാണുന്നു. വിജ്ഞാന രംഗത്ത് ഗുണപരമായ മാററങ്ങളുണ്ടാക്കുന്നതിന് ഇവ പര്യാപ്തമാണെങ്കിലും ഇവയിലൂടെ പ്രക്ഷേപണംചെയ്യുന്ന പരസ്യങ്ങൾ ചെലുത്തുന്ന സ്വാധീനം ജനങ്ങളിൽ ഉപഭോക്തൃസംസ്കാരം വളർത്തുന്നു. ഇത് ജനങ്ങളുടെ ജീവിത ചെലവ് ഉയർത്തുകയും ജനങ്ങളിൽ അരക്ഷിതബോധം ഉയർത്തുകയും ചെയ്യുന്നു.

## പ്രശ്നങ്ങൾ

* വായനശാലകൾ ധാരാളമായി ഉണ്ടാകുന്നില്ല, സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.
* നാടൻകലകൾ നാമാവശേഷമായികൊണ്ടിരുന്നു
* ജനപങ്കാളിത്തം കുറയുന്നു.
* ജനങ്ങൾ അന്യവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു.

## നിർദ്ദേശങ്ങൾ

* എല്ലാ വാർഡുകളിലും ജനപങ്കാളിത്തത്തോടെ പഞ്ചായത്തുവക ഗ്രന്ഥശാലകളും, വായനശാലകളും സ്ഥാപിക്കുക, സ്ത്രീകൾക്ക് മാത്രമായി ഗ്രന്ഥശാലകൾ ആരംഭിക്കുക.
* സ്വന്തമായി സ്ഥലമുള്ള വായനശാലകൾക്കും, ക്ലബ്ബുകൾക്കും കെട്ടിടം പണിയാൻ പൂർണ്ണ സാമ്പത്തിക സഹായം നൽകുക.
* സാക്ഷരതാ പ്രവർത്തനങ്ങൾ തുടർന്നും നടപ്പിലാക്കുക.
* പഞ്ചായത്തിൽ ഇൻഫർമേഷൻസെൻറർ സ്ഥാപിക്കുക.
* പഞ്ചായത്ത് അടിസ്ഥാനത്തിൽ കലാ–സാംസ്ക്കാരിക മത്സരങ്ങൾ സംഘടിപ്പിക്കുക.
* സ്കൂളുകളിലെ ഗ്രന്ഥശാലകളിൽ പഞ്ചായത്തിൻെറ ഉത്തരവാദിത്തത്തിൽ ലൈബ്രേറിയന്മാരെ നിയമിക്കുക.

* നാടൻ കലകളേയും മററു കലകളേയും പ്രോൽ സാഹിപ്പിക്കുന്നതിന് പരിശീലന കേന്ദ്രം, സ്ഥാപിക്കുക.

* മാർഗ്ഗംകളി, ദഫ്മുട്ട്, ചവിട്ടുകളി (ചെറുമകളി) കോൽക്കളി, ഒപ്പന, കൈകൊട്ടികളി പരിചമുട്ട്കളി, തുടങ്ങിയ നാടൻ കലാരൂപങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിന് പഠന കളരികറം നടത്തുക

* പഞ്ചായത്തിൽ സാംസ്കാരിക നിലയങ്ങറം സ്ഥാപിക്കുക,

* പരസ്യപലകകറം വിവിധ കേന്ദ്രങ്ങളിൽ സ്ഥാപിക്കുക.

* പട്ടികജാതി കേന്ദ്രങ്ങറം കേന്ദ്രീകരിച്ച് വായനശാലയും ഗ്രന്ഥശാലയും സ്ഥാപിക്കുക.

* പഞ്ചായത്ത് ആസ്ഥാനത്ത് റഫറൻസ് ലൈബ്രറി സ്ഥാപിക്കുക. വാർത്താവിനിമയത്തിൽ ആധുനികസൗകര്യങ്ങറം പൊതുജനങ്ങറംക്കുവേണ്ടി ഏർപ്പെടുത്തുകയും കമ്മ്യൂണിററി ഹാറം നിർമ്മിക്കുകയും ചെയ്യുക.

* എല്ലാ ക്ലബ്ബുകറംക്കും, വായനശാലകറംക്കും ടി വി നൽകുക.

* വിവാഹ ചടങ്ങുകളുടേയും, ആഘോഷങ്ങളുടേയും ദുർവ്യയം ഒഴിവാക്കുന്നതിന് ബോധവത്കരണ പ്രവർത്തനങ്ങറം സംഘടിപ്പിക്കുക.

* അന്ധവിശ്വാസങ്ങറം, അനാചാരങ്ങറം, ഇവയ്ക്കെതിരെ ബോധവത്കരണ പരിപാടികറം സംഘടിപ്പിക്കുക.

* കലാ-സാംസ്കാരിക പ്രവർത്തനങ്ങറംക്ക് ഒരു വാർഷിക കലണ്ടർ ഏർപ്പെടുത്തുക.

* പ്രായപരിധിയുടെ അടിസ്ഥാനത്തിൽ വായനക്കാരെ ഇനം തിരിച്ച് അവാർഡുകറം ഏർപ്പെടുത്തി വായനാശീലത്തെ പ്രോത്സാഹിപ്പിക്കുക

* എല്ലാ സ്കൂളുകളിലും വാർഷിക കലാപരിപാടികറം സംഘടിപ്പിക്കുകയും പഞ്ചായത്ത് തല പ്രദർശനം നടത്തുകയും ചെയ്യുക,

* പഞ്ചായത്ത് തലത്തിൽ കലാ-സാംസ്കാരിക സംഘടനകളുടെ ഏകീകരിച്ച കമ്മററി രൂപീകരിക്കുകയും പ്രസ്തുത കമ്മററിയുടെ നേതൃത്വത്തിൽ സാംസ്കാരിക - ആരോഗ്യ പ്രശ്നങ്ങറം, ബോധവത്കരണ പ്രവർത്തനങ്ങറം സംഘടിപ്പിക്കുക.

* ദേശീയ ദിനാഘോഷങ്ങറം, പഞ്ചായത്ത്തലത്തിൽ സാംസ്കാരിക സംഘടനകളുടെ നേതൃത്വത്തിൽ ആഘോഷിക്കുക.

* എല്ലാ വായനശാലകളിലും ക്ലബ്ബുകളിലുംസാഹിത്യ മത്സരങ്ങറം സംഘടിപ്പിക്കുകയും സാഹിത്യ മാസികകറം പ്രസിദ്ധീകരിക്കുകയും.

## കായികരംഗം

കായികരംഗത്ത് ഒരു വലിയ മുന്നേററമൊന്നും നടത്താൻ പഞ്ചായത്തിന് സാധിച്ചിട്ടില്ലെങ്കിലും വർഷത്തിലൊരിക്കൽ കേരളോൽസവം നടത്തുന്നു. ചില ക്ലബുകറം, പെരുന്നാറം, ഓണം തുടങ്ങിയ ആഘോഷങ്ങളോടനുബന്ധിച്ച് കായിക മൽസരങ്ങറം സംഘടിപ്പിച്ചു വരുന്നു. പത്തോളം ക്ലബുകറം കായിക രംഗത്ത് അവരുടേതായ പങ്കാളിത്തം വഹിക്കുന്നു. സ്പോർട്സ് രംഗത്ത് സംസ്ഥാനതലത്തിൽ സമ്മാനങ്ങറം നേടിയ നാലകത്ത് ഹംസു, നാലകത്ത് മഹ്ബൂബ്, നാലകത്ത്ബഷീർ തുടങ്ങിയവരാണ് കാലികററ് യൂണിവേഴ്സിററി ചാമ്പ്യനായ മഹ്ബൂബ് ഷോട്ട്പുട്ട്, ജാവലിൻത്രോ തുടങ്ങിയ ഇനങ്ങളിൽ സമ്മാനം നേടിയിട്ടുണ്ട്.

താഴെകൊടുത്തിരിക്കുന്ന ക്ലബ്ബുകറം താഴെക്കോട് പഞ്ചായത്തിൽ സജീവമായി പ്രവർത്തിച്ചുവരുന്നു.

1 അരക്കുപറമ്പ് കലാസാംസ്കാരിക കേന്ദ്രം-ക്കൽ
2 യാസ് ക്ലബ്ബ് - അമ്മിനിക്കാട്
3 ഫിനിക്സ് ആർട്ട്സ് & സ്പോർട്സ് ക്ലബ്ബ്-മുതിരമണ്ണ
4 നവപ്രഭ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് മുതിരമണ്ണ
5 സ്ററാലിയൻസ് ക്ലബ്ബ് കാപ്പുപറമ്പ്
6 വൈ. എം. സി. പൂവ്വത്താണി

7 വൈ. എഫ്. സി. നടുവിലത്താണി

8 ഐഡിയൽ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കരിങ്കല്ലത്താണി

9 ഹീറോസ് താഴെക്കോട്

10 ചിയേഴ്സ് കാപ്പുപറമ്പ്

## പ്രശ്നങ്ങൾ

* കായികരംഗത്ത് മത്സരങ്ങൾ ഉണ്ടാകുന്നില്ല.
* കായിക രംഗം വളരുന്നില്ല.

## നിർദ്ദേശങ്ങൾ

* കായിക രംഗത്ത് കഴിവുള്ള വിദ്യാർത്ഥികളെ കണ്ടെത്തി പ്രത്യേകം പരിശീലനം നൽകുക.
* കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ജനകീയ പങ്കാളിത്തത്തോടെ കായികമേളകൾ നടത്തുകയും ചെയ്യുക.
* നിലവിലുള്ള പഞ്ചായത്ത് സ്റേറഡിയം വിപുലീകരിക്കുക.
* ക്ലബ്ബുകൾക്ക് സ്പോർട്സ് കിററുകളും സാമ്പത്തിക സഹായവും നൽകുക.
* ദേശീയ ദിനാഘോഷവേളകളിൽ പഞ്ചായത്ത് തലത്തിൽ കൂട്ടഓട്ടം, സൈക്കിൾ റൈസിംഗ് തുടങ്ങിയവ സംഘടിപ്പിക്കുകയും, കുട്ടികൾക്കായി കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുക.
* സ്കൗട്ട് സ്കൂളുകളിൽ വ്യാപകമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
* നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തുക.
* പെൺകുട്ടികൾക്കു മാത്രമായി കരാട്ടെ, കളരി അഭ്യാസം തുടങ്ങിയവക്ക് പരിശീലനം നൽകുകയും ചെയ്യുക.
* സ്ത്രീകൾക്ക് പ്രത്യേകമായി കളിസ്ഥലം ഏർപ്പെടുത്തുകയും അവർക്കായി മത്സരം സംഘടിപ്പിക്കുകയും ചെയ്യുക.
* പഞ്ചായത്തിൽ ഒരു കായിക സ്കൂൾ സ്ഥാപിക്കുക.
* എല്ലാ സ്ക്കൂളുകളിലും കായികാദ്ധ്യാപകർ ഉണ്ടാകത്തക്കവിധം നിയമനിർമ്മാണം നടത്തുക

തൊഴിലുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുക.

കളിസ്ഥലങ്ങൾ ജനസംഖ്യാനുപാതികമായി നിർമ്മിക്കപ്പെടുക.

# സഹകരണം

കടത്തിൽ ജനിക്കുകയും കടത്തിൽ ജീവിക്കുകയും കടത്തിൽ മരിക്കുകയും അനന്തരാവകാശികൾക്ക് കടം നീക്കിവെക്കുകയും ചെയ്യുന്ന ഇന്ത്യൻ കർഷകന്റെ പ്രതീക്ഷയും ആശ്രയവുമായി മാറിയ സഹകരണ പ്രസ്ഥാനത്തിന്റെ തുടക്കം കാർഷിക വായ്പാ സംഘങ്ങളിലൂടെയായിരുന്നു. ഇന്ന് സഹകരണം കടന്നു ചെല്ലാത്ത മേഖലകളൊന്നും തന്നെയില്ല. ഇന്ത്യയിൽ പ്രത്യേകിച്ച് കേരള സംസ്ഥാനത്തിൽ പോരായ്മകൾ അനവധിയുണ്ടെങ്കിലും കാർഷിക വായ്പാ മേഖലയിൽ സഹകരണപ്രസ്ഥാനത്തിന്റെ വളർച്ച നാൾക്കുനാൾ ഉയർന്നു കൊണ്ടിരിക്കുന്നു.

താഴെക്കോട് പഞ്ചായത്തിലെ സഹകരണ മേഖല രണ്ടു വായ്പാ സഹകരണ സംഘത്തിലും ഒരു ക്ഷീരോല്പാദക സഹകരണസംഘത്തിലും 3 സ്കൂൾ സഹകരണ സംഘത്തിലും ഒതുങ്ങിനിൽക്കുന്നു. 1954–ൽ അരക്കുപറമ്പ് വില്ലേജ് പ്രവർത്തന പരിധിയായി രൂപീകരിച്ച അരക്കുപറമ്പ് 'ഐക്യ നാണയ സഹകരണ സംഘമാണ്' പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനത്തിന് ആരംഭംകുറിച്ചത്. നാണുനായർ. രാമനാഥൻ നായർ,നാരായണപിഷാരോടി, എ.ഇ.നാരായണൻ മാധവൻനായർ തുടങ്ങിയവരായിരുന്നു സംഘത്തിന്റെ ആദ്യകാലപ്രവർത്തകർ. 1963–ൽ അരക്കുപറമ്പ് ഐക്യ നാണയ സഹകരണ സംഘം, അരക്കുപറമ്പ് സർവ്വീസ് സഹകരണ ബാങ്കായി പ്രവർത്തനം ആരംഭിച്ചു. ബാങ്കിന്റെ ആദ്യത്തെ പ്രസിഡണ്ട് കെ. പി. നാരായണ പിഷാരോടിയായിരുന്നു. 1963–ൽ താഴെക്കോട് വില്ലേജ് പ്രവർത്തന പരിധിയായി ചോലമുഖത്ത് ഉണ്ണിക്കോയ, ജമാൽ ഹാജി, സി. ബാപ്പുഹാജി, കപ്പൂർ ഉണ്ണീനാപ്പ് എന്നിവരുടെ നേതൃത്വത്തിൽ ആരംഭിച്ച താഴെക്കോട് സർവ്വീസ് സഹകരണ ബാങ്കാണ്. രണ്ടാമതായി രജിസ്റ്റർ ചെയ്തത്, താഴെക്കോട് സർവ്വീസ് സഹകരണ ബാങ്കിന്റെ ആദ്യ പ്രസിഡണ്ട് ചോലമുഖത്ത് ഉണ്ണിക്കോയയായിരുന്നു. മാത്യസ്കറിയ, എം. വി. വർഗീസ്, എം. ജെ. മാത്യു എന്നിവരുടെ നേതൃത്വത്തിൽ 1984–ൽ പ്രവർത്തനമാരംഭിച്ച വെള്ളപ്പാറ ക്ഷീരോല്പാദക സംഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി പഞ്ചായത്തിലെ 5, 8 വാർഡുകളാണ് വി. പി. ഷാഹുൽ ഹമീദ്, വി. പി. സെയ്താലികുട്ടി എന്നിവർ നേതൃത്വംനൽകി. 1984-ൽ ആരംഭിച്ച പുത്തൂർ ക്ഷീരോല്പാദക സഹകരണസംഘം 1992–ൽ ലിക്വിഡേററ് ചെയ്തു. അരക്കുപറമ്പ് എ, യു. പി. സ്കൂൾ, പുവ്വത്താണി എ. എം. യു. പി. സ്കൂൾ താഴെക്കോട്, പി. ടി.എം. ഹൈസ്കൂൾ എന്നീ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂൾ സഹകരണസംഘങ്ങളും പഞ്ചായത്തിൽ നിലവിലുണ്ട്. സഹകരണ മേഖലയിലല്ലാതെ റബ്ബർ കൃഷിയുമായി ബന്ധപ്പെട്ടു രൂപീകരിച്ച 5 റബ്ബർ ഉല്പാദക സഹകരണസംഘങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പെരിന്തൽമണ്ണ സഹകരണ അർബൺ ബാങ്കിന്റെ ബ്രാഞ്ച് കരിങ്കല്ലത്താണിയിലും, മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ ബ്രാഞ്ച് പുവ്വത്താണിയിലും പ്രവർത്തിക്കുന്നു.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

1 അരക്കുപറമ്പ് സർവ്വീസ് സഹകരണ ബാങ്ക്

അരക്കുപറമ്പ് വില്ലേജ് പ്രവർത്തന പരിധിയായുള്ള അരക്കുപറമ്പ് സർവ്വീസ് സഹകരണ ബാങ്ക് കാർഷിക മേഖലയിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന ബാങ്കിന്റെ സേവനം അരക്കുപറമ്പ് വില്ലേജിൽ മുഴുവൻ ലഭിക്കുന്നുണ്ട്. ബാങ്കിന്റെ ഓഫീസിൽ വില്ലേജിന്റെ എല്ലാ ഭാഗത്തു നിന്നും അംഗങ്ങൾക്ക് ഇടപാടിനായി എത്തുന്നതിന് ദൂരം ഒരു വലിയപ്രശ്നമാണ്. ബാങ്കിന് ശാഖകൾ സ്ഥാപിക്കേണ്ടതാണ്, എല്ലാ മെമ്പർമാർക്കും ആവശ്യമുള്ളത്ര വായ്പകൾ ലഭ്യമാക്കാൻ സാധിക്കുന്നില്ല. ഏകദേശം 3000ത്തോളം കർഷക കുടുംബങ്ങൾ ബാങ്ക് പരിധിയിലുണ്ട്. 40 ലക്ഷം രൂപയുടെ ഹ്രസ്വകാല കാർഷിക വായ്പകൾ 96–97 വർഷത്തിൽ വിതരണം നടത്തിയിട്ടുണ്ട്. താലൂക്കിലെമികച്ച ബാങ്കുകളിലൊന്നായ അരക്കുപറമ്പ്

സർവ്വീസ് ബാങ്ക് ഓണചന്ത, കശുവണ്ടി സംഭരണം, തുണിവിതരണം എന്നിവ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. ഇപ്പോഴത്തെ പ്രസിഡണ്ട് വി. പി. കെ. യൂസഫ് ഹാജിയാണ്.

2 താഴെക്കോട് സർവ്വീസ് സഹകരണ ബാങ്ക്

ഏകദേശം 2500-ഓളം കർഷക കുടുംബങ്ങൾ ഉൾക്കൊള്ളുന്നതാഴെക്കോട് വില്ലേജാണ് പ്രവർത്തനപരിധി. വർഷങ്ങളായി വൻനഷ്ടത്തിൽ മുന്നോട്ടു നീങ്ങുന്ന ഈ ബാങ്ക് ഇന്ന് വളരെ ക്ഷീണിച്ച അവസ്ഥയിലാണ്. അംഗങ്ങൾക്ക് ബാങ്കിനോടുള്ളതാത്പര്യക്കുറവ് നിക്ഷേപങ്ങൾലഭിക്കാൻ തടസമാകുന്നു. 96—97ൽ വിതരണം ചെയ്ത ഹ്രസ്വകാല കാർഷികവായ്പ 2 ലക്ഷം മാത്രമാണ്. മെമ്പർമാരിൽ അധികം ആളുകളും സൗത്ത്മലബാർ ഗ്രാമീണബാങ്കിനെ ആശ്രയിക്കുന്നു റേഷൻ വ്യാപാരം സംഘം നടത്തുന്നുണ്ട്. പുതിയ ഭരണസമിതി പ്രശ്ന പരിഹാരത്തിന് ശ്രമിക്കുന്നുണ്ട്. ഇപ്പോഴത്തെ പ്രസിഡണ്ട് ജ: എ.കെ. നാസർ ആണ്,

3 വെള്ളപ്പാറ ക്ഷീരോത്പാദക സഹകരണ സംഘം:—

പഞ്ചായത്തിലെ 5, 8 വാർഡുകൾ പ്രവർത്തനപരിധിയായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സംഘത്തിന്റെ പ്രതിദിന പാൽ ഉത്പാദനം 150 ലിററാണ്. തുടങ്ങിയ കാലത്ത് 300 ലിററിലധികം പാൽസംഭരിക്കുന്ന ഈസംഘം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ നിലവിലുള്ള ഏക ക്ഷീരസഹകരണ സംഘവും ഇതുതന്നെ. പഞ്ചായത്തിൽ ഇപ്പോൾ 1000ത്തിലധികം ലിററർ പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. ടി സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

4 സ്കൂൾ സഹകരണ സംഘം

പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്കൂൾ സഹകരണ സംഘത്തിലൂടെ പാഠപുസ്തകവും കുട്ടികൾക്കാവശ്യമായ മററു വസ്തുക്കളും വിതരണം ചെയ്യുന്നു.

5 സഹകരണ അർബൻ ബാങ്ക്

പെരിന്തൽമണ്ണ അർബൻ ബാങ്കിന്റെ ശാഖ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നു.
പ്രസിഡൻറ്— പി. പി. വാസുദേവൻ

6 പെരിന്തൽമണ്ണ കാർഷികവികസനബാങ്കിന്റെ പരിധിയിലാണ് ഈ പഞ്ചായത്ത്. ദീർഘകാല വായ്പകൾ ഈ ബാങ്കിൽ നിന്നും കർഷകർക്ക് ലഭിക്കുന്നു. ഫണ്ട് യഥേഷ്ടം ലഭ്യമാണെങ്കിലും വായ്പലഭിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ട് അനവധിയാണ്.

7 ജില്ലാബാങ്കിന്റെ ഒരു ബ്രാഞ്ച് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വാഹന വ്യവസായ വീടുവായ്പകളും താഴെക്കോട് അരക്കുപറമ്പ് ബാങ്കുകൾക്കുള്ള എല്ലാ സാമ്പത്തിക ഇടപാടുകളും ഈ ബ്രാഞ്ചു മുഖേനയാണ്.
പ്രസിഡണ്ട് — പി. അബ്ദുൾഹമീദ്

8 റബ്ബർ ഉത്പാദക സംഘങ്ങൾ

മാട്ടറക്കൽ, വെള്ളപ്പാറ, പൂത്തൂർ, പുല്ലരിക്കോട്, അമ്മിനിക്കാട് എന്നിവിടങ്ങളിൽ റബ്ബർ ഉത്പാതക സംഘങ്ങൾ പ്രവർത്തിക്കുന്നു. റബ്ബർ കർഷകർ മെമ്പർമാരായി റബ്ബർ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത സംഘങ്ങളിലൂടെ റബ്ബർ തൈ, നടീൽ വസ്തുക്കൾ, സഹായ നിരക്കിൽ വളം കാർഷികോൽപാദക ഉപാധികൾ എന്നിവ റബ്ബർ ബോഡ് വിതരണം നടത്തുന്നു. പക്ഷേ ഈ സംഘങ്ങളൊന്നും കാര്യക്ഷമമാണ് എന്ന് പറയുകവയ്യ. വെള്ളപ്പാറ റബ്ബർ സംഘത്തിന് സ്വന്തമായി കെട്ടിടമുണ്ട്.

പഞ്ചായത്തിലെ സഹകരണ സംഘങ്ങളുടെ പട്ടിക മറുപുറത്ത് ചേർക്കുന്നു.

## സഹകരണ വായ്പാ സംഘങ്ങൾ

| സംഘത്തിന്റെ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | വ്യക്തി അംഗത്വം | ഓഹരി മൂലധനം | നിക്ഷേപം FD SB | വായ്പകൾ കാർഷികം | വായ്പകൾ കാർഷികേതരം | പ്രവർത്തന മൂലധനം | ലാഭമോ നഷ്ടമോ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| അരക്കുപറമ്പ് സർവ്വീസ് സഹകരണബാങ്ക് F 1630 | 1963 | 3389 | 3,10,407 | 72,80,674 | 43, 58276 | 6934076 | 6118299 | ലാഭം | 6 |
| 2 താഴെക്കോട് സർവ്വീസ് സഹകരണബാങ്ക് M 413 | 1963 | 2914 | 4,06,340 | 45,80,00 | 26,6072 | 765475 | 2748013 | നഷ്ടം | 2 |

### സഹകരണ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1 വായ്പാപരിധി ഏക്കറിന് 25000രൂപയായി ഉയർത്തുക.

2 പാട്ടകൃഷിക്കാർക്ക് ഉടമാവകാശം ആവശ്യപ്പെടാതെ ആൾ ജാമ്യത്തിൽ ലോൺ അനുവദിക്കുക.

3 വായ്പാ പലിശനിരക്ക് കുറക്കുക.

4 കൃഷിയിറക്കേണ്ട സമയങ്ങളിൽതന്നെ വായ്പ ലഭ്യമാക്കുക.

5 ബാങ്കിന്റെ പരിധിയിലുള്ള എല്ലാ കർഷകരേയും മെമ്പർമാരാക്കുക.

6 പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച് കർഷകർക്ക് ആവശ്യമുള്ളത്ര വായ്പലഭ്യമാക്കുക.

7 കാർഷിക ഉൽപന്നങ്ങൾക്ക് ഈടിന്മേൽ വായ്പ നൽകുക.

8 മാട്ടറക്കൽ, പുത്തൂർ, കരിങ്കല്ലത്താണി തുടങ്ങി സൗകര്യപ്രദമായസ്ഥലങ്ങളിൽ ബ്രാഞ്ചുകൾ സ്ഥാപിക്കുക.

9 ബാങ്ക് വായ്പ തിരിച്ചടക്കുന്നതിന് ബോധവത്കരണം നടത്തുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു കമ്മററി രൂപീകരിക്കുക.

10 താഴെക്കോട് സർവീസ്സഹകരണബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്ഇപ്പോഴുള്ള നഷ്ടം ദീർഘകാല പലിശരഹിതവായ്പ

യായി ജില്ലാ ബാങ്കിൽ നിന്നും ലഭിക്കുന്നതിന് നടപടിയെടുക്കുക.

11 സഹകരണബാങ്കിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി എല്ലാ തലത്തിലുമുള്ള സഹകാരികളെയും രംഗത്തിറക്കുക.

12 സഹകരണ ബാങ്കുകളിലൂടെ വളവും കാർഷികോപകരണങ്ങളും വിതരണംചെയ്യുന്നതിനും കാർഷികോൽപന്നങ്ങൾ സംഭരിക്കുന്നതിനും സൗകര്യമേർപ്പെടുത്തുക.

## ക്ഷീരോൽപാദക സഹകരണ സംഘം മെച്ചപ്പെടുത്തുന്നതിനുതകുന്ന നിർദ്ദേശങ്ങൾ

1 നിലവിലുള്ള വെള്ളപ്പാറ ക്ഷീരോൽപാദക സഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുക. അടുത്ത അഞ്ചു വർഷത്തിനകം ഉല്പാദനം 1000 ലിററർ ആയി ഉയർത്തുക.

2 രണ്ടു വാർഡിൽ ഒരു സംഘം എന്ന നിലയിൽ പഞ്ചായത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

3 സൗകര്യപ്രദമായ എല്ലാ സ്ഥലങ്ങളിലും കളക്ഷൻ സെൻററുകൾ സ്ഥാപിക്കുക.

4 പാൽ സംഭരിച്ച്സൂക്ഷിക്കുന്നതിന് സംഘത്തിൽ സൗകര്യം ഏർപ്പെടുത്തുക.

5 നല്ലയിനം പശുക്കളെയും,പശുക്കുട്ടികളെയും സംഘം മുഖേന നൽകുക,

6 ആധുനിക ശാസ്ത്രീയ പശുവളർത്തൽ പരിശീലനം കർഷകർക്ക് സംഘംമുഖേന നൽകുക

7 സഹായ നിരക്കിൽ കാലിത്തീററ, തീററപ്പുല്ല് ധാതുലവണങ്ങൾ ഇവ വിതരണം ചെയ്യുക.

8 മൃഗാശുപത്രിയുടെ സേവനം എല്ലാ ജനങ്ങൾക്കും അടുത്ത് എത്തിക്കുക.

9 പഞ്ചായത്തിൽഎല്ലാ സംഘങ്ങളുടെയും മേൽനോട്ടത്തിൽ ഒരു കാലിത്തീററ ഫാക്ടറിക്ക് രൂപം നൽകുക.

10 ക്ഷീരോത്പാദക നിർമ്മാണ യൂണിററുകൾ കാര്യക്ഷമമാക്കുക. ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് പഞ്ചായത്തു-തല കമ്മിററി രൂപീകരിക്കുക.

## സാദ്ധ്യതകൾ

1 താഴെക്കോടു പഞ്ചായത്തിൽ ഒരു വനിതസഹകരണസംഘം ആരംഭിക്കേണ്ടതാണ്. കറിപൗഡർ, അച്ചാർ, തയ്യിൽ എംബ്രോയ്ഡറി തുടങ്ങിയവയുടെ നിർമ്മാണം സംഘത്തിന്റെ മേൽനോട്ടത്തിൽ തുടങ്ങാവുന്നതാണ്.

2 കേരോൽപന്ന സംസ്കരണ വിതരണത്തിനായി ഒരു ഉല്പാദക സഹകരണ സംഘം ആരംഭിക്കുക.

3 പഞ്ചായത്ത് പരിധിയായി ഒരു പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘവും, ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘവും രൂപീകരിക്കണം.

4 റബ്ബർ ഉത്പാദകസംഘങ്ങളെ ചേർത്ത്ഒരു ചെറുകിട സഹകരണ വ്യവസായ ശാലക്ക് രൂപം നൽകണം.

5 പഴം, പച്ചക്കറി,പൂകൃഷി, തേനീച്ചവളർത്തൽ, പട്ട്നൂൽ ഉല്പാദനം[മൾബറി]ഔഷധിച്ചെടി വളർത്തൽ, കൂൺകൃഷി, എന്നിവക്കുള്ള സഹകരണ സംഘങ്ങൾക്കും സാധ്യതയുണ്ട്. ഇതിലൂടെ 500 പേർക്കെങ്കിലും തൊഴിൽ സാധ്യതയുണ്ട്. സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ സഹകാരികളുടെ ഒരു ഏകോപന സമിതി രൂപീകരിക്കാവുന്നതാണ്. താഴെക്കോട് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക – സാമൂഹിക – സാംസ്കാരിക വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കാൻ കഴിയുന്ന സഹകരണമേഖലയെകുറിച്ച് ഒട്ടേറെ നിർദ്ദേശങ്ങൾ ഗ്രാമ സഭകളിൽ ഉയർന്നുവന്നിട്ടുണ്ട്,

# ടൂറിസം

ഇന്ന് വിഭവസമാഹരണത്തിന് ഉതകുന്ന ഒരു ഉപാധിയാണ് വിനോദ സങ്കേതങ്ങൾ വികസിപ്പിച്ചെടുക്കുന്നത്. ടൂറിസത്തിൻെറ സാമൂഹ്യപ്രസക്തി അറിഞ്ഞിരിക്കണം. ജനങ്ങളുടെ പരസ്പര സഹകരണം വളർന്നുവരുന്നു. ജീവിതരീതി ഇടകലരുന്നു. ജനതയുടെ സാംസ്ക്കാരിക നിലവാരത്തിൽ മാററംവരുന്നു. ആധുനിക ഉപകരണങ്ങളുടെ ഉപയോഗം ശീലിക്കുന്നതിന് അവസരം കിട്ടുന്നു. അനാചാരങ്ങളുംഅന്ധവിശ്വാസങ്ങളും ഇല്ലാതാകുന്നു. കാര്യകാരണ വിചാരം സമൂഹത്തിൽ ഉണ്ടാകുന്നു. ആസ്വാദനശേഷി വർദ്ധിക്കുന്നു. തത്ഫലമായി നശീകരണവാസന ഇല്ലാതാകുന്നു.

താഴെക്കോട് പഞ്ചായത്തിൽ ടൂറിസത്തിന് സാദ്ധ്യതയുള്ള മേഖലകൾ ഉണ്ട്. പഞ്ചായത്തിലെ ഭൂപ്രകൃതി നിമ്നോന്നതമാണ്. ജില്ലയിലെ തന്നെ ഏററവും ഉയരം കൂടിയ മലനിരകളാണ് അമ്മിനിക്കാടൻ മലകൾ. സൈലൻറ്വാലിയും, ചെത്തല്ലൂരുള്ള ഭ്രാന്തൻമലയും, ഭക്തകവി പൂന്താനത്തിൻെറ ജന്മസ്ഥലമായ കീഴാററൂരുള്ള പൂന്താനം ഇല്ലവും, അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ക്ഷേത്രവും ടൂറിസ്ററുകളെ ആകർഷിക്കുന്ന ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളാണ്. ഈ കേന്ദ്രങ്ങൾക്കെല്ലാം കൂടുതൽ പ്രസക്തി ഉണ്ടാകുമാറ് വികസിപ്പിച്ചെടുക്കാൻ സാധിക്കുന്ന ഒന്നാണ് താഴെക്കോട് പഞ്ചായത്തിലെ കൊടികുത്തിമല.

വള്ളുവനാടിൻെറ സിരാകേന്ദ്രമായ പെരിന്തൽമണ്ണ താലൂക്കിൽ, താഴെക്കോട് ഗ്രാമപഞ്ചായത്തിൽ പെരിന്തൽമണ്ണയിൽ നിന്നും ആറു കി. മീററർ ദൂരത്തിൽ കൊടികുത്തിമല സ്ഥിതി ചെയ്യുന്നു. കോഴിക്കോട് – പാലക്കാട് സംസ്ഥാന പാതയിൽ അമ്മിനിക്കാട് കുന്നിൻ മുകളിൽ ബസ്സിറങ്ങി മൂന്ന് കിലോ മീററർ ദൂരം നടന്ന് മലയുടെ അടിവാരത്തിൽ എത്താം. നടത്തത്തിൻെറ അധ്വാനം തളർത്തിയ ശരീരത്തെ മലമുകളിൽ നിന്നുള്ള കാഴ്ചകൾ ഉത്തേജിപ്പിക്കാതിരിക്കില്ല. സമുദ്രനിരപ്പിൽനിന്ന് 2000അടിയോളം ഉയരത്തിൽ കിടക്കുന്ന കൊടികുത്തിയിൽ സുഖശീതളമായ കാററ് എപ്പോഴും വീശിക്കൊണ്ടിരിക്കും. തെളിഞ്ഞ നീലാകാശത്തിൻെറ അതിരുകൾ ഭൂമിയെ തൊടുന്ന മനോഹര ദൃശ്യം അനുഭവിച്ചറിയുക തന്നെവേണം. കടലിൻെറ അനന്തമായ പരപ്പ് പോലെ കരയുടെ അകലങ്ങളിലെ ത്തുന്ന പരപ്പ് കണ്ടാസ്വദിക്കുവാൻ കൊടികുത്തിയിൽ കയറുക തന്നെവേണം.

കോഴിക്കോട് വിമാന താവളത്തിൽ നിന്നും 46 കി. മീററും, അങ്ങാടിപ്പുറം റയിൽവേ സ്റേറഷനിൽനിന്നും 9 കി.മീററും അകലത്തിൽ കൊടികുത്തിമല സ്ഥിതി ചെയ്യുന്നു.

മദിരാശിയുടെ ഭാഗമായിരുന്നു മലബാർ ജില്ല. സർവ്വേ നടത്തിയപ്പോൾ ലൈൻ അറിയുന്നതിന്ന് കൊടികുത്തിയിരുന്ന സ്ഥമായതുകൊണ്ടാണ് ഈ മലക്ക് കൊടികുത്തിമല എന്ന പേരു വന്നത്. മുററത്തെ മുല്ലക്ക് മണമില്ലെങ്കിലും വിദേശികൾക്ക് കൊടികുത്തി ഹരമായി മാറിത്തുടങ്ങി. ഇപ്പോഴും വിദേശികൾ വന്നുകൊണ്ടിരിക്കുന്നു. കൊടികുത്തിയുടെ അനന്ത സാദ്ധ്യതകൾ കണ്ടറിഞ്ഞ പെരിന്തൽമണ്ണ സബ് കലക്ടർ ആയിരുന്ന ശ്രീ വി. കെ. ബേബി **IAS** ഈ കേന്ദ്രത്തെ വികസിപ്പിക്കുന്നതിന് ആവശ്യമായ ഒരു പ്രോജക്ററ് തയ്യാറാക്കി പ്രവർത്തനം തുടങ്ങിവെച്ചിട്ടുണ്ട്. കൊടികുത്തിയുടെ ഉച്ചിയിൽ നിന്ന് ഉദയാസ്തമനങ്ങൾ ആസ്വദിക്കുക ഹൃദ്യമായ അനുഭവമാണ്. ശാസ്ത്ര സാഹിത്യ പരിഷത്തിൻെയും ജില്ലാ സാക്ഷരതാ സമിതിയുടേയും പ്രവർത്തകർ നക്ഷത്ര നിരീക്ഷണം നടത്തുന്നതിനായി കൊടികുത്തിയിൽ എത്തിയിരുന്നു. നക്ഷത്ര നിരീക്ഷണത്തിൻെറ അനന്ത സാധ്യതകൾ ഉള്ള കൊടികുത്തിയിൽ ഒരു വാന നിരീക്ഷണശാല ആരംഭിക്കാം.

ഒരിക്കലും വററാത്ത മൂന്ന് നീരുറവകൾ സംഗമിക്കുന്നതിനടുത്ത് തടയണ നിർമ്മിച്ചാൽ ജലസേചനത്തിനും. ജലവിതരണത്തിനുംഉള്ള സാധ്യതകൾ ഉണ്ട്. തടയണയോട് ചേർന്ന് നിരന്ന

പ്രദേശം മനോഹരമായ ഉദ്യാനമാക്കി മററാം തണുത്ത കാലാവസ്ഥയിൽ വളരുന്ന പൂച്ചെടികൾ ഇപ്പോഴും തന്നെ പൂത്തുല്ലസിക്കുന്നത് ഹൃദ്യമായ കാഴ്ചയാണ്. നാനൂറോളം അടി ആഴത്തിൽ കുത്തനെയുള്ള പാറക്കെട്ട് അപകടകാരിയാണെങ്കിലും ആസ്വാദ്യകരം തന്നെ. കമ്പിവേലികൾ ഇട്ട് തിരിച്ച് രൂപകൽപന ചെയ്താൽ കാഴ്ചകൾ ആസ്വദിക്കുന്നതിന് അപൂർവ്വാവസരം ലഭിക്കും

ജനസാന്ദ്രതകുറഞ്ഞ പ്രദേശമായതിനാൽ വിനോദ സഞ്ചാരവികസനത്തിന് ഭൂമി ലഭ്യമാകുന്നതിധുള്ള സാധ്യതകൾ ഉണ്ട്. വിദേശ ഇന്ത്യക്കാരുടെ ധനസമാഹരണം നടത്തികൊണ്ട് അവരുടെ പങ്കാളിത്തത്തോടെ ഉദ്യാന വസതികളും, വിശ്രമ കേന്ദ്രങ്ങളും മധുവിധുവിനുള്ള മണിയറകളും കൊടികുത്തിയിൽ ഒരുക്കാം. കിലോമീററുകൾ നീളമുള്ള അമ്മിനിക്കാടൻതാഴ്വരയിലൂടെ പോകുന്ന സംസ്ഥാനപാതയിൽ നിന്നും നോക്കിയാൽ ഇപ്പോഴും തന്നെ കൊടികുത്തി ഹൃദ്യമാണ്. പലവിതാനങ്ങളിൽ കിടക്കുന്ന മലനിരകളിൽ വൈദ്യുത ദീപാലങ്കാരം നടത്തിയാൽ ഹൃദ്യമായ ഒരു കാഴ്ചയായിരിക്കും.

തിരുവനന്തപുരം മാത്രം ഒതുങ്ങിനിൽക്കുന്ന മൃഗശാലയുടെ മാതൃകയിൽ ഒരു മൃഗശാല ആരംഭിക്കാവുന്നതാണ്. വ്യത്യസ്ത ഇനം പക്ഷികൾ ധാരാളമായി കാണുന്ന കുന്നിൻ ചരിവുകളിൽ പക്ഷി നിരീക്ഷണത്തിന് താല്പര്യമുള്ളവർ ഇപ്പോഴും തന്നെ വന്നു ചേരാറുണ്ട്.

വികസനത്തിന് തടസ്സം നിൽക്കുകയാണല്ലോ ഉർജ്ജ പ്രതിസന്ധി. കൊടികുത്തിയിൽ മലനിരയുടെ ഇടയിലൂടെ വീശിയടിക്കുന്ന കാററിൽ നിന്നും, പ്രഭാതം മുതൽ പ്രദോഷം വരെ ഒരേ അളവിൽ ലഭിക്കുന്ന സൗരോർജ്ജത്തിൽ നിന്നും ഈ പദ്ധതിക്ക് ആവശ്യമായ ഊർജ്ജം ഉൽപാദിപ്പിക്കുവാൻ സാധിക്കുമെന്ന് സാങ്കേതിക വിദഗ്ദർ അഭിപ്രായപ്പെടുന്നു. കോട്ടക്കൽ ആര്യവൈദ്യശാലയിലേക്കും മററ് പ്രശസ്തമായ മരുന്നുല്പാദന കേന്ദ്രങ്ങളിലേക്കും അമ്മിനിക്കാടൻ മലകളിൽ സ്വമേധയാ വളരുന്ന ഔഷധ സസ്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് കയററി അയക്കുന്നുണ്ട്. മരുന്നു ശേഖരിച്ച് ലോറികളിലും ബസ്സുകളിലും കയററി അയക്കുന്ന കാഴ്ച മററിടങ്ങളിൽ ഇല്ലെന്ന് മാത്രമല്ല ഗ്രാമീണരുടെ ഉപജീവനമാർഗ്ഗം കൂടിയാണ്. ഇവിടെ ഒരു ബൊട്ടാണിക്കൽ ഗാർഡൻ വികസിപ്പിച്ചെടുന്നതിന് സാധിക്കും. ഇപ്പോഴും തന്നെ ആയുർവ്വേദ ഗവേഷകരുടെ ശ്രദ്ധ ആ വഴിക്ക് തിരിഞ്ഞിട്ടുണ്ട്. അപൂർവ്വങ്ങളായ സസ്യങ്ങൾതേടി ഗവേഷണവിദ്യാർത്ഥികൾ വരുന്നത് ഗ്രാമീണരിൽ ഉത്സാഹമുണ്ടാക്കുന്ന കാര്യമാണ്.

പഞ്ചായത്ത് ഭരണം റോഡുകളുടെ ഒരു ശൃംഖലക്ക് രൂപം നൽകി. സാമ്പത്തിക പരാധീനതകളാൽ സർക്കാരും സ്വകാര്യവുമായ ഏജൻസികളെ സമീപിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാനുള്ള ശ്രമത്തിലാണ്,

കൊടികുത്തി – അമ്മിനിക്കാട് റോഡ്, കൊടികുത്തി രാജ എസ്റേററ് വെള്ളപ്പാറ താഴെക്കോട്, റോഡ് കൊടികുത്തി രാജ എസ്റേററ്, അരക്കുപറമ്പ്, മാട്ടറ റോഡ് കൊടികുത്തി മുള്ളൻമട, അത്തിക്കൽ റോഡ്, തുടങ്ങിയ റോഡുകൾ വികസിപ്പിച്ചെടുക്കുന്നതിന് സാധിക്കും. കയററം കുറഞ്ഞ വഴിയിലൂടെ കൂടുതൽ ആളുകൾക്ക് ഉപയോഗപ്രദമായതും ചെലവു കുറഞ്ഞതും ആയ ഒരു പാത ഉണ്ടാക്കിയെടുക്കുന്നതിന് സാധിക്കും, അമ്മിനിക്കാട് കൊടികുത്തിറോഡും, അരക്കുപറമ്പ്, മാട്ടറയിൽ നിന്നും കൊടികുത്തി മലയുടെ നിറുകയിൽ എത്തുന്ന റോഡും തമ്മിൽ പരസ്പരം ബന്ധിപ്പിച്ചാൽ ആ പാതയിലൂടെയുള്ള യാത്ര അവസ്മരണീയ അനുഭവമായി മാറും.

കൊടികുത്തിമലയും തൊട്ടടുത്ത കുന്നും തമ്മിൽ ബന്ധിപ്പിക്കുന്ന റോപ്വേ സംവിധാനം ഉണ്ടാക്കുന്നതിന് സാധിക്കും റോപ്പ്വേയുടെ താഴ്വാരത്തിൽ കുട്ടികളുടെ പാർക്കും ഉല്ലാസ കേന്ദ്രവും ആരംഭിക്കാവുന്നതാണ്.

ആയുർവേദവിധിപ്രകാരം ഉഴിച്ചിൽകഴിഞ്ഞവർ ഈ പ്രദേശത്ത് മാസങ്ങളോളം പഥ്യകാലം കഴിച്ചുകൂട്ടാറുണ്ട്. പ്രത്യേകമായുള്ള ശീതോഷ്ണാവസ്ഥ രോഗങ്ങൾക്ക്ആശ്വാസമുണ്ടാക്കുന്നു എന്നാണ് വൈദ്യൻമാർ പറയുന്നത്.

## പ്രശ്നങ്ങൾ:

1 ഭൂമിയുടെ ലഭ്യത

2 സാമ്പത്തിക ബാധ്യത

3 ടൂറിസത്തെ സംബന്ധിച്ച വികലമായ ധാരണകൾ ഉയർത്തുന്ന പ്രശ്നങ്ങൾ

4 ടൂറിസവികസനം പണ സമ്പാദനത്തിനുള്ള കുറുക്കുവഴിയായി കാണുന്നവരുടെ സ്വാർത്ഥ താപര്യം.

## പരിഹാര മാർഗ്ഗങ്ങൾ

1 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഭൂഉടമകളുടെയും യോജിച്ച പ്രവർത്തനത്തിലൂടെ ഭൂമി ലഭ്യമാക്കുക.

2 ടൂറിസംവകുപ്പ്, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, വിദേശ ഇന്ത്യക്കാർ, ടൂറിസം വ്യവസായത്തിൽ പണം മുടക്കുവാൻ താത്പര്യമുള്ള കമ്പനികൾ, ഇവരുടെ പങ്കാളിത്തത്തോടെ വിഭവ സമാഹരണം നടത്തുക.

3 പ്രോജക്ററിൽ നിർദ്ദേശിച്ചിട്ടുള്ള വസ്തുതകൾ ബോധ്യം വരുന്നതിന് പഠന പര്യടനം നടത്തുക.

4 പ്രോജക്ട് ടൂറിസം വകുപ്പ് ഏറെറടുക്കുകയും, നിർവ്വഹണം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കുക.

5 പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ പ്രോജക്ടിൻെറ നിർവ്വഹണം തദ്ദേശവാസികളുമായി ചർച്ച ചെയ്യുക.

6 മുൻഗണനാടിസ്ഥാനത്തിൽ പ്രേജക്ട് ക്രമീകരിക്കുകയും കൂടുതൽ ജനങ്ങൾ ഗുണഭോക്താക്കളായി മാററത്തക്കവിധം സംവിധാനങ്ങൾ എർപ്പെടുത്തുകയും ചെയ്യുക.

7 ടൂറിസത്തെക്കുറിച്ചുള്ള വരുമാനത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുക.

8 പ്രോജക്ട് യാഥാർത്ഥ്യ മാകുമെന്നുള്ള ബോധം ഉണ്ടാക്കുക.

9 പ്രകൃതി സൗന്ദര്യം വിനോദ സഞ്ചാരികളുടെ ആകർഷണ കേന്ദ്രമാകത്തക്കവിധം വിനോദ യാത്രാ സങ്കൽപ്പങ്ങളിൽ മാററം വരുത്തുക.

10 കൊടികുത്തിയെ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തുക.

11 കൊടികുത്തി പ്രോജക്ട് താഴെക്കോട് പഞ്ചായത്തിൻെറ വികസനത്തിൻെറ ഭാഗമാണെന്ന് ജനങ്ങളിൽ ബോധമുണ്ടാക്കുക. ഇത് പ്രാദേശികമാത്സര്യങ്ങൾ അവസാനിപ്പിക്കും

# വനിത

മനുഷ്യന്റെ വ്യക്തി ജീവിതം പരിപൂർണ്ണമാകുന്നതു് സ്ത്രീയും പുരുഷനും സമൂഹത്തിൽ തുല്യത കൈവരുമ്പോഴാണ്. സ്ത്രീകളുടെ ശരീരഘടന, ആരോഗ്യപ്രശ്നങ്ങൾ, കുടുംബബന്ധങ്ങൾ തുടങ്ങിയവ പരിശോധിക്കേണ്ടതുണ്ട്. ഭൂഉടമാബന്ധങ്ങളിൽ വരുന്ന മാററങ്ങൾ കുടുംബബന്ധങ്ങളിലും മാററം വരുത്തിയിട്ടുണ്ട്. ബഹുഭർതൃസമ്പ്രദായം ബഹുഭാര്യാസമ്പ്രദായം തുടങ്ങിയവ നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്നു.. ഇന്ന് ഏക ഭാര്യാ സമ്പ്രദായത്തിലാണ് കുടുംബബന്ധങ്ങൾ നിലനില്ക്കുന്നതു്. മരുമക്കത്തായ വ്യവസ്ഥയിൽനിന്നു് മക്കത്തായ വ്യവസ്ഥയിലേക്ക് ഭായ ക്രമംമാറി. മരുമക്കത്തായ വ്യവസ്ഥയിൽ സ്ത്രീകൾക്കായിരുന്നു സ്വത്തവകാശം. സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾ മാതൃത്വം, മുലയൂട്ടൽ തുടങ്ങിയ കാര്യങ്ങളിൽ ഇന്ന് വളരെയേറെ പുരോഗതി ഉണ്ടായിട്ടുണ്ട്. സ്ത്രീകളുടെ തൊഴിലവസരങ്ങൾ വികസിപ്പിക്കണം. ഇന്നു് എല്ലാ മേഖലകളിലും സ്ത്രീകൾ കടന്നു ചെന്നിട്ടുണ്ടെങ്കിലും താഴെക്കോട്ട് പഞ്ചായത്തിലെ തൊഴിലെടുക്കുന്ന സ്ത്രീകളുടെ ശതമാനം രണ്ടിനടുത്താണ്. ഏററവും കൂടുതൽ ജോലിചെയ്യുന്നവരാണ് സ്ത്രീകൾ. വളരെ നേരത്തെ ഉണരുകയും വളരെ വൈകി ഉറങ്ങുകയും വളരെ കുറച്ച് ഭക്ഷിക്കുകയും ചെയ്യുന്ന സ്ത്രീകളുടെ ശോചനീയാവസ്ഥക്ക് മാററം വരണം. വനിതകൾക്ക് നേതൃത്വം നൽകുന്ന സംഘടനകൾ ധാരാളമുണ്ട്. മത സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്ന സംഘടനകളുടെ പങ്കാളിത്തവും നേതൃത്വവും ഈ പാഞ്ചയത്തിൽ കുറവാണ്. വനിതാ സംഘടനകളിൽ നേതൃസ്ഥാനത്തു് നിന്നു് പ്രവർത്തിക്കുന്നവർ ആരുമില്ല. അംഗത്വമെടുത്തു് പ്രവർത്തിക്കുന്നവർ 5% മാത്രമാണ്. മഹിളാ സംഘം, ഗേൾസ് ഇസ്ലാമിക് ഓർഗനൈസേഷൻ ജനാധിപത്യ മഹിളാ അസോസിയേഷൻ തുടങ്ങിയ സംഘടനകൾ വനിതകൾക്കിടയിൽ പ്രവർത്തിക്കുന്നു. അംഗൻവാടികളുടെ നടത്തിപ്പിനു് സഹായിക്കുന്ന മഹിളാസമാജങ്ങൾ സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിക്കത്തക്കവിധം ഊർജ്ജിതപ്പെടുത്തുകയും ക്രമപ്പെടുത്തുകയും ചർച്ചകൾ സംഘടിപ്പിക്കുകയും ചെയ്യണം. സമൂഹവിവാഹത്തിനു് സാമൂഹ്യ പ്രസക്തിയുണ്ട്.

തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു് ആരംഭിച്ചിട്ടുള്ള സംരംഭങ്ങളിൽ സ്ത്രീകൾ പങ്കാളികളാണെങ്കിലും നേതൃത്വം കൊടുക്കുവാൻ സ്ത്രീകൾക്ക് സാധിക്കുന്നില്ല. വനിതകൾ കൂടുതലായി പൊതുരംഗത്ത് വരാതിരിക്കുവാനുള്ള കാരണം സാമൂഹിക ചുററുപാടുകളാണ്. സ്ത്രീകളുടെ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നു. വിദഗ്ദ്ധതൊഴിലാളികളുടെ എണ്ണത്തിൽ പരിതാപകരമായ അവസ്ഥയാണ്. വസ്ത്രവ്യാപാരം, അച്ചടി, അദ്ധ്യാപനം, തുന്നൽ, ഓഫീസ് ജോലി തുടങ്ങിയ മേഖലകളിൽ പണിയെടുക്കുന്നവരുടെ ആകെ എണ്ണം 300ൽ താഴെയാണ്. കാർഷിക രംഗത്ത് തൊഴിലെടുക്കുന്നവരിൽ അധികവും പട്ടികജാതി വിഭാഗത്തിൽ വരുന്നവരാണ്. പഞ്ചായത്തിൽ ആകെയുള്ള സ്ത്രീകളിൽ 98 ശതമാനം പേരും വീട്ടമ്മമാരായി ഭവനങ്ങളിൽ ഒതുങ്ങുന്നു. സാമൂഹ്യമാററങ്ങളിൽ പങ്കാളിത്തം ലഭിക്കാൻ അവസരം കിട്ടാത്ത ഈ വിഭാഗത്തെ 'പെണ്ണ് വേലചെയ്ത് കുടുംബം പുലർത്തുന്ന' വലിയ പോരായ്മയെ ചൂണ്ടിതടയിടുകയും നിലവിലുള്ള അവസ്ഥ അതേപടി തുടരുകയും ചെയ്യുന്നു. സാങ്കേതികമായി സ്ത്രീകൾ കുടുംബനാഥരല്ലെങ്കിലും വിദേശങ്ങളിൽ ജോലിക്കായി പുരുഷന്മാർ പോയിരിക്കുന്നതുകൊണ്ട് പ്രായോഗികമായി ഗൃഹനായകസ്ഥാനം വഹിക്കുന്നവർ ധാരാളമുണ്ട്. ഈ അവസ്ഥ കുടുംബങ്ങളിൽ സ്വാധീനം ചെലുത്തുവാൻ സ്ത്രീകളെ സഹായിക്കുന്നു. എന്നാവരികിലും കുടുംബത്തിന്റെ നിയന്ത്രണം സ്ത്രീകളിൽ എത്തുന്നു എന്നു് പറയുകവയ്യ. തൊഴിലെടുക്കുന്ന സ്ത്രീകളിൽ സംഘടിത ബോധം ഉണ്ടാകുകയും അവരവരുടെ മേഖലകളിൽ നേതൃത്വപരമായ പങ്ക് വഹിക്കുന്നതിനു് സാധിക്കുകയും വേണം. സമൂഹത്തിൽ ഉന്നതപദവിയിൽ കഴിയുന്നവരുടെ സ്ത്രീവീക്ഷണം നീതി പുലർത്തുന്നവയല്ല. കുടുംബത്തിന്റെ സാമ്പത്തിക ആസൂത്രണത്തിൽ തുല്യപരിഗണന സ്ത്രീകൾക്ക് കിട്ടുന്നില്ല. ഇതു് സ്ത്രീകളുടെ സ്വാശ്രയബോധം നഷ്ടപ്പെടുത്തുന്നു. കുട്ടികളുടെ വളർച്ചയിൽ നിർണ്ണായക

സ്വാധീനമുള്ള അമ്മമാർക്ക് തീരുമാനമെടുക്കുവാനുള്ള കഴിവ് ഉണ്ടാകണം. ആകെയുള്ള ജനസംഖ്യയിൽ 17,200 പേർ സ്ത്രീകളാണ്. ആരോഗ്യകാര്യങ്ങളിൽ സ്ത്രീകൾ തുലോം പിന്നിലാണ് അസുഖങ്ങളെക്കുറിച്ചുള്ള അജ്ഞത മാററിയെടുക്കുന്നതിന് PHC കളും ICDS പ്രോജക്ററും കൂട്ടായി ശ്രമിച്ചതിന്റെ ഫലം ദൃശ്യമാണ്. പഞ്ചായത്തിലെ ജനനനിരക്ക് 19.7 ശതമാനമാകുന്നു. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. പ്രജനനത്തെക്കുറിച്ചും, ഗർഭകാല ശുശ്രൂഷയെക്കുറിച്ചും, ശിശു പരിപാലനത്തെക്കുറിച്ചും വേണ്ടത്ര ബോധം സ്ത്രീകളിൽ ഉണ്ടായിട്ടില്ല. രക്തഗ്രൂപ്പുകൾ നവജാത ശിശുക്കളിൽ ചില രോഗങ്ങൾക്ക് കാരണമാകുന്നു. ഇതിനെക്കുറിച്ച് സ്ത്രീകൾ അജ്ഞരാണ്. എയ്ഡ്സ് തുടങ്ങിയ രോഗങ്ങളെക്കുറിച്ച് സവിസ്തരം അറിയുകയും, പഠിക്കുകയും, പറയുകയും ചെയ്യുവാനുള്ള ബാദ്ധ്യത സ്ത്രീകളിൽ ഏറെറടുക്കണം. ഗർഭിണികളും മുലയൂട്ടുന്നവരുമായി 523 പേർ ലഭ്യമായ കണക്കുകാരം പഞ്ചായത്തിലുണ്ട്, വൈധവ്യം സ്ത്രീകളെ തളർത്തിക്കളയുന്ന സാമൂഹ്യ പ്രശ്നമാണ്. വിധവകളെ സഹായിക്കേണ്ട ബാദ്ധ്യത സമൂഹത്തിനുണ്ട്. 82 പേർക്ക് വിധവാപെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. പെൻഷൻ ലഭിക്കാത്തവരായി 100 പേർ ഉണ്ട്. വിധവകളുടെ പെൻഷൻകാര്യത്തിൽ കാലതാമസം ഉണ്ടാകരുത്. സ്ത്രീപീഡനങ്ങൾ വർധിച്ച് വരുന്നുണ്ട്. ഒരുതരം നിസംഗതയോടെ ഇത്തരം കയ്യേററങ്ങൾ നോക്കിക്കാണുന്ന സമീപനം സമൂഹത്തിൽ കാണപ്പെടുന്നു ഇക്കാര്യത്തിൽ മൗലീകമായ മാററം ഉണ്ടാകണം. അതിനാവശ്യമായ ബോധവത്ക്കരണം നടത്തണം. വാർത്താമാധ്യമങ്ങൾ സ്ത്രീകളെ പരസ്യത്തിന് ഉപയോഗിക്കുന്നു. ഇലക്ട്രോണിക് മാധ്യമങ്ങൾ ഒരുക്കുന്ന വിനോദോപാധികൾ സ്ത്രീകളുടെ മനസ്സ് ദുർബലമാണെന്ന് പ്രചരിപ്പിക്കുന്നു. അനാചാരമാണെന്ന് അറിഞ്ഞുകൊണ്ടുതന്നെ അനുഷ്ഠിക്കാൻ ബാദ്ധ്യതപ്പെട്ടവരാണെന്നുള്ള ബോധതലത്തിലേക്ക് സ്ത്രീസമൂഹം എത്തുന്നു. അതുകൊണ്ട് സതിയടക്കം സമൂഹത്തിൽ കാണപ്പെടുന്ന പല അനാചാരങ്ങളോടും പ്രതിഷേധം ഉയരുന്നില്ല. പഞ്ചായത്തിൽ 6 DWRCA യൂണിററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 70 പേർ ജോലി ചെയ്യുന്നു. രണ്ട് ക്ഷീരോല്പാദന വ്യവസായവുമായി ബന്ധപ്പെട്ട് 12 പേരും, ബേക്കൺ ചെരിപ്പ് നിർമ്മാണശാലയിൽ 16 പേരും ജോലി ചെയ്യുന്നു. വിദ്യാഭ്യാസ കാര്യത്തിൽ സ്ത്രീകൾ തുലോം പിന്നിലാണ്. ഇതിന് സാമൂഹ്യ സാഹചര്യങ്ങൾ കാരണമാകുന്നു. ഉന്നത വിദ്യാഭ്യാസം നേടുന്ന സ്ത്രീകളുടെ എണ്ണം കുറവാകുന്നു. ചെറുപ്പത്തിലെ വിവാഹിതരാകുന്നതും സ്ത്രീകൾ പഠിച്ചിട്ട് ആവശ്യമില്ലെന്നുള്ള ചിന്താഗതിയുമാണ് ഇതിന് കാരണം. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ എണ്ണം 8778 ആണ്. സ്ത്രീകൾ ചൂഷണം ചെയ്യപ്പെടാതിരിക്കുന്നതിന് ചൂഷണം ചെയ്യപ്പെടുന്നു എന്ന തിരിച്ചറിവ് അവരിൽ ഉണ്ടാകണം. CBNB പ്രോഗ്രാം സ്ത്രീകളിൽ സ്വാശ്രയ ബോധവും സമ്പാദ്യശീലവും വളത്തുന്നു; സ്വയംതൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നു.

സ്ത്രീകളുടെ പ്രാതിനിധ്യം നിയമനിർമ്മാണ സഭകളിൽ കൂടുതലായി ഉണ്ടാകണം. ഇതിനുള്ള ഒരു തുടക്കമാണ് ഇപ്പോൾ പാർലമെൻറിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ള നിയമനിർമ്മാണം.

നാടിന്റെ നാനാഭാഗങ്ങളിലും കാണപ്പെടുന്ന പോസ്റ്ററുകളും, പരസ്യങ്ങളും, നഗ്ന ചിത്രങ്ങളും സ്ത്രീത്വത്തിന്റെ മഹനീയതയെ ചോദ്യം ചെയ്യുന്നവയാണ്.

### *പ്രശ്നങ്ങൾ:-*

i) വനിതകൾക്ക് മാത്രമായുള്ള തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ അപര്യാപ്തത.

ii) ആനുപാതിക സംവരണ തത്വങ്ങൾ പാലിക്കാത്തതുമൂലമുള്ള വൈഷമ്യങ്ങൾ.

iii) ഏകീകൃത കൂലിവ്യവസ്ഥയുടെ അഭാവം.

iv) തൊഴിൽരംഗത്തെ കുറഞ്ഞ കൂലി.

v) കാർഷികരംഗത്തെ നാണ്യവിള ഭ്രമം.

vi) നെല്ലുല്പാദനരംഗത്തെ മുരടിപ്പ്.

vii) സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സാങ്കേതികജ്ഞാനത്തിന്റെ പരിമിതി.

viii) തൊഴിൽമേഖല വികസിപ്പിക്കുന്നതിന് ധനമില്ലായ്മ.

ix) ശിശു സംരക്ഷണ സൗകര്യങ്ങളുടെ അപര്യാപ്തത.

**_പരിഹാരങ്ങൾ:-_**

i) സ്ത്രീകൾക്ക് യോജിച്ച സാങ്കേതിക വിദ്യാഭ്യാസം നൽകുക.

ii) ചെറുകിട വ്യവസായ സംരംഭങ്ങൾ കൂടുതലായി ഉണ്ടാക്കുക.

iii) വനിതകളുടെ സംഘടനകൾക്ക് സഹായധനം അനുവദിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക.

iv) വീടുകളോട് അനുബന്ധിച്ച് നടത്താവുന്ന തൊഴിൽ സംരംഭങ്ങൾ വികസിപ്പിക്കുക.

v) സ്ത്രീകളുടെ പ്രശ്നങ്ങളെക്കുറിച്ച് സമൂഹത്തിൽ ബോധവൽക്കരണം നടത്തുക.

vi) ശിശുപരിപാലന സങ്കേതങ്ങൾ ധാരാളമായി ഉണ്ടാക്കുക.

# പാർപ്പിടം

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളിലൊന്നാണ് പാർപ്പിടം. ഐക്യരാഷ്ട്ര സംഘടന നിശ്ചയിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശമനുസരിച്ച് വർദ്ധിച്ചുവരുന്ന 1000ജനതയ്ക്ക് 10എന്ന കണക്കിന ഭവനനിർമ്മാണം നടക്കേണ്ടതാണ്. എന്നാൽ ഭാരതത്തിൽ ഇത് 0.5 എന്ന തോതിൽ മാത്രമേ നടക്കുന്നുള്ളു.

1991-ലെ സെൻസസ് അനുസരിച്ച് കേരളത്തിൽ 54000 വീടുകളുടെ കുറവുണ്ട്. കേരളത്തിലെ പിന്നോക്ക ജില്ലകളിൽ ഒന്നായ മലപ്പുറം ജില്ലയിലെ താഴെക്കോട് പഞ്ചായത്തിൽ 35035 ആണ് ജനസംഖ്യ. പഞ്ചായത്തിൽ ആകെ 6612വീടുകളാണുള്ളത്.

ഗൾഫ് പണത്തിന്റെ സ്വാധീനഫലമായി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ കോൺക്രീററ് സൗധങ്ങൾ തലയുയർത്തി നിൽക്കുന്നതായി കാണാം ഗൾഫ് പണത്തിന്റെ സിംഹഭാഗവും ഭവനനിർമ്മാണ പ്രവൃത്തികൾക്ക് വേണ്ടി ചിലവഴിക്കപ്പെടുന്നു. ഇത്തരം വീടുകൾക്ക് ലക്ഷക്കണക്കിന രൂപ ചെലവ് വരുന്നുണ്ട്. ഇത്തരത്തിലുള്ള വീടുകൾ ഒരു ഭാഗത്ത് കാണുമ്പോൾ മറുഭാഗത്ത് കാണാൻ കഴിയുന്നത് തറ, ചുമർ, മേൽക്കൂര, വിസ്തീർണ്ണം എന്നിവ പരിഗണിച്ചാൽ 25%വീടുകളും തൃപ്തികരമല്ലാത്ത നിലയിലാണ്.

മൊത്തം വീടുകളുടെ 80%ഓടിട്ടതും, 12% ഓലമേഞ്ഞതും 8% വീടുകൾ കോൺക്രീററ് ബിൽഡിംഗുകളുമാണ്. ബഹുഭൂരിപക്ഷം വീടുകളുംവെട്ടുകല്ലിൽ പണിതീർത്തതാണ്. പുതുതായി ഉണ്ടാക്കുന്ന വീടുകൾക്ക് ഇഷ്ടികയും ഉപയോഗിച്ച് കാണുന്നു. കോൺക്രീററ്ബിൽഡിംഗുകളിൽ അധികവും മൊസൈക്ക് ഉപയോഗിച്ചിരിക്കുന്ന ഇടത്തരം വീടുകൾ കാവി ഉപയോഗിച്ചാണ് നിലം പണി തീർത്തിരിക്കുന്നത്. കുടിലുകൾ ചാണകവും മണ്ണും ആണ് ഉപയോഗിച്ചിരിക്കുന്നത്.

ടാറിട്ട റോഡിന് സമീപമായാണ് വലിയ വീടുകൾ ഉയർന്നുവരുന്നത്. ചെലവ് കുറഞ്ഞ രീതി പ്രചാരണിൽ വന്നിട്ടില്ല. വയൽ നികത്തി കെട്ടിടം പണിയുന്ന സ്ഥിതിയും പഞ്ചായത്തിൽ ഉണ്ട്. കാർഷികമേഖലയ്ക്ക് കോട്ടം തട്ടുന്ന രീതിയിലുള്ള ഒന്നാണിത്.

ഗ്രാമീണ ഭവന നിർമ്മാണത്തിന് സഹായം ലഭ്യമാക്കുന്ന ഒരു സ്ഥാപനം പഞ്ചായത്തിൽ ഇല്ല. പെരിന്തൽമണ്ണ കാർഷിക വികസന ബാങ്കിലുള്ള ഭവന നിർമ്മാണ പദ്ധതിയെയാണ് ജനങ്ങൾ ആശ്രയിച്ചുകൊണ്ടിരിക്കുന്നത്. അമിതമായ പലിശ, സങ്കീർണ്ണമായ ജാമ്യവ്യവസ്ഥ, വായ്പ കിട്ടാനുള്ള കാലതാമസം മുതലായവ ഈ രംഗം നേരിടുന്ന പ്രശ്നങ്ങളാണ്. സർക്കാർ പദ്ധതികളിലൂടെ കഴിഞ്ഞ 10 വർഷങ്ങളായി 250ഓളം വീടുകളാണ് പണിതീർത്തിരിക്കുന്നത്. സർക്കാർ പദ്ധതികളിലൂടെ കൂടുതൽ ആളുകൾക്ക് പ്രയോജനം ലഭിച്ചാൽ മാത്രമെ ഈ രംഗം നേരിടുന്ന പ്രശ്നത്തിന് പരിഹാരമാവുകയുള്ളൂ.

## പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികൾ ആവശ്യത്തിന് ലഭിക്കുന്നില്ല
2. സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവം
3. സ്ഥിരവരുമാനമില്ലാത്തവർക്ക് കെട്ടിടനിർമ്മാണ വായ്പ ലഭ്യമാകുന്നില്ല.
4. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലക്കയററം
5. അമിതമായ കൂലി നിരക്ക്
6. ദുർബല വിഭാഗക്കാർക്ക് ഭവന നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി ശരിയായി നടപ്പാക്കുന്നില്ല.
7. വായ്പ ലഭിക്കാൻ കാലതാമസം വരുന്നു
8. കുറഞ്ഞ ചെലവിൽ കൂടുതൽ സൗകര്യമുള്ള വീടുണ്ടാക്കുന്നതിനെക്കുറിച്ചുള്ളഅവബോധംഇല്ലാത്ത.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക.

2. കെട്ടിടനിർമ്മാണസാമഗ്രികളുടെ വിലകുറയ്ക്കുക.

3. ഹൗസിംഗ് സൊസൈററികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

4. ചെലവ് കുറഞ്ഞ നിർമ്മാണ രീതികളുടെ പ്രചാരം.

5. താല്പര്യക്കാർക്ക് വിദഗ്ദ്ധതൊഴിലുകൾ പരിശീലിപ്പിക്കുക.

6. ഭൂരഹിതർക്കും നിർധനർക്കുമുള്ള പ്രത്യേക ഭവന നിർമ്മാണപദ്ധതികൾ നടപ്പിലാക്കുക.

7. ഭവനനിർമ്മാണത്തിലുള്ള ദുർവ്യയം ഒഴിവാക്കുക.

# സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമപരിപാടികൾക്ക് അഖിലേന്ത്യാ തലത്തിൽ ബജററിൽ 1.02 ശതമാനം ചെലവാക്കുമ്പോൾ കേരളത്തിൽ 2.8 ശതമാനം ചെലവാക്കുന്നു. ദുർബല വിഭാഗത്തിനെ സഹായിക്കാനായി കേരളത്തിൽ 30 സാമൂഹ്യക്ഷേമ പദ്ധതികൾ നിലവിലുണ്ട്. റവന്യൂബോർഡും ലേബർ വകുപ്പുമാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

കേരളത്തിലെ പിന്നോക്ക ജില്ലകളിൽ ഒന്നായ മലപ്പുറം ജില്ലയിൽ പാലക്കാട് ജില്ലാതിർത്തിയിലാണ് താഴേക്കോട് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. മൊത്തം ജനസംഖ്യയുടെ 15% ജനങ്ങൾ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ പെട്ടവരാണ് I R D P സർവ്വേപ്രകാരം 2472 കുടുംബങ്ങൾ ഇന്നും ദാരിദ്ര്യരേഖക്ക് താഴെയാണ്. സർക്കാർ ആവിഷ്ക്കരിച്ച സാമൂഹ്യക്ഷേമ പരിപാടികൾ പഞ്ചായത്തിൽ ലഭ്യമാവുന്നുണ്ടെങ്കിലും എല്ലാ അർഹതയുള്ളവർക്കും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. ദാരിദ്ര്യരേഖക്കു താഴെയുള്ള ജനങ്ങളെ ഉയർത്തിക്കൊണ്ടു വരുന്നതിനുവേണ്ടി വിശദമായ സർവ്വേ നടത്തി അർഹർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാകണം.

I R D P സർവ്വേ പ്രകാരം-ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ വിവരം

| സർവ്വേ പ്രകാരം ആകെ കണ്ടെത്തിയ കുടുംബങ്ങളുടെഎണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖ ക്കുമുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|
| 2472 | 414 | 242 | 147 | 165 | 2307 |

ട്രൈസം—തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വർഷം | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ വിവരം | ഇതര തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 92_93 | എയർകണ്ടീഷനിംഗ് | 1 | 1 | – | — |
| 93_94 | റേഡിയോ, ടി വി മെക്കാനിസം | 2 | 2 | – | — |
| ,, | പെയിൻറിംഗ് | 3 | 2 | 1 | — |
| ,, | മോട്ടോർവൈൻറിംഗ് | 2 | – | 2 | — |
| 94_95 | ,, | 2 | – | 2 | — |
| ,, | ടി വി മെക്കാനിസം | 4 | 1 | 3 | — |
| 95_96 | റേഡിയോ, ടി വി മെക്കാനിസം | 4 | 1 | 3 | — |
| ,, | സ്പ്രേ പെയ്ൻറിംഗ് | 2 | 1 | 1 | — |
| ,, | വെൽഡിംഗ് | 1 | 1 | 1 | — |

## DWCRA പദ്ധതി പ്രകാരം രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തന ക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|
| 1. വട്ടപറമ്പ് കൈകുത്തരി നിർമ്മാണം | 89–90 | 10 | ഭാഗികമായി പ്രവർത്തിക്കുന്നു. |
| 2. കാപ്പുമുഖം–കരിങ്കല്ല് ഉടക്കൽ | 90–91 | 19 | ,, |
| 3. വെള്ളപാറ പശുവളർത്തൽ | 91–92 | 10 | പ്രവർത്തിക്കുന്നു. |
| 4. പായ നെയ്ത്ത് (അംബേദ്കർ ഗ്രാമം) | 92–93 | 15 | ,, |
| 5. അരക്കപറമ്പ്–പശു യൂണിററ് | 93–94 | 5 | ഭാഗികമായി പ്രവർത്തിക്കുന്നു. |
| 6. പുത്തൂർ റെഡിമെയ്ഡ് യൂണിററ്–അരക്കപറമ്പ് | 95–96 | 11 | പ്രവർത്തനം ഉടൻ തുടങ്ങും |

### പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

| അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയ രോഗി പെൻഷൻ | കുഷ്ഠരോഗി പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ |
|---|---|---|---|---|---|---|
| 6 | 82 | 51 | 3 | 10 | 2 | 733 |

പെൻഷനുകൾ അർഹരായ എല്ലാവർക്കും ലഭിക്കുന്നില്ല. സാങ്കേതികമായ തടസ്സങ്ങളും അർഹരായവരുടെ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും ഇതിന് കാരണങ്ങളാണ്. അർഹരായ ആളുകളെ കണ്ടെത്തുന്നതിന് സന്നദ്ധസംഘടനകളെ ഉപയോഗിച്ച് സർവ്വെ നടത്തണം.

പഞ്ചായത്തിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും പ്രവർത്തനങ്ങൾ അത്ര തൃപ്തികരമല്ല. പഞ്ചായത്തിൽ രണ്ട് ബാലവാടികൾ നല്ലനിലയിൽ പ്രവർത്തിച്ച് വരുന്നു. ബാലവാടികളിൽ ഒന്ന് അരക്കപറമ്പിലെ മാട്ടാറയിലും മറെറാന്ന് പൂവ്വത്താണിയിലുമാണ് സ്ഥിതി ചെയ്യുന്നത്. 12 വാർഡുകളിലായി 17 അംഗൻവാടികൾ പഞ്ചായത്തിൽ ഉണ്ട്.

### അംഗൻവാടികൾ–

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പരിവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 17എണ്ണം ഉണ്ട്. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടി എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കാൻ സാധിച്ചിട്ടില്ല. ആയതുകൊണ്ട് അംഗൻവാടികളിൽ കുട്ടികളുടെ ബാഹുല്യം അനുഭവപ്പെടുകയും പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമികസൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാകുന്നു. സ്വന്തമായി സ്ഥലമില്ലാത്തതും കെട്ടിടമില്ലാത്തതും ഉള്ള കെട്ടിടങ്ങളുടെ കെട്ടുറപ്പില്ലായ്മയും കുട്ടികൾക്കാവശ്യമായ കളിപ്പാട്ടങ്ങൾ ഇല്ലാത്തതും അംഗൻവാടികൾ നേരിടുന്ന പ്രശ്നങ്ങളാണ്. വരും തലമുറയെ വാർത്തെടുക്കേണ്ട അംഗൻവാടികൾ അതിന്റെ ലക്ഷ്യസാക്ഷാൽക്കാരത്തിലെത്തിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.

## പ്രശ്നങ്ങൾ

1) ദാരിദ്രനിർമ്മാജ്ജന പദ്ധതികൾ വളരെ കുറച്ച് ആളുകൾക്ക് മാത്രമെ ലഭിക്കുന്നൊള്ളൂ.

2) അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല.

3) പദ്ധതിയെ സംബന്ധിക്കുന്ന വിവരങ്ങൾ സാധാരണക്കാരായ ജനങ്ങൾ അറിയുന്നില്ല.

4) ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ തന്നെ യഥാസമയം ലഭിക്കുന്നില്ല,

5) IRDP പദ്ധതിയിൽ ഏതെങ്കിലും കുടുംബത്തിനു് സഹായം ലഭിച്ചാൽ ആ കുടുംബത്തിൽപ്പെട്ട മററാക്കം ആനുകൂല്യങ്ങൾലഭ്യമാകുന്നില്ല.

6) അംഗൻവാടികളിൽ ആവശ്യത്തിനു് കളിപ്പാട്ടങ്ങളും മററും ലഭ്യമാകുന്നില്ല.

7) അർഹരായ എല്ലാവരെയും കണ്ടെത്താനുള്ള സംവിധാനമില്ല.

7. IRDP പദ്ധതിയിൽ അർഹതപ്പെട്ടവർക്ക് മുഴുവൻ പദ്ധതികളുടെയും സഹായം ലഭ്യമാക്കണം.

## പരിഹാരനിർദേശങ്ങൾ

1) സാമൂഹ്യക്ഷേമ പദ്ധതികൾക്ക് അർഹരായവരെ കണ്ടെത്തുന്നതിനുവേണ്ടി സർവ്വെ നടത്തുക.

2) വനിതകൾക്കായി കൂടുതൽ DWCRA യൂണിററുകൾ ആരംഭിക്കുക.

3) അംഗൻവാടി കെട്ടിടങ്ങൾക്ക് കെട്ടിടം പണിയാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക

4. അംഗൻവാടികളിലൂടെ നല്കുന്ന പോഷകാഹാരത്തിനു് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക

5. അംഗൻവാടി വർക്കർമാരെയും ഹെല്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

6. ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടുന്നവർക്ക് തൊഴിൽ ലഭിക്കുന്നുവെന്നു് ഉറപ്പുവരുത്താൻ വേണ്ട സഹായങ്ങൾ ചെയ്യുന്നില്ല.

## പൊതുവിതരണം

പഞ്ചായത്തിൽ ആകെ 12 റേഷൻ ഷാപ്പുകളാണുള്ളതു്. ഇതിൽ 4413 കാർഡുകളുണ്ടു്. പൊതുവിതരണ രംഗത്തു് ഒരു മാവേലിസ്റ്റോർ ആണു് പഞ്ചായത്തിലുള്ളതു്. കടികല്ലത്താണിയിലാണിതു് പ്രവർത്തിക്കുന്നതു്. പ്രസ്തുതസ്ഥാപനം പഞ്ചായത്തിലെ ജനങ്ങൾ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്തുന്നില്ല. പഞ്ചായത്തിലെ അരക്കുപറമ്പ് വില്ലേജിൽ ഒരു മാവേലി സ്റ്റോർ ആവശ്യമാണു്.

കാർഡില്ലാത്ത ഏകദേശം നൂറോളം കുടുംബങ്ങളും കാർഡിൽ ഉൾപ്പെടാത്ത 300 ആളുകളും പഞ്ചായത്തിൽ ഉണ്ടു്. പഞ്ചായത്തിൽ ഒരു സർവ്വെയുടെ അടിസ്ഥാനത്തിൽ ആവശ്യമായിടത്തു് റേഷൻകടകൾ അനുവദിക്കേണ്ടതുണ്ടു്. പഞ്ചായത്തിലെ റേഷൻഷാപ്പുകളുടെ പരിപൂർണ്ണമായഅധികാരം പഞ്ചായത്തിനു് നല്കിയാൽ ഈ രംഗത്തുള്ള ആവലാതികൾ പരിഹരിക്കാൻ സാധിക്കും. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും കുററമററതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണസമിതി രൂപീകരിക്കണം.

## വിദേശ ഇന്ത്യക്കാർ നേരിടുന്ന പ്രശ്നങ്ങൾ

പഞ്ചായത്തിൽ ധാരാളം ആളുകൾ വിദേശത്തു് പോയി ജോലി ചെയ്യുന്നവരുണ്ടു്. നാട്ടിൽ ഒരു ജോലി കിട്ടാനുള്ള പ്രയാസം കാരണമാണു് ഇത്രയും ആളുകൾ ഗൾഫിലേക്കു് ജോലി തേടി പോകുന്നതു്. വിദേശ രാജ്യങ്ങളിൽ പുതുതായി നിലവിൽ വന്നുകൊണ്ടിരിക്കുന്ന വിസാ നിയമങ്ങൾ വിദേശ ഇന്ത്യക്കാർക്ക് വലിയ ഒരു പ്രശ്നമാണു്. ധാരാളം ആളുകൾ നാട്ടിലേക്കു് തിരിച്ചു് പോരേണ്ട അവസ്ഥാവിശേഷം സംജാതമായിരിക്കുന്നു. ഇവർ നാട്ടിൽ വന്നു്കഴിഞ്ഞാൽ മററു് ജോലികളൊന്നും ഇല്ലാത്ത ഒരു അവസ്ഥയുണ്ടു്. ഈ പ്രശ്നം പരിഹരിക്കുന്നതിനു് വേണ്ടി വിദേശ ഇന്ത്യക്കാരെ പുനഃരധിവസിപ്പിക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിക്കണം. ജോലി സാധ്യതകളുടെ കുറവ്, പണത്തിന്റെ മൂല്യശോഷണം, തുടങ്ങിയ പ്രശ്നങ്ങൾ കാരണമാണു് വിദേശരാജ്യങ്ങളെ ആശ്രയിക്കേണ്ടിവന്നിരിക്കുന്നതു്.

## നിർദ്ദേശങ്ങൾ

1 ഗൾഫ്കാരുടെ കയ്യിൽ നിന്ന് ഒരു നിശ്ചിത സംഖ്യ സ്വരൂപിച്ച് പഞ്ചായത്തിൽ ഒരു ക്ഷേമ നിധി രൂപീകരിക്കുക.

2 സഹകരണാടിസ്ഥാനത്തിൽ കാർഷിക മേഖലയിൽ നിക്ഷേപങ്ങൾ സമാഹരിച്ച് കൃഷി മേൽനോട്ടം, പരിചരണം, ശേഖരണം, വിൽപന എന്നിവ നടത്തുന്നതിന് സംഘങ്ങൾ ഉണ്ടാക്കുക.

3 കൂട്ടായ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

4 വ്യവസായരംഗത്ത് മുതലിറക്കാൻ പ്രോത്സാഹിപ്പിക്കുക.

5 ആർഭാട ചെലവുകൾ നിയന്ത്രിക്കാൻ ബോധവൽക്കരണം ചെയ്യുക.

6 സമ്പാദ്യശീലം വളർത്താൻ പ്രോത്സാഹനം നൽകുക.

# കൃഷിയും ജലസേചനവും

തികച്ചും ഒരു കാർഷിക ഗ്രാമമാണ് താഴെക്കോട് പഞ്ചായത്ത്. അരക്കുപറമ്പ്, താഴെക്കോട് എന്നീ രണ്ട് വില്ലേജുകളായാണ് പഞ്ചായത്ത് വിഭജിക്കപ്പെട്ടിട്ടുള്ളത്. 11,123.76 ഏക്കർ വിസ്തൃതിയുള്ള പഞ്ചായത്തിൻെറ 75% സ്ഥലത്തും പലതരം കൃഷി ചെയ്തുവരുന്നുണ്ട്. വലിയ മലകളും, ചെറുകുന്നുകളും, സമതലങ്ങളും താഴ്വരകളിലുള്ള നെൽവയലുകളും അടങ്ങിയിട്ടുള്ളതാണ് പഞ്ചായത്തിൻെറ ഭൂപ്രകൃതി. മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്തു വരുന്നത്.

ഭൂമിയുടെ മൊത്തം വിസ്തീർണ്ണം പട്ടിക 1-ൽ ചേർത്തിരിക്കുന്നു.

പട്ടിക-1

(Ref. A രജിസ്റ്റർ, B T രജിസ്റ്റർ)

| വില്ലേജിൻെറ പേര് | ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ | | | |
|---|---|---|---|---|
| | പുരയിടം | നിലം | പുറംപോക്ക് | ആകെ |
| അരക്കുപറമ്പ് | 4260.97 | 873.26 | 53.55 | 5187.78 |
| താഴെക്കോട് | 4921.83 | 910.49 | 103.66 | 5935.98 |
| ആകെ | 9182.80 | 1783.75 | 157.21 | 11123.76 |

പുരാതന കാലം മുതൽക്ക് തന്നെ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന ജനവിഭാഗങ്ങളാണ് ഭൂരിഭാഗവും, മൊത്തം ജനസംഖ്യയുടെ മുക്കാൽ ഭാഗവും കർഷക തൊഴിലാളികളായിരുന്നു. പ്രധാന വിളയായിരുന്ന നെൽകൃഷിയെ മാത്രം ആശ്രയിച്ചായിരുന്നു ഉപജീവനം നടത്തിയിരുന്നത്. നവീന രീതിയിലുള്ള കൃഷിസമ്പ്രദായങ്ങളോ, ശാസ്ത്രീയവളപ്രയോഗങ്ങളോ നിലവിലുണ്ടായിരുന്നില്ല. കീട ബാധകൾക്കെതിരായി മന്ത്രവാദം പോലുള്ള ചികിത്സാരീതികളും ആ നാളുകളിൽ അവലംബിച്ചിരുന്നു. ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനോ കൂടുതൽ നാണ്യ വിളകൾ കൃഷിചെയ്യുന്നതിനോ പ്രാധാന്യം നല്കിയിരുന്നില്ല. തെങ്ങ്, കശുമാവ്, കമുക് എന്നിവയായിരുന്നു മററു കൃഷികൾ.

### ഭൂപരിഷ്ക്കരണം

ഭൂപരിഷ്ക്കരണ നിയമം വരുന്നതിനുമുമ്പ് കൃഷിയിടങ്ങളിലെല്ലാം തന്നെ ജന്മിമാരുടെ കൈകളിലായിരുന്നു. എന്നാൽ ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ ജൻമി-കുടിയാൻ വ്യവസ്ഥ നിലക്കുകയും ഭൂമി സർക്കാർ കൈവശക്കാരന് പതിച്ചു നൽകുകയും ചെയ്യുതോടുകൂടെ ധാരാളം ചെറുകിട നാമമാത്ര കർഷകരുണ്ടായി. മണ്ണിൽ കനകം വിളയിക്കാനറിയാവുന്ന മണ്ണിൻെറ മക്കളുടെ കൈകളിൽ ഭൂമി ലഭിച്ചത് കൊണ്ട് അതുവരെ തരിശായി കിടന്നിരുന്ന ഭൂമിയിലെല്ലാം തന്നെ കൃഷിയിറക്കാൻ തുടങ്ങി. തൻമൂലം ഉത്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചു.

(ഭൂവുടമകളുടെ എണ്ണം പട്ടിക_2_ൽ നിന്ന മനസ്സിലാക്കാം)

പട്ടിക 2
ഭൂവുടമസ്ഥത സംബന്ധിച്ച വിവരങ്ങഠം Ref: (Aരജിസ്റ്റർ, B T രജിസ്റ്റർ)

| ഉടമസ്ഥരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1_10 സെൻറ് | 10_25 സെൻറ് | 25_50 സെൻറ് | 50_100 സെൻറ് | 1_2 ഏക്കർ | 2_5 ഏക്കർ | 5 ഏക്കറി നമുകളിൽ |
| 382 | 431 | 986 | 932 | 522 | 217 | 103 |

ഭൂപരിഷ്ക്കരണം നടപ്പിലാക്കിയതിനുശേഷം കാർഷികമായി ഉണ്ടായിട്ടുള്ള പുരോഗതിക്ക് ആക്കം കൂട്ടുന്ന തരത്തിലായിരുന്നു കുടിയേററകർഷകരുടെ ആഗമനം. ഇവരുടെ ആഗമനത്തോടുകൂടിയാണ് കപ്പ, റബ്ബർ, കുരുമുളക് എന്നിവ വ്യാപകമായി കൃഷിചെയ്യാൻ തുടങ്ങിയത്. കാടും മലയും വെട്ടിത്തെളിച്ച് മണ്ണിനോട് മല്ലിടിച്ച് അതുവരെ ഒരു കൃഷിയും ചെയ്യാത്ത സ്ഥലങ്ങളിൽ പോലും പലതരം കൃഷികഠം ചെയ്ത് ഭൂവിനിയോഗത്തിന് മാതൃക കാട്ടിയവരായിരുന്നു കുടിയേററ കർഷകർ. നാണ്യ വിളകളും കപ്പ, ഇഞ്ചി തുടങ്ങിയവ വ്യാപകമായതും പച്ചക്കറികളുടെ വ്യാപകമായ കൃഷി തുടങ്ങിയതും ഇവരുടെ വരവോടെയാണ്. ഇന്ന് ഏററവും കൂടുതൽ ഭൂമി ഉപയോഗപ്പെടുത്തിയിരിക്കുന്നതു് റബ്ബർ കൃഷിക്കാണ്.

ആദ്യകാലങ്ങളിൽ നെൽകൃഷി ചെയ്തിരുന്നതു്. കുമ്പളം, കൂട്ടുമുണ്ടകൻ അരുവാക്കാരി, ചെങ്കഴമ, ആര്യൻ, വെള്ളക്കഴമ ചിറേറനി മുതലായ നാടൻ വിത്തിനങ്ങളായിരുന്നു. അക്കാലത്ത് ഉപയോഗിച്ചിരുന്നതു് ജൈവവളങ്ങഠം മാത്രമായിരുന്നു. പറമ്പുകളിൽ മോടൻ നെല്ല് (വിരിപ്പ്) കൃഷി ചെയ്തിരുന്നു ജലസേചനത്തിനായി തോടുകഠം, കളങ്ങഠം, എന്നിവ പരസ്പരധാരണയോടെ ചിറകെട്ടി സംരക്ഷിച്ചിരുന്നു. അവയിൽനിന്ന് ഏത്തം, കയർ കൊട്ട എന്നിവ ഉപയോഗിച്ച് ജലസേചനം നടത്തിയിരുന്നു കൊയ്ത്ത് കഴിഞ്ഞാൽ ചാമ, എള്ള്, കോറ, മുതിര മുതലായവയും കൃഷി ചെയ്തിരുന്നു.

1970_ഓടുകൂടി പട്ടാമ്പി നെൽ ഗവേഷണ കേന്ദ്രത്തിൽ നിന്ന് പുതിയ തരം വിത്തുകഠം നാട്ടിൽ വിതരണം ചെയ്യപ്പെട്ടതോടെ ജയ, ഐ. ആർ. 8, ജ്യോതി, അന്നപൂർണ തുടങ്ങിയ വിളകഠം ഉപയോഗിച്ച് കൃഷിചെയ്യാനും മടിച്ചു മടിച്ചാണെങ്കിലും ശാസ്ത്രീയ വളപ്രയോഗവും കൃഷിമുറയും ആരംഭിക്കാൻ തുടങ്ങി ജലസേചന സൗകര്യത്തിനായി പമ്പുസെററുകളും ഉപയോഗിക്കാൻ തുടങ്ങി. കാർഷിക രംഗത്ത് പരമ്പരാഗത ശൈലിയിൽ നിന്നും ഒരു വ്യതിയാനം ഈ കാലയളവിൽ ദൃശ്യമായി.

ഏതാണ്ട് ഇതേ കാലയളവിൽ തന്നെ ഗഠംഫു നാടുകളിലെ തൊഴിൽ സാധ്യത വർദ്ധിക്കുകയും തൊഴിലന്വേഷണത്തിന്റെ ഭാഗമായി ധാരാളം പേർ നാടുവിടുകയും ചെയ്തു. കർഷകർ_കർഷക തൊഴിലാളി കുടുംബങ്ങളിൽ നിന്നുമാണ് ഭൂരിഭാഗവും ഗഠംഫുമേഖലയിലേക്കു പോയതു്. തന്നിമിത്തം കർഷകത്തൊഴിലാളികളുടെ കമ്മി കാർഷിക രംഗത്ത് പ്രതിസന്ധി സൃഷ്ടിച്ചു. അതോടുകൂടെത്തന്നെ ജൈവ വളങ്ങളുടെ അപര്യാപ്തതയും രാസവളങ്ങളുടെ വിലവർദ്ധനയും സമയത്ത് വിത്ത്, വളം, വായ്പ എന്നിവയും ദൗർലഭ്യവും കാർഷിക രംഗത്തുള്ള പ്രതിസന്ധി മൂർഛരിക്കാൻ ഇടവരുത്തി. കാർഷികതൊഴിലാളികളുടെ കുറവും കൂലി വർദ്ധനവും ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങഠംക്ക് മതിയായ വിലകിട്ടാത്ത അവസ്ഥയും വന്നുചേർന്നപ്പോഠം നെൽകൃഷി നഷ്ടത്തിലായി. മറെറാരു വിഭാഗം തൊഴിലാളികഠം മെച്ചപ്പെട്ട വരുമാനമുള്ള നിർമ്മാണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടതോടുകൂടി കർഷക തൊഴിലാളികളുടെ കുറവ് ഏറെ അനുഭവപ്പെടാൻ തുടങ്ങി. കൂലിത്തൊഴിലാളികളായി തമിഴ്നാട്ടിൽ നിന്നുംനിരവധിആളുകഠം ഇന്ന് നമ്മുടെ നാട്ടിൽ പണിയെടുക്കുന്നു. തൊഴിൽ

രഹിതരായ വളരെയധികം പേർ നാട്ടിലുണ്ട്‌യെന്നത്‌ വിചിത്രമായിതോന്നാം ഗാഹ്യപണത്തിന്റെ സ്വാധീനം, തൊഴിലില്ലായ്മയുടെ രൂക്ഷത നല്ല ഒരളവോളം കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്‌. ഉപഭോക്തൃ സംസ്ക്കാരത്തിന്റെ പാത തിരഞ്ഞെടുക്കവാൻ നമ്മെ പ്രേരിപ്പിച്ചതും ഗാഹ്യപണത്തിന്റെ സ്വാധീനമാണ്‌.

പാതയോരങ്ങളിലും മററുമുള്ള നെൽവയലുകൾ നികത്തി കെട്ടിടങ്ങളുണ്ടാക്കുവാനും, വാഴ, തെങ്ങ്‌, കവുങ്ങ്‌ എന്നീ മററുവിളകൾ കൃഷിചെയ്യുവാനും തുടങ്ങിയതോടെ നെൽപ്പാടങ്ങൾ പ്രകൃതിയിലധികവും നഷ്ടപ്പെട്ടിരിക്കുന്നു.

കാർഷികരംഗത്തെ വേതന നിരക്ക്‌

താരതമ്യ പഠന പട്ടിക

| വർഷം | പുരുഷൻ | | | സ്ത്രീ | | |
|---|---|---|---|---|---|---|
| | കൂലി | സമയം | ഭക്ഷണം | കൂലി | സമയം | ഭക്ഷണം |
| 1965 | $2\frac{1}{4}$ക. | 7—5 | ഒരു നേരം | $1\frac{1}{4}$ക. | 7—5 | ഒരുനേരം |
| 1970 | 10–20ക | 8—5 | രണ്ടുനേരം | $7\frac{1}{2}$–10ക. | 5—5 | രണ്ടുനേരം |
| 1980 | 30—40 | 8—5 | രണ്ടുനേരം | 15—20 | 8—5 | രണ്ടുനേരം |
| 1990 | 50—70 | 8—5 | 2+1 | 25—40 | 8—5 | 2+1 |
| *1996 | 90–110 | *8–5 | *2+1 | 40+60 | 8—5 | 2+1 |

*ഉച്ചയ്ക്ക്‌ $1\frac{1}{2}$ മണിക്കൂർ വിശ്രമമുണ്ട്‌ (2+1)എന്നാൽ രണ്ടുനേരം ഭക്ഷണവും 4മണിക്ക്‌ ചായയും

കരഭൂമിയിൽ പ്രധാനമായും റബ്ബർ, തെങ്ങ്‌ കശുമാവ്‌, കവുങ്ങ്‌, കുരുമുളക്‌, ഫലവൃക്ഷങ്ങൾ പച്ചക്കറികൾ എന്നിവയാണ്‌ കൃഷിചെയ്യുന്നത്‌. നാളികേരത്തിനുള്ള വിലയിടിവും കുരുമുളക്‌ കൃഷിക്കുണ്ടാവുന്ന ദ്രുതവാട്ടം, സാവധാനവാട്ടം റബ്ബറിനു ചീക്ക്‌രോഗം, തെങ്ങിന്‌ സാധാരണയായി കണ്ടുവരുന്ന ചെന്നീരൊലിപ്പ്‌, മണ്ടചീയൽ എന്നിവയാണ്‌.

നാമമാത്ര കർഷകരാണ്‌ കൂടുതൽ. ചെറുകിട കർഷകരും വൻകിട കർഷകരും വളരെ കുറവാണ്‌. (പട്ടിക—3—ശ്രദ്ധിക്കുക) ഈ കാരണങ്ങൾ കൊണ്ടുതന്നെ ഗ്രൂപ്പ്‌ ഫാമിംഗ്‌ സമ്പ്രദായത്തിൽ നെൽകൃഷി വികസനത്തിന്‌ ഒട്ടേറെ തടസ്സങ്ങളുണ്ട്‌. നിലവിൽ 10 പാടശേഖരകമ്മിററികൾ ഉണ്ടെങ്കിലുംപേരിൽ മാത്രമെ നിലനിൽക്കുന്നുള്ളു. സമഗ്രനാളികേര വികസനപദ്ധതിയുടെ ഭാഗമായി നിലവിലുള്ള കേരവികസനപദ്ധതിയുടെ പ്രവർത്തനവും തൃപ്തികരമല്ല. ഒട്ടനവധി പദ്ധതികൾ നെൽകൃഷിവികസനത്തിനും നാളികേര വികസനത്തിനും സുഗന്ധവിള വികസനത്തിനും മററുമുണ്ടെങ്കിലും ചുരുക്കം ചില കർഷകർക്കു മാത്രമെ ഇതിന്റെ ഫലം ലഭിക്കുന്നുള്ളുവെന്നത്‌ കർഷകരുടെ അതൃപ്തിക്കു കാരണമായിട്ടുണ്ട.

പട്ടിക–3 (Ref: കൃഷിഭവൻ രേഖ)

| നാമമാത്ര കർഷകർ<br>1 ഹെക്ടറിൽ താഴെ | ചെറുകിട കർഷകർ<br>1 മുതൽ 2 വരെ ഹെക്ടർ | വൻകിട കർഷകർ<br>2 ഹെക്ടറിനു മുകളിൽ |
|---|---|---|
| 1 | 2 | 3 |
| 2631 | 780 | 465 |

## ഭൂവിനിയോഗം

വിവിധയിനം മണ്ണിനങ്ങളാണ് ഇവിടെയുള്ളത്. ഭൂരിഭാഗവും ചെങ്കൽമണ്ണും, കളിമണ്ണും, കറുത്ത പശിമരാശി മണ്ണുമാണ്. മലമ്പ്രദേശങ്ങളിലാണ് പശിമരാശിയുള്ള കറുത്തമണ്ണ് കാണപ്പെടുന്നത് നെൽവയലുകളിൽ ചെളിമണ്ണും മററുഭാഗങ്ങളിൽ ചെങ്കൽ മണ്ണുമാണ് കാണപ്പെടുന്നത്. അമ്ളത്വം കൂടുതലുള്ള മണ്ണിൽ ഭാവകം കൂടുതലും ക്ഷാരം കുറവും പാക്യജനകം ആവശ്യത്തിനുമായി കാണപ്പെടുന്നു. വർദ്ധിച്ചുവരുന്ന രാസവള പ്രയോഗംമൂലവും ജൈവവളപ്രയോഗത്തിൻെറ അപര്യാപ്തതയും കാരണമാണ് മണ്ണിൻെറ അമ്ളസ്വഭാവം വർദ്ധിച്ചുവരുന്നത്. മണ്ണിൻെറ P H മൂല്യം 5.2 മുതൽ 7 വരെ കാണുന്നുണ്ട്.

## നെൽകൃഷി

നെൽകൃഷിയുടെ ഉൽപ്പാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 1500 മുതൽ 2000 കി.ഗ്രാം വരെയും സങ്കരയിനം നെല്ലിനങ്ങൾക്ക് 2750 മുതൽ 3200 കി.ഗ്രാം വരെയുമാണ് ലഭിക്കുന്നത്. സങ്കരയിനം നെൽവിത്തുകളോട് ഏറെ ആഭിമുഖ്യമുണ്ടെങ്കിലും വൈക്കോലിൻെറ നീളക്കുറവുകാരണം കൃഷിക്കാർ വിമുഖതകാണിക്കുന്നു. മഴയെ ആശ്രയിച്ചാണ് കൃഷി ചെയ്യുന്നതെന്ന് മുമ്പ് സൂചിപ്പിച്ചുവല്ലോ. ജലസേചനത്തിൻെറ അപര്യാപ്ത മൂലം പുഞ്ച (മൂന്നാം വിള) ഇപ്പോൾ ആരും ചെയ്യുന്നില്ല. പട്ടിക 4-ൽ നെൽകൃഷിയും അതിൻെറ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക-4

(Ref: അടിസ്ഥാന വിവര രജിസ്റ്റർ, കൃഷിഭവൻ)

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് ഒന്നാംവിള | 240 ഹെക്ടർ | 528 ടൺ | 3200കിഗ്രാം |
| നെല്ല് രണ്ടാം വിള | 210 ഹെക്ടർ | 400 ടൺ | 3000കിഗ്രാം |
| നെല്ല് മൂന്നാം വിള | — | — | — |

കൃഷിഭവനിലൂടെ ജോതി, പവിഴം, ചുവന്ന ത്രിവേണി, അതിര, ഐശ്വര്യ, കാഞ്ചന മുതലായ വിത്തിനങ്ങൾ വിതരണം ചെയ്യാറുണ്ട്. നെൽകൃഷിക്കുശേഷം ചിലപ്രദേശങ്ങളിൽ, വയലുകളിൽ, പച്ചക്കറികൾ, പഴവർഗങ്ങൾ മുതലായവ കൃഷിചെയ്യാറുണ്ട് നെൽകൃഷിക്കു ശേഷം വയലുകൾ തരിശിടുന്നതു കൊണ്ട് മണ്ണിൻെറ ഗുണമേൻമ നഷ്ടപ്പെടുന്നതിന് കാരണമാകുന്നു.

നാണ്യവിളകളിൽ പ്രഥമസ്ഥാനം റബ്ബറിനിനാണ് കർഷകർ നൽകിവരുന്നത. കശുമാവും തെങ്ങുമാണ് രണ്ടും മൂന്നും സ്ഥാനങ്ങൾ. ദീർഘകാലവിളകളും ഹ്രസ്വകാലവിളകളും അവയുടെ ഉത്പാദനക്ഷമതയും പട്ടിക-5-ൽ കൊടുത്തിരിക്കുന്നു. പയർ, എള്ള്, പച്ചക്കറികൾ, വാഴ, മരച്ചീനി എന്നിവയും കൃഷിചെയ്തുവരുന്നുണ്ട്.

പഞ്ചായത്തിൽ ഏകദേശം 50 സെൻറ് സ്ഥലത്ത് വെററിലകൃഷി ചെയ്യുന്നു. ആവശ്യത്തിന് വെള്ളവും വളവും നല്ല പരിചരണവുമുണ്ടായാൽ വളരെ ലാഭകരമായ കൃഷിയാണ്. ദ്രുതവാട്ടമെന്ന രോഗം വെററിലയിലും കണ്ടുവരുന്നുണ്ട്.

പട്ടിക_5_

ഹ്രസ്വകാല_ദീർഘകാലവിള വിസ്തീർണ്ണവും ഉൽപ്പാദനവും

(Ref: അടിസ്ഥാന വിവര റജിസ്റ്റർ, കൃഷിഭവൻ)

| നമ്പർ | വിള | വിസ്തീർണ്ണം | മൊത്തം ഉൽപ്പാദനം | ഉൽപ്പാദന ക്ഷമത ഹെക്ടറിൽ |
|---|---|---|---|---|
| 1 | പയർ | 18.ഹെ. | 11 ടൺ | 800കി.ഗ്രാം |
| 2 | എള്ള് | 6 ഹെ | 1.5 ടൺ | 250 കി.ഗ്രാം |
| 3 | പച്ചക്കറി കാം | 35 ഹെ | 88 ടൺ | 2800 കി.ഗ്രാം |
| 4 | വാഴ | 180 ഹെ | 3150 ടൺ | 2500 കി.ഗ്രാം |
| 5 | മരച്ചീനി | 150 ഹെ | 2400 ടൺ | 18 ടൺ |
| 6 | ഇഞ്ചി | 5 ഹെ | 25 ടൺ | 5 ടൺ |
| 7 | ചേന ചേമ്പ് | 10 ഹെ | 480 ടൺ | 48 ടൺ |
| 8 | തെങ്ങ് | 210 ഹെ | 27 ലക്ഷം തേങ്ങ | 13000 തേങ്ങ |
| 9 | കുരുമുളക് | 90 ഹെ | 32 ടൺ | 350 കി,ഗ്രാം |
| 10 | പ്ലാവ് | 10ഹെ | ലഭ്യമല്ല | ലഭ്യമല്ല |
| 11 | കശുമാവ് | 280 ഹെ | 196 ടൺ | 700 കി.ഗ്രാം |
| 12 | മാവ് | 0 ഹെ | ലഭ്യമല്ല | ലഭ്യമല്ല |
| 13 | റബ്ബർ | 385 ഹെ | 282 ടൺ | 735 കി.ഗ്രാം |
| 14 | കവുങ്ങ് | 130 ഹെ | 8, 87, 000,00 അടക്ക | 6, 83, 000 അടക്ക |

ഏററവും കൂടുതൽ ഉൽപാധിപ്പിക്കപ്പെടുന്ന റബ്ബർ, തേങ്ങ, അടക്ക, വാഴപ്പഴം എന്നിവയ്ക്ക് വിപണി കണ്ടെത്തേണ്ടതുണ്ട്. ഈ ഉൽപന്നങ്ങളുടെ സംസ്കരണത്തിനും വിപണനത്തിനും നിലവിൽ യാതൊരു സംവിധാനവുമില്ല. സംസ്കരണത്തിനും വിപണനത്തിനും സംവിധാനമുണ്ടാവുകയാണെങ്കിൽ കൃഷിയോടനുബന്ധിച്ച് തന്നെ ചെറുകിട വ്യവസായ സംരംഭങ്ങൾ പഞ്ചായത്തിൽ ആരംഭിക്കാൻ കഴിയും.

റബർപാല് നേരിട്ട് സംസ്കരിച്ച് സ്പോഞ്ച്, റബർബാൻഡ്, ചെരുപ്പ്, കളിപ്പാട്ട നിർമ്മാണത്തിനുള്ള സംസ്കൃതപദാർത്ഥങ്ങൾ എന്നിവ ഉണ്ടാക്കാം. ടയർനിർമ്മാണം തുടങ്ങിയ നിരവധി മേഖലകളിലേക്ക് സംസ്കൃത റബർ കയററി അയക്കാൻ കഴിയും. അതുപോലെ തന്നെ തേങ്ങയിൽനിന്ന് തേങ്ങാപ്പാൽ, തേങ്ങപ്പൊടി, ചകിരി, ചിരട്ട, ഇവ യുപയോഗിച്ച് ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ വിപണിയിലെത്തിച്ച് പണം നേടുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാധിക്കും.

പച്ചക്കറി വിപണനത്തിന് പഞ്ചായത്ത് തലത്തിൽ ആഴ്ച്ചച്ചന്തകൾ സ്ഥാപിക്കാവുന്നതും, ദൈനംദിന കച്ചവടത്തിനുള്ള സൗകര്യം ഏർപ്പെടുത്തി കർഷകരെ ചൂഷണത്തിൽനിന്ന് രക്ഷിക്കാവുന്നതുമാണ്.

## *രാസവളം—കീടനാശിനി വിപണനം*

രണ്ട് സഹകരണ സംഘങ്ങളാണ് പഞ്ചായത്തിലുള്ളത്. രണ്ട് സംഘങ്ങളും രാസവള-കീടനാശിനി വിപണനം നടത്തുന്നില്ല. സ്വകാര്യ മേഖലയിൽ എട്ട് രാസവള-കീടനാശിനി വിപണന സംഘങ്ങളുണ്ട്. കൃഷിക്ക് 75 ശതമാനവും രാസവളങ്ങളാണ് ഇന്നുപയോഗിക്കുന്നത്. ശാസ്ത്രീയമായ രീതിയിലല്ല വളപ്രയോഗം നടത്തുന്നത്. തന്മൂലം സാമ്പത്തികമായ അനാവശ്യച്ചെലവുകൾ ഉണ്ടാകുന്നതോടൊപ്പംതന്നെ കൃഷിയെ ദോഷകരമായി ബാധിക്കുന്നുമുണ്ട്. ജൈവവളങ്ങളുടെ അപര്യാപ്തതയും മററൊരു കാരണമാണ്. രാസവളങ്ങളുടെ ഉപയോഗം താഴെ പട്ടികയിൽ വിവരിക്കുന്നു.

പട്ടിക 6

രാസവള—കീടനാശിനി—വിപണനം

കൃഷിഭവൻ രേഖ

| സ്ഥാപനങ്ങളുടെ പേര് | 1993–94 | | | 1994–95 | | | 1995–96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം Kg | കീടനാശിനി | | രാസവളം Kg | കീടനാശിനി | | രാസവളം Kg | കീടനാശിനി | |
| | | ഖരം | ദ്രവം | | ഖരം | ദ്രവം | | ഖരം | ദ്രവം |
| എട്ട് സ്വകാര്യ സ്ഥാപനങ്ങൾ | 320 ടൺ | 120 ലിററർ | 60 കി.ഗ്രാം | 380 ടൺ | 155 ലിററർ | 75 കി.ഗ്രാം | 410 ടൺ | 190 ലിററർ | 80 കി.ഗ്രാം |

നെല്ല്, പച്ചക്കറികൾ എന്നീവിളകൾക്കാണ് പ്രധാനമായും കീടനാശിനികൾ ഉപയോഗിച്ചുവരുന്നത്. ശാസ്ത്രീയരീതിയിൽ കീടനാശിനി തെളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകൾ സ്വീകരിച്ചു കാണുന്നില്ല. കർഷകരുടെ അജ്ഞതയാണ് പ്രധാന കാരണം. ആവശ്യമായ വിദഗ്ദോപദേശങ്ങൾ കർഷകർക്ക് കൃഷിഭവൻ മുഖേന ലഭ്യമാക്കണം.

## *കാർഷികോപകരണങ്ങൾ*

പാടശേഖര സമതികൾക്കായി കൃഷിഭവൻ മുഖേന മൂന്ന് പവർടില്ലറുകളും ഒരു ട്രാക്ടറും പന്ത്രണ്ട് റോക്ക്സ്പ്രയറുകളും 45നാപ്സാക്ക് സ്പ്രയറുകളും 6 തെങ്ങ് കയററയന്ത്രവും 10പോർട്ടബ്ൾ പമ്പ്സെററും വിതരണംചെയ്തിട്ടുണ്ട്. മുൻകാലങ്ങ

ളിൽ കൃഷിക്ക് പൂർണമായും ഉപയോഗിച്ചിരുന്നത് നാടൻകാർഷികോപകരണങ്ങളായിരുന്നു. ഉഴവുമാട്ടുകളുടെ കമ്മി നികത്താൻ പുതിയ സംവിധാനങ്ങൾ ആവശ്യമാണ്. ടില്ലറും ട്രാക്ടറും എല്ലാ കൃഷിക്കാർക്കും ഉപയോഗിക്കാൻ തക്കവണ്ണം ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. കൃഷിഭവൻ മുഖേന നൽകിയ കാർഷികോപകരണങ്ങളിൽ പലതും കൈമാററം ചെയ്യപ്പെട്ടിട്ടുണ്ട്. 10പാടശേഖര കമ്മിററികളാണ് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സഹകരണാടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ളത്. പാറമ്പി, അമ്മിനിക്കാട്, താഴെക്കോട്, മുതിരമണ്ണ, കരിങ്കല്ലത്താണി, അരക്കപറമ്പ്, പുല്ലരിക്കോട് കച്ചേരിപ്പടി, പുത്തൂർ, കുറുങ്കളം പാടശേഖര–നെല്ലുൽപ്പാദകസമിതി എന്നിവയാണ് പാടശേഖര സമിതികൾ കർഷകരെ സഹകരിപ്പിച്ചുകൊണ്ട് ഒരേയിനം ഒരേസമയമിറക്കി വളപ്രയോഗം നടത്തി അത്യുല്പാദനം ലക്ഷ്യമാക്കി സർക്കാർ നടപ്പാക്കിയ പദ്ധതിയാണ് ഗ്രൂപ്പ്ഫാമിംഗ്. പാടശേഖരസമതികൾ പലതും ഉദ്ദേശ്യലക്ഷ്യങ്ങൾ നിറവേററാത്തവയും സാമ്പത്തികസഹായം മാത്രം ലക്ഷ്യം വച്ചുള്ളവയുമാണ്.

### കാർഷികവായ്പ

പഞ്ചായത്തിൽ രണ്ട് സർവീസ് സഹകരണ ബാങ്കുകളും സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ഒരുശാഖയുമാണ് നിലവിലുള്ളത്. പെരിന്തൽമണ്ണ കാർഷികവികസനബാങ്കും വായ്പകൾ അനുവദിക്കാറുണ്ട്. കർഷകന് വിളയിറക്കേണ്ട സമയത്ത് ആവശ്യമായ വായ്പകൾ യഥാസമയം കിട്ടാറില്ല എന്നത് വസ്തുതയാണ്.

വായ്പ സംബന്ധിച്ച വിവരം താഴെ പട്ടികയിൽ നിന്ന് ലഭിക്കുന്നതാണ്

പട്ടിക–7

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | വർഷം | വായ്പാ ഇനങ്ങളും സംഖ്യയും | | |
|---|---|---|---|---|---|
| | | | ST | MT | LT |
| 1 | താഴെക്കോട് സർവ്വീസ് സഹകരണബാങ്ക് | 1996 | 2,07,428.00 | 5,77,15.00 | 929.00 |
| 2 | അരക്കപറമ്പ്സർവ്വീസ് സഹകരണബാങ്ക് | 1996 | 39,08,946.00 | 1,51,630.00 | 2,91,1000 |
| 3 | സൗത്ത് മലബാർഗ്രാമീണ ബാങ്ക് താഴെക്കോട്ശാഖ | 1996 | — | — | — |
| 4 | കാർഷിക വികസന ബാങ്ക് പെരിന്തൽമണ്ണ | 1996 | — | — | 10,92,696.00 |

### മണ്ണ്സംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകളിട്ടും മരങ്ങൾ വച്ചുപിടിപ്പിച്ചുമാണ് മണ്ണ്സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. മണ്ണൊലിപ്പ് തടയുന്നതിന് കാര്യമായ ഒരുശ്രമവും പഞ്ചായത്തിലില്ല. നീർമറി പദ്ധതിയുടെ പ്രയോജനവും കാര്യമായി ഈ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതിയും യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കാനുള്ള ആസൂത്രിതമായ നീക്കം അനിവാര്യമാണ് മിക്കയിടങ്ങളിലെയും വളക്കൂറുള്ള മണ്ണ് നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

### നഴ്സറികൾ

ഉൽപാദനവും ഉൽപാദനക്ഷമതയും, കൂട്ടുകയാണല്ലോ കാർഷിക വികസനത്തിന്റെ ലക്ഷ്യം

അതുകൊണ്ടുതന്നെ അത്യുല്പാദനശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും ആവശ്യമായി വരുന്നു. കർഷകർക്കാവശ്യമുള്ള വിത്തുകളും നടീൽവസ്തുക്കളും സമയാസമയങ്ങളിൽ ലഭ്യമാക്കാനാവശ്യമായ നഴ്സറികൾ നാട്ടിലുണ്ടാകണം. ഇന്ന് നമ്മുടെ പഞ്ചായത്തിൽഅത്തരം സ്ഥാപനങ്ങൾ ഇല്ലെന്നുതന്നെ പറയാം. ചില സ്വകാര്യവ്യക്തികൾ തെങ്ങ്, കമുക് എന്നിവയുടെ നഴ്സറികൾ നടത്തുന്നുണ്ടെങ്കിലും കാഷികാവശ്യത്തിനുമതിയാകുന്നില്ല. ചുരുങ്ങിയ തോതിൽ നടീൽവസ്തുക്കൾ കൃഷിഭവൻ മുഖേന വിതരണം ചെയ്യുന്നുണ്ട്. താഴെ കാണുന്ന പട്ടികയിൽ (പട്ടിക 8) അത് വ്യക്തമാകും.

പട്ടിക–8 (കൃഷിഭവൻ രേഖകൾ)

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993_94 | 1994_95 | 1995_96 |
| തെങ്ങ് | 573 | 430 | 714 |
| കശുമാവ് | 320 | 1540 | 2580 |
| കുരുമുളക് | 5,000 | 700 | 5500 |
| കമുക് | 166 | 100 | 250 |
| ഫലവൃക്ഷത്തൈകൾ (ഒട്ടുമാവ്, ജാതി, സപ്പോട്ട, ചാമ്പ) | 209 | 285 | 549 |

### സെറികൾച്ചർ-പൂകൃഷി

തഴെക്കോട് പഞ്ചായത്തിൽ വളരെയധികം സാധ്യതകളുള്ളതാണ് പട്ടുനൂൽപ്പുഴ വളർത്തൽ. ഏകദേശം പത്തോളംമാളുകൾ തഴെക്കോട് വില്ലേജിൽ മാത്രമായി ഈ കൃഷിയിൽ ഏർപ്പെട്ടിരുന്നെങ്കിലും വേണ്ടത്ര പ്രോത്സാഹനം ലഭിക്കാതിരുന്നതിനാൽ ഈ പദ്ധതി വിജയകരമാക്കുവാൻ സാധിച്ചില്ല. പ്രോത്സാഹനവും വിദഗ്ദോപദേശവും ലഭിച്ചാൽ ഈ കൃഷി പഞ്ചായത്തിൽ ആഴത്തിൽ വേരോട്ടമെന്നതിന് യാതൊരു സംശയവുമില്ല.

മുല്ലപ്പൂവിന് പ്രചാരം കൂടിയകാലമാണിത്. വിശേഷാവസരങ്ങളിൽ പൂ ഉപയോഗിക്കുന്ന രീതി വ്യാപകമായിട്ടുണ്ട്. എന്നാൽ നമ്മുടെ ആവശ്യത്തിനുള്ള പൂക്കൾക്ക് നാം ആശ്രയിക്കുന്നത് തമിഴ്നാടിനെയാണ്. കുററിമുല്ല പോലുള്ള പൂച്ചെടികൾ കൃഷിചെയ്യാൻ അനുകൂലസാഹചര്യം പഞ്ചായത്തിലുണ്ട്. എങ്കിലും ആരും ഇത് ഉപയോഗപ്പെടുത്തുന്നില്ല. ഏറെ വിപണനസാധ്യതയുള്ള ഒന്നാണ് പൂകൃഷി. ആയുർവേദ ചികിത്സയിൽ ഔഷധ ചെടികൾക്ക് ചെറുതല്ലാത്ത പ്രാധ്യന്യമുണ്ട്. ഓരോപറമ്പിലും മുമ്പ് തഴച്ചു വളർന്നിരുന്ന ഔഷധച്ചെടികൾ ഇന്ന് കാണുന്നില്ല.

അമ്മിനിക്കാടൻ മലനിരയിലും മററുഭാഗങ്ങളിലും ഔഷധച്ചെടികൾ കൃഷിചെയ്യാൻ അനുയോജ്യമായ സ്ഥലം നമുക്കുണ്ട്. മററു വിളകളൊന്നും നശിപ്പിക്കാതെ തന്നെ സ്വകാര്യ വ്യക്തികൾക്കോ സഹകരണാടിസ്ഥാനത്തിലോ ഔഷധ ചെടികൾ കൃഷി ചെയ്യാൻസാധിക്കും. വാണിജ്യാടിസ്ഥാനത്തിൽ തന്നെ വിപണനസൗകര്യമുള്ള കൃഷിയാണിത്

### കൃഷിഭവൻ

1987 സെപ്തംബർ ഒന്നിനാണ് കൃഷിഭവൻ നിലവിൽ വന്നത്. ഇപ്പോൾ കാപ്പുപറമ്പിലുള്ള സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഒരു കൃഷി

ഓഫീസറും മൂന്ന് കൃഷി അസിസ്റ്റൻറുമാരാണ് ജീവനക്കാർ. കൃഷിയിടങ്ങളിൽ ഇന്ന്, കൃഷി അസിസ്റ്റൻറ് ഓഫീസ് ജോലിയിൽ മാത്രം ഒതുങ്ങിക്കൂടുന്നതരത്തിൽ ചുരുങ്ങിപ്പോയോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

നെൽകൃഷി വികസനത്തിനും സമഗ്രനാളികേരോല്പാദനത്തിനും സുഗന്ധവിളകളുടെ വികസനത്തിനും പലതരത്തിലുള്ള പദ്ധതികൾ നിലവിലുണ്ട്. കർഷകജനസാമാന്യത്തിന് ഒട്ടനവധി സഹായങ്ങൾ ഈ പദ്ധതികളിലൂടെ ലഭിക്കുകയും ചെയ്യും. സമയാസമയങ്ങളിൽ കൃഷിഭവൻ മുഖേന എന്തൊക്കെ വിതരണം ചെയ്യുന്നുവെന്ന് അറിയാൻ കഴിയാത്തതുകൊണ്ടുതന്നെ ഭൂരിഭാഗം കഷ്കർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല മാത്രമല്ല ഒരു നിശ്ചിത വൃത്തത്തിനുള്ളിൽ ഈ ആനുല്യങ്ങൾ വിതരണം ചെയ്യപ്പെടുകയും ചെയ്യുന്നു അതുകൊണ്ടുതന്നെ കൃഷിഭവൻ പ്രവർത്തനങ്ങൾ ജനകീയമാക്കണമെന്ന നിർദേശം ഗ്രാമസഭകളിൽനിന്നും വന്നുകൊണ്ടിരിക്കുന്ന അരക്കപറമ്പിൽ, താമസസൗകര്യത്തോടുകൂടി ഉണ്ടാക്കിയിട്ടുള്ള കൃഷിഭവൻെറ ഓഫീസ്കെട്ടിടം പ്രവർത്തിപ്പിക്കുവാൻ നടപടി എടുക്കണം.

## ജലസേചനം

മഴയെ ആശ്രയിച്ചുമാത്രം കൃഷിചെയ്യുന്ന നമുക്ക് ജലം സംഭരിക്കാനും ശാസ്ത്രീയമായി വിതരണം ചെയ്യാനും സാധിക്കണം. പഞ്ചായത്തിൻെറ നിലവിലുള്ള ജലസേചന സംവിധാനങ്ങൾ തുലോം പരിമിതമാണ് ഭൂമിയിൽ പതിക്കുന്ന വെള്ളത്തിൻെറ 97%പാഴായിപോകുകയാണ്. പാഴായിപ്പോകുന്ന ജലത്തിൻെറ 15%ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ ഏകദേശം 5000ഹെക്ടർ സ്ഥലത്ത് പുതിയതായി ജലസേചനസൗകര്യം ഏർപ്പെടുത്താൻ കഴിയുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വെള്ളം തടഞ്ഞുനിർത്തി മണ്ണിലെ ജലാംശം നിലനിർത്താൻ ശ്രദ്ധിക്കേണ്ടതുണ്ട്. നീർത്തടപദ്ധതികൾ ഉടനെ നടപ്പാക്കിയില്ലെങ്കിൽ വലിയൊരു വിപത്തിലേക്ക് നാം വൈകാതെ എത്തപ്പെടും

പട്ടിക-9

മഴയുടെ അളവ് (മില്ലിമീററർ) ആധാരം: CWDRDM

| വർഷം | മാസം → | ജനുവരി | ഫെബ്രുവരി | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗസ്റ്റ് | സെപ്തംബർ | ഒക്ടോബർ | നവംബർ | ഡിസംബർ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | | — | — | — | 124 | 69 | 828 | 824 | 409 | 43 | 299 | 181 | — |
| 1992 | | — | — | — | 43 | 97 | 787 | 844 | 660 | 226 | 253 | 256 | — |
| 1993 | | — | 59 | 17 | 95 | 22 | 470 | 640 | 344 | 37 | 425 | 119 | 22 |
| 1994 | | 7 | 1 | 38 | 192 | 51 | 771 | 1168 | 291 | 200 | 475 | 79 | — |
| 1995 | | — | — | — | 130 | 361 | 537.8 | 684.3 | 424.1 | 301.2 | 290 | 381 | — |
| 1996 | | — | — | 24 | 118 | 102 | 466 | 568 | 316 | 344.4 | 343 | — | — |

പുഴകൾ ഒന്നും തന്നെയില്ലാത്ത പഞ്ചായത്തിൽ മഴയും ഉപരിതല ജലസ്രോതസ്സുകളും ആശ്രയിച്ചാണ് കൃഷി. മഴ കിട്ടിയാൽ മാത്രം വിളയിറക്കേണ്ട അവസ്ഥയും മഴ കൂടിയാൽ കൃഷി നാശം സംഭവിക്കുന്ന അവസ്ഥയും മഴ കുറഞ്ഞാൽ വരൾച്ചയും ആയിരിക്കും ഫലം. അതുകൊണ്ട് ഉദ്ദേശിച്ച രീതിയിൽ വിളയിറക്കാനും ഉല്പാദനം നടത്താനും കഴിയാത്ത സാഹചര്യം നിലവിലുണ്ട്. അമ്മിനിക്കാടൻ മലമുകളിൽ വെള്ളാരം പാറയിൽ നിന്നുൽഭവിച്ച് തെക്കിൻകാട് വഴി കരുവാരച്ചോലയിലൂടെ ഒഴുകി അത്തിക്കുണ്ടിൽ വച്ച് പാണമ്പിത്തോടിൽ ചേരുന്ന വററാത്ത നീരുറവയും, ബിടാത്തിത്തോട്, കവിലുണ്ടത്തോട്, പന്നിയൻതോട്, പാറക്കൽതോട്, കാപ്പുമുഖം മുതിരമണ്ണതോട്, കാട്ടിക്കുഴിതോട്, തോട്ടുവഴിത്തോട്, പാത്തിക്കൽതോട്, ഉള്ളത്തൊണിത്തോട് തുടങ്ങി ചെറുതും വലുതുമായ നിരവധിതോടുകളും, 10 പൊതുകുളങ്ങളും 37 പൊതുകിണറുകളും നിലവിലുണ്ട്. തോടുകൾക്ക് ഏഴിടങ്ങളിലായി വി സി ബി നിർമ്മിച്ചിട്ടുണ്ട്. ചിലത് ഭാഗികമായും ശേഷിച്ചവ പൂർണ്ണമായും പ്രവർത്തനക്ഷമമല്ല. അതുകൊണ്ട് തന്നെ കൃഷി ആവശ്യത്തിന്റെ വളരെ ചെറിയൊരു ഭാഗം മാത്രമേ നിലവിലുള്ള സൗകര്യം ഉപയോഗപ്പെടുത്താൻ കഴിയൂ. 10 ഓളം വരുന്ന പൊതു കുളങ്ങളിൽ പലതും പടവുകൾ നശിച്ച് മണ്ണുരുന്ന് നശിച്ചു കൊണ്ടിരിക്കുന്നു. സ്വകാര്യവ്യക്തികളുടെഅധീനതയിലായി ഏതാണ്ട് 200ഓളം കുളങ്ങളുണ്ട്. ഇവയിൽ ഏതാനും ചിലത് കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെങ്കിലും ബാക്കിയുള്ളവ കുളിക്കാനും മററും ഉപയോഗിക്കുന്നു. ഈ കുളങ്ങൾ വൃത്തിയാക്കാനും പമ്പിംഗ് സൗകര്യം ഏർപ്പെടുത്താനും കഴിഞ്ഞാൽ ഏതാണ്ട് മുക്കാൽഭാഗം സ്ഥലത്ത് കൂടുതൽ ജലസേചനം നടത്താൻ കഴിയും. തോടുകൾക്ക് ക്രോസ്ബാറും വി സി ബി കളും നിർമ്മിച്ചാൽ വലിയൊരളവോളം ജലസേചന സൗകര്യം വർദ്ധിപ്പിക്കാൻ കഴിയും. നിലവിലുള്ള വി സി ബികളുടെ പട്ടിക താഴെചേർക്കുന്നു.

പട്ടിക–10 Ref:–പഞ്ചായത്ത് രേഖ, പഞ്ചായത്ത് ഓഫീസ്

| ക്രമ നമ്പർ | തോടിന്റെ പേര് | ആകെ നീളം മീററർ | ശരാശരി വീതി മീററർ | സംരക്ഷിക്കപ്പെട്ടതോടിന്റെ നീളം | ഈ വർഷം ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | പള്ളിപ്പടി V C B | 100 | 5 | 100 | 1995—96ൽ ആകെ ചെലവഴിച്ച തുക–3658രൂപ |
| 2 | ആലിത്തറ V C B | 50 | 5 | 150 | |
| 3 | കാട്ടിക്കുഴി V C B | 200 | 4 | 100 | |
| 4 | പൊൻനോത്ത്പടി V C B | 500 | 6 | 100 | |
| 5 | പാത്തിക്കൽതോട് V C B | 200 | 6 | 100 | |
| 6 | പന്നിയംതോട് V C B | 50 | 4 | 50 | |
| 7 | കാരയിൽതോട് | 400 | 8 | 200 | |

ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ പട്ടികയിൽ കാണിച്ചിരിക്കുന്നു. പട്ടിക–11

മറ്റൊരു പ്രധാന പ്രശ്നം മഴ വെള്ളം തടഞ്ഞു നിർത്താനാവശ്യമായ ചെക്ക് ഡാമുകൾ കുറവാണെന്നതാണ്. അതുപോലെ തന്നെ മുൻകാലങ്ങളിലുണ്ടായിരുന്ന നീർച്ചാലുകൾ പലതും നശിച്ച് മഴവെള്ളം ഒഴുകിപ്പോകാനോ, ആവശ്യമായ കൃഷിയിടങ്ങളിലേക്ക് തിരിച്ച് വിടാനോ കഴിയാത്തസാഹചര്യം നിലവിലുണ്ട്

## പ്രശ്നങ്ങൾ

★ നെൽകൃഷികുറഞ്ഞു വരുന്നു. പാടം നികത്തുന്നു

★ കൂലി വർദ്ധനവ്

★ രാസ വള—കീടനാശിനികളുടെ അമിതമായ വിലക്കയററം

★ ജൈവവളങ്ങളുടെ അപര്യാപ്തത

★ ഉഴവുമാടുകളുടെ കുറവ്

★ ആധുനിക കാർഷികോപകരണങ്ങളുടെ അപര്യാപ്തത

★ ആവശ്യത്തിന് വൈദ്യുതി ലഭിക്കാതിരിക്കൽ

★ ഗതാഗതസൗകര്യം ഇല്ലായ്മ

★ കർഷകതൊഴിലാളികളുടെ ലഭ്യത കുറവ്

❋ ഉല്പന്നങ്ങളുടെ വിലക്കുറവ്

പ്രധാനവിളകളായ റബ്ബർ, തെങ്ങ്, കശുമാവ് എന്നിവയുള്ള ഭാഗത്തേക്ക് മതിയായ ഗതാഗത സൗകര്യം നിലവിലില്ല. കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ ചെന്നെത്തുന്നതിന് റോഡുകൾ ആവശ്യമാണ്. കർഷകർക്ക് കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭ്യമാക്കാനുള്ളനടപടിയെടുക്കണം.

മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല. കൃഷിയിടങ്ങൾ കുളങ്ങൾ മുതലായവ മണ്ണിടിഞ്ഞ് നശിക്കുന്നു. മണ്ണ്പരിശോധനാ കേന്ദ്രങ്ങൾ ഇല്ല. ജലസേചന സൗകര്യം ആവശ്യത്തിനില്ല. വററാത്ത ജലസ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന വെള്ളം ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ സ്ഥലങ്ങളിൽ വി സി ബി, ചിറ എന്നിവ ഇല്ല. നിലവിലുള്ള വി സി ബി പലതും ഉപയോഗശൂന്യമാണ്. ജലസേചനം കുറവായ പ്രദേശങ്ങളിൽ പുതിയ കുളങ്ങൾ, കുഴൽകിണറുകളും കിണറുകളും കുഴിക്കാനാവശ്യമായ നടപടികൾ ഉണ്ടായിട്ടില്ല.

രോഗങ്ങൾക്ക് തക്കസമയത്ത് പ്രതിവിധി ലഭിക്കുന്നില്ല. കുരുമുളകിനുണ്ടാകുന്നദ്രുതവാട്ടം, സാവധാനവാട്ടം എന്നീ രോഗങ്ങൾക്ക് പ്രതിരോധ നടപടികൾ ഒന്നും ഇല്ല. റബ്ബറിന്റെ തടിയിൽ ചീയൽ കാണുന്നു. ഇഞ്ചികൃഷിക്ക് മൂഞ്ഞരോഗം കാണപ്പെടുന്നു. നെല്ലിന് കുമ്പു ചീയുക, ഓലകരിയുക കട്ടയിട്ട് നശിക്കുക തുടങ്ങിയ രോഗങ്ങൾ കാണുന്നു.

വാഴക്ക് മഹാളി, കടംചീയൽ തുടങ്ങിയ രോഗങ്ങൾ കാണുന്നു. മുഴവൻ വിളകൾക്കും ഇൻഷുറൻസ് സൗകര്യമില്ല. സഹകരണ സ്ഥാപനങ്ങളൊന്നും തന്നെ വിപണനത്തിന് സൗകര്യമൊരുക്കിയിട്ടില്ല പാടശേഖരകമ്മററികളും റബ്ബർ ഉല്പാദകസഹകരണസംഘങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങൾ സാധിക്കാത്തവയാണ്.

## നിർദ്ദേശങ്ങൾ

☐ നെൽ കൃഷിക്കനുവദിക്കുന്ന ഉൽപാദനബോണസ് 250 രൂപയിൽ നിന്നും 1,000 രൂപയാക്കി വർദ്ധിപ്പിക്കുക.

☐ ഉൽപ്പാദനബോണസ് പാടശേഖരസമിതികളുടെ പൊതുആവശ്യങ്ങൾക്ക് ഉപയോഗിക്കുക.

☐ രാസവള—കീടനാശിനികളുടെ സബ്സിഡി വർദ്ധിപ്പിച്ച് വിലക്കയററം നിയന്ത്രിക്കുക.

☐ ശാസ്ത്രീയ വളപ്രയോഗത്തിന് ബോധവൽക്കരണം നടത്തുക.

☐ അതിരുകളിലും പുറംപോക്കിലും ശീമക്കൊന്ന വച്ചുപിടിപ്പിക്കുക.

☐ കമ്പോസ്റ്റ് കുഴികൾ സ്ഥാപിക്കുക.

☐ കാർഷിക യന്ത്രോപകരണങ്ങൾ എല്ലാ കർഷകർക്കും സബ്സിഡിയോടെ വിതരണം ചെയ്യുക.

- ട്രാക്ടർ, ട്രില്ലർ തുടങ്ങിയ ഉപകരണങ്ങൾ വാടകയ്ക്ക് ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
- സഞ്ചരിക്കുന്ന അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.
- കൃഷിഭൂമിയിലേക്ക് ഗതാഗത സൗകര്യം ഏർപ്പെടുത്തുക.
- മുമ്പുണ്ടായിരുന്നതും നശിച്ചുപോയതുമായ നീർച്ചാലുകൾ ബഹുജന പങ്കാളിത്തത്തോടെ പുനരുദ്ധരിക്കുക.
- സഞ്ചരിക്കുന്ന മണ്ണു പരിശോധനാ കേന്ദ്രം സ്ഥാപിക്കുക.
- ഗുണഭോക്താക്കളെ സംഘടിപ്പിച്ചുകൊണ്ട് തടയണനിർമ്മാണവും തോടുകളുടെ പാർശ്വഭിത്തിസംരക്ഷണവും നടത്തുക
- സെറികൾച്ചർ വികസനത്തിന് പഞ്ചായത്ത്തല സംവിധാനം ഉണ്ടാക്കുക
- വിത്ത്, വളം, നടീൽവസ്തുക്കൾ തുടങ്ങിയവ കൃഷി ഭവൻ മുഖാന്തിരം നീതിപൂർവ്വമായി കർഷകർക്ക് വിതരണം ചെയ്യുക
- എല്ലാത്തരം നടീൽ വസ്തുക്കളുടെയും നഴ്സറി തുടങ്ങാൻ ആവശ്യമായ സഹായ സഹകരണങ്ങൾക്കോ, വ്യക്തികൾക്കോ നൽകുക
- സഹകരണം, ജലസേചനം, വൈദ്യുതി ഈ മൂന്നു വകുപ്പുകളും യോജിച്ചു പ്രവർത്തിക്കാൻ സൗകര്യമുണ്ടാക്കുക.
- കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കുക

### *സാധ്യതകൾ*

- ★ തരിശായി കിടക്കുന്ന ഭൂമിയിൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുക.
- ★ തീറ്റപുൽ കൃഷി പ്രോത്സാഹിപ്പിക്കുക.
- ★ പഞ്ചായത്ത് റോഡരികിൽ ഫലവൃക്ഷം വച്ചുപിടിപ്പിക്കുക
- ★ സ്കൂൾ കുട്ടികളെ ഉൾപ്പെടുത്തി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

പട്ടിക–11

ഉപരിതല ജലസ്രോതസുകൾ

| ക്രമ നമ്പർ | പുതിയ കുളങ്ങൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ | നിലവിലുള്ള കുളങ്ങൾ അററകുററപ്പണികൾ നടത്തേണ്ടവ | കിണർ ആവശ്യമായ സ്ഥലം | കുഴൽകിണർ ആവശ്യമായ സ്ഥലം | ക്രോസ് നിർമ്മിക്കേണ്ട സ്ഥലം | ചിറ റിപ്പയർചെയ്യേണ്ട സ്ഥലം |
|---|---|---|---|---|---|---|
| 1 | അമ്മിനിക്കാട് W ജുമാമസ്ജിദിന്റ് സമീപം | പാണമ്പി വള്ളൂരാൻ അത്തഹാജിയുടെ കുളം | കണ്ടപോടി | മാടാമ്പാറ | പുല്ലൂർകുഴൽചിറ | പാണം തോട് |
| 2 | അത്തിക്കൽ | അരിയക്കി കുളം | വെട്ടപാറ (മാരാമ്പാറ കുന്ന്) | മലങ്കട | പാണ്ട്യാൽപടി | ബിടാത്തി തോട് |
| 3 | മാട്ടുകുഴി | ഇരിക്കുത്ത് കുളം | കാപ്പുമുഖം | മാരാട്ടരികിൽ | കളിയം കുണ്ട് | കാട്ടിൽത്താണി |
| 4 | മേൽക്കരവ് | കുരിക്കണ്ട് വെള്ളാലി കുളം | ചേരിയിൽ | പൂളക്കുഴി(കരികല്ലത്താണി) | വീട്ടി കണ്ട് | പൊന്നേത്ത് പടി |
| 5 | തോട്ടപ്പായിൽ | പഞ്ചായത്ത്കുളം (കുരിക്കണ്ട്) | വെള്ളപ്പാറ | | നിസ്സാര പ്പാറ | ഉള്ളത്തോണി |
| 6 | മതിര–മണ്ണുപ്പാടം | കണ്ണുവെട്ടാം കുഴി | ആനമല (കമ്പിമല) | | പൊട്ടി കല്ല് | അമ്പല കുണ്ട് |
| 7 | മുണ്ടക്കതൊടി കോളനി | പന്നിപ്പാറ കുളം മുണ്ടിലിയാൽ | | | പാണം തോട് | |
| 8 | ആലിത്തറ (ജാസ്മീൻ ഫർണീച്ചറിന്റസമീപം | പൊക്കട്ടളം (കരികല്ലത്താണി) | | | പന്നിയം തോട് | |
| 9 | മല്ലപ്പടി കോളനിക്ക്സമീപം | ബിലാൽക്കുളം | | | തോട്വഴിതോട് | |
| 10 | നായാടി കോളനിക്ക്സമീപം | പന്നിക്കുളം | | | ഇടിക്കോട്ടിൽ മാന്തോണി ചിറ | |
| 11 | മാടാമ്പാറ പന്നിക്കുളം | നാട്ടുകൽ പള്ള്യാൽ | | | കറുകുളത്തിൽതോട് | |
| 12 | കോടോമ്പ്രം | മരുതംപാറ | | | മരത്തപടി ചിറ | |
| 13 | മാട്ടറക്കൽ | പുത്തൂർ നരകഞ്ഞോട് | | | | |
| 14 | കവറം കുണ്ടിൽ | പുത്തൻപുരയ്ക്കൽ | | | | |
| 15 | അത്തിക്ക പള്ള്യാൽ | ഇടിഞ്ഞിൽകുളം | | | | |
| 16 | തെക്കിൻ തൊടി പള്ള്യാൽ | | | | | |
| 17 | ഇടിഞ്ഞിൽ കുളം | | | | | |

# നിലവിലുള്ള കാർഷിക വികസനപദ്ധതികൾ

( അറിവിലേക്കായി മാത്രം )

## നെൽകൃഷി വികസനം

1. അത്യുല്പാദന ശേഷിയുള്ള നെൽവിത്തുകളുടെ വിതരണം

2. ഹെക്ടറിന് 250 രൂപ നിരക്കിൽ, വിരിപ്പ്/മുണ്ടകൻ വിളകൾക്ക് നെൽകൃഷികാർക്ക് ഉല്പാദന ബോണസ് വിതരണം.

3, പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി പ്രകാരം, നെൽകൃഷിയിടങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 85% സബ്സിഡി നിരക്കിൽ തോടിന്റെസൈഡ് പടവ്, കുളം നിർമ്മാണം, പമ്പ്സെററ് സ്ഥാപിക്കൽ, വി. സി. ബി. നിർമ്മാണം, ബഡ് നിർമ്മാണം മുതലായവ.

4. പാടശേഖരസമിതികൾക്ക് 50% സബ്സിഡി നിരക്കിൽ ട്രാക്ടർ, പവ്വർടില്ലർ,മെതിയന്ത്രം കൊയ്ത്തു യന്ത്രം തുടങ്ങിയവയുടെ വിതരണം.

5. പാടശേഖരത്തിനാവശ്യമായ അത്യുല്പാദന ശേഷിയുള്ള വിത്തുല്പാദിപ്പിച്ച് വിതരണം നടത്തുന്നതിന് അംഗീകൃത വിത്തുല്പാദന പദ്ധതി പ്രകാരം ഉല്പാദകന് ക്വിൻറലിന് 1500രൂപ നിരക്കിലും, വിത്ത് സംഭരിച്ച് വിതരണം നടത്തുന്ന പാടശേഖര സമിതികൾക്ക് ഹെക്ടറിന് 1000രൂപ നിരലും സബ്സിഡി.

## സമഗ്ര നാളികേര വികസന പദ്ധതി

1. തെങ്ങിൻ തോട്ടങ്ങളിൽ ജലസേചനാർത്ഥം കിണർ കുഴിക്കുന്നതിനും പമ്പ്സെററ് സ്ഥാപിക്കുന്നതിനും 2500രൂപ നിരക്കിൽ സബ്സിഡി.

2. മരുന്നു തെളിക്കുന്നതിനുള്ള റോക്കർ സ്പ്രയറുകൾക്ക് 1000രൂപ സബ്സിഡി

3. തെങ്ങുകയററ യന്ത്രത്തിന് 500രൂപ സബ്സിഡി.

4. ജലസേചനത്തിനുള്ള കണിക ജലസേചന യൂണിററ് സ്ഥാപിക്കുന്നതിന് ഏക്കറിന് 6000രൂപനിരക്കിൽ സബ്സിഡിനൽകുന്നു

5. അത്യുൽപാദന ശേഷിയുള്ള മേൽത്തരം തെങ്ങിൻ തൈകളുടെ വിതരണം.

6. പുതിയ തെങ്ങിൻ തൈകൾ നടുന്നതിനും. മററു പരിചരണത്തിനുംഏക്കറിന് 3000 രൂപ തോതിൽ കേരവികസന ബോർഡിൽ നിന്നും സബ്സിഡി നൽകുന്നു.

## സുഗന്ധ വിള വികസന പദ്ധതി

കുരുമുളക് കൃഷി:

1 കുരുമുളക് പുനരുദ്ധാരണ പദ്ധതി പ്രകാരം നിലവിലുള്ള പഴയ തോട്ടങ്ങളിൽ പുതിയ വള്ളികൾ ഇടുന്നതിനും വളപ്രയോഗം, കീടനാശിനി പ്രയോഗം, മററു പരിചരണത്തിനും 50% സബ്സിഡി നിരക്കിൽ ഒന്നാംവർഷം ഹെക്ടറിന് 3500രൂപയും 2-ാംവർഷം 25% നിരക്കിൽ 1300രൂപയും 3-ാം വർഷം 25% നിരക്കിൽ 1600 രൂപയും നൽകുന്നു.

## കുരുമുളക് വികസന പദ്ധതി:

മേൽ പദ്ധതി പ്രകാരം പുതിയതോട്ടങ്ങൾ വച്ചു പിടിപ്പിയ്കുന്നതിനും. ശാസ്ത്രീയ രീതിയിൽ പരിചരണം നടത്തുന്നതിനും 3 വർഷത്തേക്കു ഹെക്ടറിന് പരമാവധി 10,000 രൂപ വരെ സഹായധനം നൽകുന്നു.

## കുരുമുളക് മാതൃകാ തോട്ടങ്ങൾ:

മാതൃകാ തോട്ടങ്ങൾ വച്ചു പിടിപ്പിച്ച് അതിന്റെ പരിചരണത്തിന് 50% സബ്സിഡി

നിരക്കിൽ 3 വർഷത്തേക്കു പരമാവധി 515 രൂപാ സഹായധനം നൽകിവരുന്നു.

## ജാതി/ഗ്രാമ്പു കൃഷി

സുഗന്ധ വിളകൃഷി പദ്ധതി പ്രകാരം ജാതി/ഗ്രാമ്പു തോട്ടങ്ങൾ വെച്ചു പിടിപ്പിക്കുന്നതിന് 5 വർഷങ്ങളായി പരമാവധി ഒരു പ്ലോട്ടിന് 1020 രൂപ സബ്സിഡി നൽകുന്നു.

## പച്ചമുളക് കൃഷി

25 സെൻറ് വീതമുള്ള മാതൃകാ പച്ചമുളക് കൃഷിത്തോട്ടങ്ങൾക്ക് വിത്ത് വളം, കീടനാശിനി മുതലായവക്ക് 50% സബ്സിഡി നിരക്കിൽ പരമാവധി 700രൂപ തോതിൽ ഒരു പ്ലോട്ടിന് സഹായധനം നൽകുന്നു.

## ഇഞ്ചികൃഷി

1 മാതൃകാ ഇഞ്ചികൃഷി പ്ലോട്ടുകൾക്ക് വിത്ത് വളം, കീടനാശിനി മുതലായവക്ക് 50% സബ്സിഡി നിരക്കിൽ 25 സെൻറിൻെറ ഒരു പ്ലോട്ടിന് പരമാവധി 1200രൂപ സഹായധനം നൽകിവരുന്നു.

2 ഇഞ്ചികൃഷിവികസന പദ്ധതി പ്രകാരം വിത്ത്, കീടനാശിനി, ജൈവവളം മുതലായവക്ക് 25% സബ്സിഡി നിരക്കിൽ ഒരു ഹെക്ടർ പ്ലോട്ടിന് പരമാവധി 5000രൂപ വരെ സഹായധനം നൽകുന്നു.

3 ഇഞ്ചികൃഷിക്ക് മരുന്നുതളിനടത്തുന്നതിന് കീടനാശിനിക്ക് 50% സബ്സിഡി നിരക്കിൽ ഹെക്ടറിന് പരമാവധി 1000രൂപ സഹായധനം നൽകുന്നു.

## മഞ്ഞൾകൃഷി

മഞ്ഞൾകൃഷി മാതൃകാ പ്ലോട്ടുകൾക്ക് 25 സെൻറ് വീതമുള്ള പ്ലോട്ടുകൾക്ക് വിത്ത്, വളം, കീടനാശിനി മുതലായവക്ക് 50%സബ്സിഡി നിരക്കിൽ പരമാവധി 825 രൂപ സഹായധനം നൽകുന്നു.

## കശുമാവ് വികസന പദ്ധതി

1 പുതിയ കശുമാവ് തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും അതിൻെറ ശാസ്ത്രീയ പരിചരണത്തിനും സൗജന്യമായി കശുമാവ് ഗ്രാഫ്ടുകൾ വിതരണം നടത്തുന്നു. അവക്ക് വളപ്രയോഗത്തിനും കീടനാശിനിക്കും ഹെക്ടറിന് പരമാവധി 7000രൂപ അഞ്ചു വർഷങ്ങളായി സഹായധനം നൽകുന്നു.

2 നിലവിലുള്ള തോട്ടങ്ങൾ പുനരുദ്ധരിക്കുന്നതിന് സൗജന്യമായി കശുമാവ് ഗ്രാഫ്ടുകൾ വിതരണം നടത്തുന്നു. ആയതിൻെറ വളപ്രയോഗം, കീടനാശിനി പ്രയോഗം, പുനരുദ്ധാരണ ചിലവ് മുതലായവക്ക് 5 വർഷങ്ങളായി പരമാവധി 9100രൂപ ഹെക്ടറിന് എന്ന തോതിൽ സഹായധനം നൽകിവരുന്നു.

3 നിലവിലുള്ള തോട്ടങ്ങളിൽ ഉല്പാദനക്ഷമത മെച്ചപ്പെടുത്തുന്നതിന് രാസവളം, ജൈവവളം കീടനാശിനി മുതലായവക്ക് ഹെക്ടറിന് 1500രൂപ തോതിൽ 3 വർഷത്തേക്ക് സഹായധനം നൽകിവരുന്നു.

4 കശുമാവ് തോട്ടങ്ങളിൽ മരുന്നു തളി നടത്തുന്നതിന് 50% സബ്സിഡി നിരക്കിൽ കീടനാശിനി വിതരണം നടത്തുന്നു. (ഹെക്ടറിനി 300 രൂപ തോതിൽ)

5 കശുമാവിലെ തണ്ടുതുരപ്പൻ പുഴുവിൻെറ ആക്രമണത്തിനെതിരായി മരുന്ന് തളിക്കുന്നതിന് സൗജന്യമായി വേപ്പെണ്ണ വിതരണം നടത്തുന്നു.

6 അത്യുല്പാദനശേഷിയുള്ള മേൽത്തരം നടീൽ വസ്തുക്കൾ ഗ്രാഫ്ടുകളുടെ വിതരണവും നടിൽചിലിവിന് തൈ ഒന്നിന് 3 രൂപാ തോതിൽ സഹായധനം നൽകികരുന്നു.

## കമുങ്ങ് കൃഷി

1 അത്യുല്പാദനശേഷിയുള്ള മേൽത്തരം നടീൽ വസ്തുക്കളുടെ വിതരണം.

2 മഹാളിരോഗത്തിനെതിരെ മരുന്നുതെളി നടത്തുന്നതിന് 50% സബ്സിഡി നിരക്കിൽ തുരിശ് വിതരണം നടത്തുന്നു.

3 കമുങ്ങ് തോട്ടങ്ങളിൽ ജലസേചനാർത്ഥം കിണർ കുഴിക്കുന്നതിനും, പമ്പ്സെററ്

സ്ഥാപിക്കുന്നതിനും കൂടി പരമാവധി 4000 രൂപ സഹായധനം നൽകുന്നു. ഡ്രിപ് ഇറിഗേഷൻ യൂണിററ് സ്ഥാപിക്കുന്നതിനും 50% സബ്സിഡി നൽകുന്നു.

## പച്ചക്കറി കൃഷി

1 മേത്തരം വിത്തുകളുടെ വിതരണം

2 സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യമായി പച്ചക്കറിവിത്ത് വിതരണവും മികച്ചപച്ചക്കറിതോട്ടങ്ങൾക്ക് പഞ്ചായത്ത് – ബ്ലോക്ക്– ജില്ലാതല പ്രോൽസാഹന സമ്മാനങ്ങൾ

3 തിരഞ്ഞെടുക്കുന്ന സ്കൂളുകളിൽ പച്ചക്കറി തോട്ടങ്ങൾ നടത്തുന്നതിനും കിണർ, പമ്പ് സെററ് മുതലായവക്കും സഹായധനം അനുവദിക്കുന്നു.

## പയർ കൃഷിവികസനം

ഡെമോൺ സ്ട്രേഷൻ പ്ലോട്ടുകൾക്ക് പ്രസ്തുത പദ്ധതി പ്രകാരം 50% നിരക്കിൽ പയർ വിത്ത് കീടനാശിനിയും വിതരണം ചെയ്യുന്നു.

## എളള്കൃഷി

എളള് കൃഷി വികസന പദ്ധതി പ്രകാരം ഡെമോൺ സ്ട്രേഷൻപ്ലോട്ടുകൾ നടത്തുന്നതിനം 50% സബ്സിഡി നിരക്കിൽ വിത്ത്, വളം, കീടനാശിനി ഇവ നൽകി വരുന്നു.

## നിലക്കടലകൃഷി

എണ്ണക്കുരുകൃഷി വികസന പദ്ധതി പ്രകാരം നിലക്കടലകൃഷിക്ക് സൗജന്യമായി നിലക്കടല വിത്തും സസ്യസംരക്ഷണഉപകരണങ്ങൾക്ക് 50% സബ്സിഡിയും നൽകിവരുന്നു.

## പഴവർഗ്ഗ കൃഷി

പ്രസ്തുത പദ്നതിപ്രകാരം വിവിധതരം പഴവർഗ്ഗങ്ങളുടെ മേൽത്തരംതൈകളും, ഗ്രാഫ്ടുകളും സബ്സിഡി നിരക്കിൽ വിതരണം നടത്തിവരുന്നു.

## പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി

പ്രസ്തുതപദ്ധതിപ്രകാരം പ്രകൃതിക്ഷോഭം മൂലം വിളനാശംസംഭവിച്ച കർഷകർക്ക്സർക്കാർ അനുവദിക്കുന്ന നിരക്കിൽ സഹായധനം നൽകിവരുന്നു.

## വിള ഇൻഷ്വറൻസ് പദ്ധതി

മേൽ പദ്ധതി പ്രകാരം എല്ലാവിളകളും ഇൻഷ്വർ ചെയ്യുന്നതും പ്രകൃതി ക്ഷോഭം കാരണം വിളനാശം സംഭവിക്കുന്നതനുസരിച്ച് ഇൻഷ്വറൻസ് ആനുകൂല്യം നൽകിവരുന്നു.

## ബയോഗ്യാസ് വികസന പദ്ധതി

ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് സബ്സിഡി നൽകി വരുന്നു.

## ഹരിജനക്ഷേമം

തിരഞ്ഞെടുക്കുന്ന ഹരിജൻ കോളനികളിൽ സൗജന്യമായി കിണർകുഴിക്കുന്നു. നടീൽ വസ്തുക്കൾ, സ്പ്രയറുകൾ തെങ്ങ്കൃഷിക്കും, വാഴ കൃഷി, പച്ചക്കറി കൃഷി തുടങ്ങിയവക്ക് വളം, കീടനാശിനി മററു പരിചരണമുറകൾക്ക് സഹായധനം നൽകിവരുന്നു. ഫാം ഹൗസ് പദ്ധതി പ്രകാരം 25000രൂപ വീടു വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും 10 സെൻറിന് പരമാവധി 25000 രൂപയും നൽകുന്നു. അംഗീകൃത ഹരിജൻ സൊസൈററിക്ക് പവ്വർ ടില്ലർ/ട്രാക്ടർ / പമ്പ് സെററ് മുതലായവ സൗജന്യമായി നൽകിവരുന്നു

## ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി

പ്രസ്തുത പദ്ധതി പ്രകാരം താഴെക്കോട് പഞ്ചായത്തിൽ 97 ജനറൽ വിഭാഗം യുവാക്കളും 15 ഹരിജൻ വിഭാഗം യുവാക്കളും അംഗങ്ങളായിട്ടുണ്ട്. യുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് കാലാകാലങ്ങളിൽ സർക്കാരിൽ നി

ന്നും അനുവദിച്ചു കിട്ടുന്ന വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു.

## നിർദ്ദേശങ്ങൾ

1 നെൽകൃഷികാർക്ക് ഗ്രൂപ്പ് ഫാമിഗ് പദ്ധതി പ്രകാരം വിത്ത്, വളം, കീടനാശിനി, ചുണ്ണാമ്പ്, പച്ചിലവളം വിത്ത്, നാപ്സാക്ക് സ്പ്രയറുകൾ,പമ്പുസെററുകൾ,

2 കാർഷികോപകരണങ്ങൾ, ചെറുകിട ജലസേചന പദ്ധതികൾ, മുതലായവ 50% സബ്സിഡി നിരക്കിൽ വ്യക്തികൾക്ക് അനുവദിക്കുക.

3 കർഷകർ ഉല്പാദിപ്പിക്കുന്ന വിവിധ കാർഷികോൽപന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുകയും അതിൻെറ പ്രാഥമിക ചിലവുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക.

4 നിലവിലുള്ള നെൽകൃഷി ഉല്പാദന ബോണസ് ഓരോ വിളക്കും ഹെക്ടറിന് 500രൂപയാക്കി ഉയർത്തുകയും അത് പാടശേഖര സമിതികൾക്ക് അനുവദിച്ച് പാടശേഖരങ്ങളുടെ പൊതുവായ ആവശ്യങ്ങൾക്ക് പ്രസ്തുത തുക അനുവദിക്കുകയും ചെയ്യുക.

5 പരമ്പരഗത നെൽകൃഷിക്കാർക്ക്, (സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന) കർഷക പെൻഷൻ നൽകുക.

6 ഔഷധച്ചെടികളുടെ കൃഷി വികസനത്തിനും കൂൺകൃഷിക്കും ആവശ്യമായ പരിശീലനവും സാമ്പത്തിക സഹായവും വിപണനകേന്ദ്രവും ഏർപ്പെടുത്തുക.

7 നെൽപ്പാടങ്ങൾ നികത്തുന്നതിനും മററു വിള എടുക്കുന്നതിനും എതിരെ കർശനനിയമങ്ങൾ കൊണ്ടു വരുക.

8 പച്ചകറി കൃഷി പൂകൃഷി വിജയപ്രദമാക്കുന്നതിന് വേണ്ടി ഉല്പന്നം സംഭരണത്തിനും വിപണത്തിനുമായി 'പുഷ്പഫല സസ്യസംഭരണ സഹകരണ സംഘം' എന്ന പേരിൽ ഗ്രാമപഞ്ചായത്ത് തലത്തിൽ ഉല്പാദകരുടെ സഹകരണസംഘം രൂപീകരിക്കുയും പഞ്ചായത്തിൽ ആവശ്യാനുസരണം സംഭരണ ഡിപ്പോകൾ തുറക്കുകയുംജില്ലകൾതോറും സംഭരണത്തിനും വിപണനത്തിനുമായി സംഘങ്ങളുടെ അപ്പെക്സ് ബോഡിയും സംസ്ഥാന തലത്തിൽ വിപണന നേതൃതത്തിനായി ഒരു ഫെഡറേഷൻ രൂപികരിക്കുകയും ചെയ്യുക.

9 നീർമറി വികസന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക.

10 കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന പിന്നോക്ക നില കർഷകതൊഴിലാളികൾക്ക് സ്വന്തമായി കൃഷിസ്ഥലം വാങ്ങുന്നതിനും വീടുവക്കുന്നതിനുമുള്ള സാമ്പത്തിക സഹായം ഏർപ്പെടുത്തുക.

11 കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി സൗജന്യം എല്ലാ വിളകൾക്കും സാർവ്വത്രിമാക്കുകയും, വൈദ്യുതി കാർഷികാവശ്യങ്ങൾക്ക് മുൻഗണനാടിസ്ഥത്തിൽനൽകുകയുംചെയ്യുക

12 വാഴകൃഷിക്ക് കൂടുതൽ സാമ്പത്തിക ആനകൂല്യങ്ങൾ അനുവദിക്കുകയും വാഴകൃഷിക്ക് തെങ്ങുകൃഷിക്കും ചെറുകിട വ്യവസായ യൂണിററുകൾ സ്ഥാപിക്കുകയും ചെയ്യുക.

13 ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാററി പുതിയ കൃഷിക്കുള്ള സാമ്പത്തിക സഹായം അനുവദിക്കുക.

14 കുരുമുളക് കൃഷിക്കുള്ള ദ്രുതവാട്ടത്തിന് മരുന്നു തളി നടത്തുന്നതിനും ആയതിന് നഷ്ടപരിഹാരമായി സാമ്പത്തിക സഹായം അനുവദിക്കുക.

15 നവീന കാർഷിക യന്ത്രങ്ങൾ പ്രവർത്തിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.

16 കർഷകർക്ക് സമയാസമയങ്ങളിൽ വേണ്ടുന്ന സാങ്കേതിക വിവരങ്ങൾ തക്കസമത്ത് കർഷകരിൽ എത്തിക്കുന്നതിന് വില്ലേജ് തലത്തിൽ കൃഷിഭവനുകൾ സ്ഥാപിക്കുക.

17 സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം കിണർ, പമ്പ്സെററ് മുതലായവക്ക് അനുവദിക്കുന്ന സബ്സിഡിചുരുങ്ങിയത് 50% ആക്കി ഉയർത്തുകയും സാധാരണ കിണർകുഴിച്ച് വെള്ളം ലഭ്യമില്ലാത്ത സ്ഥലങ്ങളിൻ കുഴൽ കിണറിന് കൂടി സബ്സിഡി അനുവദിക്കുക.

# ഗതാഗതം, ഊർജ്ജം, മാർക്കററ്

ഒരു നാടിൻെറ പുരോഗതിയിൽ അസ്ഥിവാരമിടുന്നത് റോഡുകളാണല്ലോ. പഞ്ചായത്തിൻെറ വികസനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന രണ്ടു റോഡുകളാണ് കിഴക്കുപടിഞ്ഞാറായി കിടക്കുന്ന കോഴിക്കോട്-പാലക്കാട് റോഡും, തെക്കു വടക്കായി തൂത–വെട്ടത്തൂർ റോഡും. ആദ്യകാല റോഡുകളിൽ ഇന്നും നിലനിന്നുവരുന്നതാണ് ടിപ്പുവിൻെറ പടയോട്ടക്കാലത്ത് നിർമ്മിച്ച ടിപ്പു സുൽത്താൻ റോഡ്. പഞ്ചായത്തിലെ റോഡുകളുടെ കാര്യത്തിൽ ഒരു ദശാബ്ദത്തിനിടക്ക് വലിയ മുന്നേററമുണ്ടായിട്ടുണ്ട്. ഗതാഗത മാർഗ്ഗമായി താഴെക്കോട് പഞ്ചായത്ത് ഇന്നും ആശ്രയിക്കുന്നത് റോഡുകളെതന്നെയാണ്. റയിൽ-ജല പാതകഠം ഒന്നും തന്നെ പഞ്ചായത്തിലില്ല. കാർഷികരംഗത്ത് പുരോഗതിയുണ്ടാക്കുന്നതിന് ട്രാക്ടർ റോഡടക്കം ധാരാളം റോഡുകഠം ഇനിയും ആവശ്യമാണ്. വിസ്തൃതവും ദുർഘടവുമായ അരക്കുപറമ്പു വില്ലേജിൽ റോഡ് സൗകര്യങ്ങഠം വളരെ പരിമിതമാണ്. ഉള്ള റോഡുകഠം തന്നെ താഴെക്കോട് പഞ്ചായത്തിലെ മററു പ്രദേശങ്ങളുമായി ബന്ധിതവും അല്ല.

## റോഡുകൾ

പഞ്ചായത്തിൽ ഗതാഗതയോഗ്യമായ 115.050 കി. മി. റോഡുണ്ട്. ഒരു ച. കി. മീററിന് ശരാശരി 2.5 കി. മി. ഇത് സംസ്ഥാന ശരാശരിയായ 3.2 കി. മി. കാഠം താഴെയാണ്. പഞ്ചായത്തിലെ റോഡുകളുടെ സ്ഥിതി വിവരകണക്ക് ഒരു പട്ടികയായി താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 1

| റോഡിൻെറ സ്വഭാവം | നീളം കി. മി | ഉടമസ്ഥത |
|---|---|---|
| മണ്ണ് | 72.400 | പഞ്ചായത്ത് |
| മെററൽ | 3.00 | ,, |
| ടാർ | 16.750 | ,, |
| ,, | 22.100 | PWD |
| ആകെ | 115.050 | |

നിലവിലുള്ള റോഡുകളിൽ 76.200 കി. മി. റോഡും ടാർ ചെയ്യേണ്ടവയാണ്. ഭൂമിയുടെ നിമ്നോനത സ്ഥിതികയും കാലാകാലങ്ങളിലുള്ള അററകുററപണികളുടെ അഭാവവവും കാരണം, മണ്ണൊലിപ്പ് ഒരു സ്ഥിരം പ്രതിഭാസമായിരിക്കുന്നു. അതുകാരണം റോഡുകഠം ഗതാഗതയോഗ്യ മല്ലാതായിതീരുന്നു. റോഡുകഠംക്ക് ഓടകഠം ഇല്ലാത്തതും ഉള്ളവ തന്നെ വർഷകാലത്തിനു

തൊട്ടുമുമ്പുള്ളഅററകുററപ്പണിനടത്താത്തതുംഇന്ന ത്തെ ശോചനീയാവസ്ഥക്കുള്ള കാരണമാകുന്നു.

നിലവിലുള്ള റോഡുകളുടെ നിർമ്മാണം പഞ്ചായത്ത് ഫണ്ട് JRY, RLEGP വെള്ള പ്പൊക്ക വരൾച്ചാ സ്കീം എന്നിവയിൽ ഉൾപ്പെടു ത്തിയാണ് നടത്തിയിട്ടുള്ളത്. ടാർ ചെയ്ത റോഡുകളിൽ 28. കി. ബസ്സ് സർവ്വീസ് ഉണ്ട്. പഞ്ചായത്തിൽ ബസ് സ്ററാൻറ്, ഓട്ടോ, ടാ ക്സി സ്ററാൻറ് എന്നിവ ഇല്ല.

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

പൂഴിക്കുന്ന്–അപ്പക്കുന്ന്. ഓട്ടുപാറ–തോ ട്ടിൽകുണ്ട്, കാപ്പുപറമ്പ്–മുതിരമണ്ണ, കാപ്പുപ റമ്പ്–ബിടാത്തി, കൊളങ്ങരകോളനി, മുണ്ടക്ക ത്തൊടി–വട്ടപ്പറമ്പ്–ആൽത്തറ, വളയൻമൂച്ചി–ആ ശാരിക്കുണ്ട്–നടുവിലത്താണി, നടുവിലത്താണി –വട്ടപ്പറമ്പ് പള്ളി, വെള്ളപ്പാറ–മുതുക്കുംപുറം, മാട്ടറ–മുണ്ടറാംകുഴി–മരുതുംകുഴി, ചെലമ്പുകാ ടൻപള്ളി–യു. പി, മാട്ടുങ്ങൽ–നെല്ലിപ്പറമ്പ് പ ള്ള്പ്പടി, അമ്പലംകുന്ന്–മാട്ടറ, മൊയ്തുട്ടിമു സ്ല്യാർപടി – എൽ. പി., മുക്കിലെപറമ്പ്–രാജ എസ്റേററ്, മില്ലുംപടി–തള്ളച്ചിറ, മാട്ടറ–ആന മല–വെട്ടത്തൂർ, കുററിപുളി–മരാട്ടരികം, പൂ ത്തൂർപള്ളിപ്പടി–കച്ചേരി, മില്ലുംപടി–കുന്നത്തു വട്ട, കൊടുങ്ങാപറമ്പ്–കച്ചേരിപ്പടി – തെങ്ങും തൊടി, കിഴക്കേപാറ–കിളിയാവിൻചോല–നെടും ചോല–മാടാമ്പാറ, അടിയപ്പുറം – പൊട്ടിക്കല്ല്– ടിപ്പു, മുണ്ടിരാല – ചെമ്പംകുന്ന് – പാറക്കൽ, ഉപ്പുംകാവ്–അത്തിക്കൽ മസ്ജിദ്, തൊടുകാപ്പ് –കാട്ടിക്കുഴി–നെല്ലിപ്പറമ്പ്

## ഗതാഗത യോഗ്യമാക്കാനുള്ളവ

നടുപ്പറമ്പ്, ഇബ്രാഹിംപടി, പഴയ റേഷൻ കട, രാജാ എസ്റേററ് മാട്ടറ, കൊടികുത്തി, വെള്ളപ്പാറ രാജാ എസ്റേററ്, കൊടികുത്തി വെട്ടത്തൂർ, കമ്പിമല, പള്ളിക്കുന്ന്, മലങ്കട, പായരുകന്ന്, ചൊവ്വാകുളമ്പ് മരുതുംപാറ, നിര ന്നപറമ്പ്, ഓങ്ങോട് IPP അഛൻപാക്ക, കൊ ടുങ്ങാംപറമ്പ് ആട്ടീരിപ്പാറ, നിലംപതി, അല നല്ലൂർ, ഓങ്ങോട്ടുപടി പള്ളിപ്പടി, ഹരിജൻകോ ളനി, മില്ലുംപടി, ചൊവ്വാകുളമ്പ്, കോതപ്പുറം മുതലപ്പാടം, മുണ്ടിരാംകുഴി, മണലുംപുറം, പുത്തൂർ, കുന്നത്തുവട്ട, നിസ്കാരപള്ളി, ചെറു വൻ ചോല, കരുവാരക്കോട്, പുല്ലരിക്കോട്, കുറുങ്കുളം, നെല്ലിക്കുന്ന്, കൊമ്പാക്കൽ, കുന്ന ത്തുവട്ട, കൊമ്പാക്കൽ, പുല്ലരിക്കോട്, കാഞ്ഞിര ത്തടം 55, വിളക്കത്തല പുത്തൂർ, കൊമ്പാക്കൽ പറമ്പ, 55 പള്ളിക്കുന്ന് കൊമ്പാക്കൽ ഹരിജൻ പാക്കത്ത് ആററായൻപള്ളി പുത്തൂർ കുന്നത്തു വട്ട, കാപ്പുപറമ്പ് കണ്ടപ്പാടി ചേനപ്പുല്ല്, ടിപ്പു ത്തിക്കൻപീടികപ്പടി പാണമ്പി ആലിത്തറ, ചുങ്കംറോഡ്.

## ട്രാക്ടർ റോഡുകൾ

പാണമ്പി, ഗിരിജൻ കോളനി പാണമ്പി കൊടികുത്തി പൊന്നേത്ത് ഉമ്മർപടി കോട്ടക്കു ന്ന് കൂരിക്കുണ്ട്,ടിപ്പുസൽത്താൻ കൂട്ടപ്പുലാവൻ കല്ലംപള്ളിയാൽ ആററശേരി PHC.

## ടാർ ചെയ്യാനുള്ളവ

പാണമ്പി പണിക്കരുപടി തട്ടാൻപടി, മുള്ള ൻമട ഹരിജൻകോളനി ഗിരിജൻ കോളനി കൊടി കുത്തി, ഉപ്പുകാവ് അമ്മിനിക്കാട്, പീടികപ്പടി പാണമ്പികോളനി, അമ്മിനിക്കാട് തരിയട്ടമല, അമ്മിനിക്കാട് ഹരിജൻ കോളനി ബാക്കി, കാപ്പു മുഖം മാട്ടുംകുഴി ബാക്കി നൂററിയാരുപടി മാട്ടു കുഴി, മരുതല അക്ഷരസംഘം, മുതിരമണ്ണ ആല്യപ്പറമ്പ്, മുതിരമണ്ണ ചെരിക്കമല, മരു തല വാലിക്കാട്, കാപ്പുപറമ്പ് എൽ. പി. സ്കൂൾ, ടിപ്പുസുൽത്താൻ ബാക്കി, ചേനപ്പുല്ല് ടിപ്പു, ടാക്കീസ് ടിപ്പു, സെൻറ്മേരീസ് ടിപ്പു, കാപ്പുപറമ്പ് പൂവത്താണി, മുണ്ടക്കത്തൊടി ബിടാത്തി, പി. ടി. പടി മലങ്കട, മാടമ്പാറ ജി. എൽ. പി, കുളത്തിൽപീടിക മാണിക്യപറമ്പ് കുററിപുളി അംബേഡ്കർ, നെല്ലിപ്പറമ്പ് അമ്പലപ്പറമ്പ്മാടാമ്പാറപടുവൻതോട, മാടാമ്പാറ കരിങ്കാലികാവ് തവരക്കലട്ട പോസ്റോഫീസ്, കരിങ്കാളികാവ് അംബേദ്ക്കർ കുററിപുളി മണ ലുംപുറം അലനല്ലൂർ, താഴെക്കോട് കളത്തിൽ പള്ളിയാലിൽ വട്ടപ്പറമ്പ് ആൽത്തറ പള്ളിക്കുന്ന് ഹരിജൻ കോളനി

## റീ ടാറിംഗ്

പാണമ്പി, ഹരിജൻകോളണി, താഴെക്കോട് ബിടാത്തി തച്ചനാട്ടുകര അലനല്ലൂർ മേലേക്കളം റോഡ്.

## നടപ്പാലങ്ങൾ

മൊല്ലപ്പടി മരുതംപാറക്കുന്ന് കുത്തിരിക്കുണ്ട് കുയിലുണ്ടതോട് നമസ്കാരപള്ളി ചാച്ചിപ്പാടൻ ഓങ്ങോട്ടുതോട് കരിങ്കാളികാവ് ക്ഷേത്രത്തിന് സമീപം ഓത്തുപള്ളിതൊടിക മദ്രസ (11ാം വാർഡ്) കൊന്നക്കൽ കോതപ്പുറം പുല്ലരിക്കോട് ഓങ്ങോട് പള്ളിപ്പടി കച്ചേരിപ്പടി

## ഗതാഗതപാലങ്ങൾ

ചുങ്കം ആൽത്തററോഡ്,

## ബസ്സ് സ്റ്റോപ്പ്

ടാകീസിന് സമീപം, കാപ്പുമുഖം (മരമില്ല്) മുതുക്കുംപുറം, കുററിപുളി, കരിങ്കല്ലത്താണി, സെൻറ് മേരീസ്

## ബസ്സ് സർവ്വീസുകൾ

1 പെരിന്തൽമണ്ണ—കരിങ്കല്ലത്താണി— മാട്ടറവഴി അലനല്ലൂർ (K S R T C) അനുവദിക്കുക.

2 പെരിന്തൽമണ്ണ — പുത്തൂർ — അലനല്ലൂർ [K S R T C] അനുവദിക്കുക.

3 പെരിന്തൽമണ്ണ—മാടാമ്പാറ (K S R T C) ബസ് ആരംഭിക്കുക.

## നിർദ്ദേശങ്ങൾ

1 റോഡുനിർമ്മാണം അതാത് പ്രദേശത്തെ ജനകീയ സമിതികളെ ഏൽപ്പിക്കുക.

2 റോഡു നിർമ്മാണത്തിൽ 10% സന്നദ്ധ പ്രവർത്തനം ലഭ്യമാക്കുക,

3 അരിക് ചാലുകൾ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അററകുററപ്പണികൾ നടത്തുകയും ചെയ്യുക.

4 പ്രധാന നിരത്തുകളിലെ ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്ന വൃക്ഷങ്ങൾ വെട്ടിമാററുക.

5 സിഗ്നൽ ബോഡുകൾ യഥാസ്ഥാനങ്ങളിൽ സ്ഥാപിക്കുക.

6 കരിങ്കല്ലത്താണിയിൽ ഒരു TRAFFIC ISLAND സ്ഥാപിക്കുക.

7 പ്രധാന കവലകളിലെ ഗതാഗത തടസ്സം സൃഷ്ടിക്കുന്ന അനധികൃത കെട്ടിടങ്ങൾ നീക്കം ചെയ്യുക.

8 അപകടങ്ങൾവിളിച്ചു വരുത്തുന്ന പരസ്യപ്പലകകൾ വളവുകളിൽനിന്നും നീക്കം ചെയ്യുക.

O ✶ O

# ഊർജ്ജം,

പഞ്ചായത്തിൽ ഒററത്തെങ്കിലും വൈദ്യുതി എത്തിയത് 1980ലാണ്. എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയെങ്കിലും അതിൻെറവിതരണം നീതി പൂർവ്വകമല്ല. പെരിന്തൽമണ്ണ 66 **K V** സബ് സ്റേറഷനിലെ താഴെക്കോട് ഫീഡ്ഡറിൽ നിന്നുന്നുമാണ് താഴെക്കോട് പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലേക്കും വൈദ്യുതിഎത്തുന്നത് പഞ്ചായത്തിൽ 17 **L T** ട്രാൻഫോമറുകളാണുള്ളത്. ആകെ ഉപഭോക്താക്കം 3000 ആണ്. ഇതിൽ ഗാർഹികം 2441, വ്യാപാരം 407, വ്യവസായം 31, കാർഷികം 21 എന്നിങ്ങനെയാണ് ഇനം തിരിച്ചു വിതരണം ചെയ്യപ്പെട്ടിട്ടുള്ളത്. പഞ്ചായത്തിൽ 84പേർ വൈദ്യുതി കണക്ഷന് വേണ്ടി അപേക്ഷിച്ചതിൽ 1995—96ൽ ലഭിച്ച കണക്ഷൻ 26 എണ്ണമാണ്, ഇതിൽ 4 എണ്ണം സാധാരണ കണക്ഷനുകളും, രണ്ടെണ്ണം **O T P** യും യും ബാക്കിയുള്ള 20 എണ്ണം **O Y E C** യുമാണ്. ഇനിയും വൈദ്യുതീകരിക്കേണ്ട 4414 വീടു താഴെക്കോട് പഞ്ചായത്തിലുണ്ട്.

പഞ്ചായത്ത് പ്രതിമാസം 3850രൂപ തെരുവു വിളക്കുകൾക്കായി ചിലവഴിക്കപ്പെടുന്നു.

സാധാരണ ഉപയോഗിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ വിറക്, മണ്ണെണ്ണ, തെങ്ങുൽപന്നങ്ങൾ ഇവയാണ്. ഗാർഹികാവശ്യത്തിന് പ്രധാനമായും വിറകും, തെങ്ങുൽപന്നങ്ങളുമാണ്. ബയോഗ്യാസ്, പാചകവാതകം ഇവ പരിമിതമായ തോതിലേ ഉപയോഗിക്കുന്നുള്ളൂ. നിലവിലുള്ള ഊർജ്ജ സ്രോതസ്സുകൾ ശാസ്ത്രീയരീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല.

## ഊർജ്ജ സ്രോതസ്സുകളുടെ ലഭ്യത

വിറക് : 80% പുരയിടങ്ങളിൽ നിന്നും ശേഖരിക്കുന്നു. ബാക്കിയുള്ള 20% മില്ലുകളെ ആശ്രയിക്കുന്നു

മണ്ണെണ്ണ : പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും, സ്വകാര്യ ഏജൻസികളിൽനിന്നും മണ്ണെണ്ണ ലഭിക്കുന്നു. 162 പെർമിററുകൾ വഴി 11738 ലിററും കാർഡുകൾ വഴി 185747 ലിററും സ്വകാര്യ ഏജൻസികളിലൂടെ (കടകൾ അടക്കം) 92856 ലിററും വിതരണം ചെയ്യുപ്പെടുന്നു.

പാചകവാതകം:സ്വകാര്യ ഏജൻസി നാമമാത്രം

ഈർച്ചപ്പൊടി : വ്യാപാര സ്ഥാപനങ്ങളും, ഗാർഹിക ഉപഭോക്താക്കളുമടക്കം 100ടിൻ ഉപയോഗിക്കുന്നു.

സൗരോർജ്ജം, ബയോഗ്യാസ് } ഇവയെക്കുറിച്ച് പഞ്ചായത്ത് നിവാസികൾ ചിന്തിച്ചിട്ടില്ല.

## ഊർജ്ജ സ്രോതസ്സുകളുടെഉപയോഗം

പഞ്ചായത്തിൽ ഇന്നുപയോഗിക്കപ്പെടുന്ന വൈദ്യുതി ശാസ്ത്രീയമായ രീതിയിലല്ല ഉപയോഗിക്കപ്പെടുന്നത്. വൈദ്യുതിക്ഷാമം നേരിടുന്ന ഇക്കാലത്തും വൈദ്യുതിയുടെനല്ലൊരുതോത് ദുർവിനിയോഗം ചെയ്യപ്പെടുന്നു. വീടുകളിൽ ദക്ഷത' കൂടിയ അടുപ്പുകൾ ഉപയോഗിക്കുന്നില്ല. ഇത്കൊണ്ട് ഇന്ധനത്തിൻെറവലിയൊരു തോത് പാഴായിപോകുന്നു. വോൾട്ടേജ് സ്റാബിലൈസറുകൾ ഉപയോഗിക്കുന്നത് മൂലം അടുത്തുള്ള വീടുകളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിൽ 52ഹരിജൻ കോളനികളുണ്ട് ഇവയിൽ അംഗീകരിച്ച 11 കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്. വൈദ്യുതി വിതരണ ലൈനുകളിൽ ഭൂരിഭാഗവും സിംഗിൾ ഫേസ് ലൈനുകളാണ്. സാധാരണ വൈദ്യുത ബൾബുകൾ ഉപയോഗിക്കുന്നതുമൂലം ഊർജ്ജ നഷ്ടം ഉണ്ടാവുന്നു. പഞ്ചായത്തിലുള്ള തെരുവു വിളക്കുകൾ

ഭൂരിഭാഗവും പ്രവർത്തിക്കുന്നില്ല.

## ഗ്രാമസഭകളിൽ ഉയർന്ന വികസന പ്രശ്നങ്ങൾ

പഞ്ചായത്തിൽ എല്ലായിടത്തും വൈദ്യുതി എത്തിക്കുക, അമ്മിനിക്കാട് ലക്ഷം കോളനി, ഓട്ടുപാറ, തോട്ടിൽകുന്ന്, ആലിയനഗർ, വളാംകുളം മുതിരമണ്ണ സ്കൂൾ, എടപ്പറ്റ കോളനി, മുണ്ടക്കത്തൊടി കോളനി, വട്ടപ്പറമ്പ് കോളനി, കാനംകോളനി, കോട്ടക്കുന്ന് കോളനി, മുക്കിൽ പറമ്പ്, പള്ളിപ്പടി, മലങ്കട, ആനമല, മാടാമ്പാറ, മാരാട്ടരിക്, ആശാരിക്കുണ്ട്, വെളിങ്കോട്, നെല്ലിപ്പറമ്പ്, അമ്പലപ്പറമ്പ്. നടകളത്തിൽ കോളനി, നായടികുന്ന്, പാറേക്കാട് കോളനി, പറയരുകുന്ന്, കൊളങ്കര, ചൊവ്വാപറമ്പ് കോളനി, ആട്ടീരിപ്പാറ, മലങ്കട, മുതലപ്പാടം, മുതുക്കുംപുറം, കരിങ്കല്ലത്താണി, ആശാരികുണ്ട്, മുള്ളംമട കോളനി, മാണിക്കപറമ്പ്, ആലിത്തപാലകുഴി,

### പ്രശ്നങ്ങൾ

* പഞ്ചായത്തിൽ എല്ലാവീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.
* എല്ലാ ഗിരിജൻ ഹരിജൻ കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.
* വോൾട്ടേജ് കുറവ് ട്രാൻസ്ഫോമറുകൾ ആവശ്യത്തിനില്ല.
* ദക്ഷതയുള്ള അടുപ്പുകൾ ഉപയോഗിക്കുന്നില്ല
* ഊർജ്ജം ഉപയോഗിക്കുന്നതിൽ ശാസ്ത്രീയ ബോധമില്ല.
* പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുന്നില്ല.

### സാധ്യതകൾ

* സാധാരണ ബൾബുകൾക്ക് പകരം ഫ്ളൂറസന്റ് ലാമ്പുകൾ ഉപയോഗിക്കാം
* ബയോഗ്യാസ്, സൗരോർജ്ജം ഇവ ഉപയോഗപ്പെടുത്തുക.
* കൊടികുത്തിയിൽ കാററിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാം
* തേക്കിൻകാട് മിനി ഹൈഡൽ പദ്ധതിയിൽ നിന്ന് വൈദ്യുതി ചെറിയ തോതിൽ ഉത്പാദിപ്പിക്കാം

### നിർദ്ദേശങ്ങൾ

* സിംഗിൾ ഫേസ് ത്രിഫേസ് ലൈനുകളാക്കുക.
* സ്ലാബ് സമ്പ്രദായം എടുത്തുമാററുക.
* ഊർജ്ജ ലാഭമുള്ള വൈദ്യുത വിളക്കുകൾ പ്രചരിപ്പിക്കുക.
* ഊർജ്ജ സ്രോതസ്സുകളെ കുറിച്ച് ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് ക്യാമ്പുകൾ നടത്തുക.

## മാർക്കററ്

പഞ്ചായത്തിൽ വളരെ വർഷങ്ങൾക്കുമുമ്പ് ഒരു ചന്ത പൂവ്വത്താണിയിൽ പ്രവർത്തിച്ചിരുന്നു പഞ്ചായത്തിലേക്കാവശ്യമായ കാർഷികവും കാർഷികേതരവുമായ വസ്തുക്കളുടെ ശേഖരണവും വിപണനവും നടത്തുന്നതിന് സൗകര്യങ്ങളില്ല. ആഴ്ചചന്തയോ ദിവസചന്തയോ ഇല്ല. ഇടത്തട്ടുകാരിൽനിന്നും കർഷകരെ രക്ഷിക്കുന്നതിന് പൊതുമാർക്കററ് ആവശ്യമാണ്.

### പ്രശ്നങ്ങൾ

* കാർഷിക ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഇല്ല.
* കാർഷികേതര ഉൽപന്നങ്ങളായ മുട്ട, മാംസം മീൻ, ഇവക്ക് ശേഖരണ വിപണന സൗകര്യം ഇല്ല.
* മാർക്കററിലെ വില നിലവാരം നിശ്ചയിക്കുന്നതിൽ ഉത്പാദകന് പങ്കാളിത്തം ഇല്ല.

### നിർദ്ദേശങ്ങൾ

* സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ കാർഷികോൽപ്പന്നങ്ങൾ വിപണനം നടത്തുന്ന സൗകര്യം ഉണ്ടാക്കുക.
* പഞ്ചായത്തിൽ പൊതുമാർക്കററ് ആരംഭിക്കുക.
* പലവ്യജ്ഞനത്തിൽ ബാർട്ടർ സമ്പ്രദായം നടപ്പിലാക്കുക.

## തെരുവ് വിളക്കുകളുടെ വിവരം

| വാർഡ് | വേപ്പർ ലാമ്പ് | ഋൂ ലാമ്പ് | ബൾബ് | ആകെ |
|---|---|---|---|---|
| 1 | 5 | 1 | 18 | 24 |
| 2 | 1 | 1 | 6 | 8 |
| 3 | 2 | — | 18 | 20 |
| 4 | 4 | 2 | 23 | 28 |
| 5 | 2 | 1 | 20 | 23 |
| 6 | 1 | — | 12 | 13 |
| 7 | 3 | 2 | 19 | 24 |
| 8 | 3 | — | 20 | 23 |
| 9 | 3 | — | 15 | 18 |
| 10 | 1 | — | 14 | 15 |
| 11 | 1 | — | 7 | 8 |
| 12 | 2 | — | 19 | 21 |
| ആകെ | 28 | 7 | 193 | 228 |

# മൃഗസംരക്ഷണം

പഞ്ചായത്തിലെ കർഷകരും സാധാരണക്കാരും കാലികളെ വളർത്തുന്നു. കർഷകർ കാർഷിക ആവശ്യത്തിനുള്ള ഉഴവുമാടുകളെയും മററുള്ളവർ ജീവിത വൃത്തിക്കുവേണ്ടിയുമാണ് കാലികളെ വളർത്തുന്നത്. കാലിവളർത്തലിൻെറ ഉയർച്ചയിലും തളർച്ചയിലും കുടിയേററകർഷകർ വഹിച്ച പങ്ക് എടുത്തുപറയത്തക്കതാണ്. കാലി വളർത്തൽ ഇന്ന് പഞ്ചായത്തിൽ അവഗണിക്കപ്പെട്ടതായി മാറിക്കഴിഞ്ഞിരിക്കുകയാണ്. കാർഷിക മേഖലയിൽഇന്നുണ്ടായ പുറകോട്ടുപോക്ക് കാലി വളർത്തലിനും ബാധിച്ചു. കാലി വളർത്തലിന് പഞ്ചായത്തിൽ വളരെയധികം സാധ്യതയുണ്ട്. പഞ്ചായത്തിൽവളർത്തപ്പെടുന്നതിൽ ഭൂരിഭാഗവും പശുക്കളാണ്. ഇതിൽ തന്നെ 90% സ്വന്തം ആവശ്യത്തിനായി മാത്രം വളർത്തുന്ന നാടൻ ഇനങ്ങളോ ഉല്പാദനശേഷി കുറഞ്ഞ സങ്കര ഇനങ്ങളോ ആണ്. ഉത്പാദനശേഷി കൂടിയ ഇനങ്ങൾ വളർത്തുന്നത് നാമമാത്രമാണ്. കാളകളെ വളർത്തുന്നത്. വ്യവസായികാടിസ്ഥാനത്തിലോ, ഉഴവുമാടുകളായോ അല്ല. പഞ്ചായത്തിലെ എല്ലാ വീടുകളിലും ആട് വളർത്തിയിരുന്നു. എന്നാൽ ഇന്ന് സ്ഥിതി മാറി ആടു വളർത്തുന്നവരുടെ എണ്ണം വിരലിലെണ്ണാവുന്നവിധം ശോഷിച്ചു. ഇന്നും വളരെ ആദായമുണ്ടാക്കാവുന്ന ഒരു ജോലിയാണ് ആട് വളർത്തൽ മുയൽ, പന്നി എന്നിവ വളർത്തുന്നവർ പഞ്ചായത്തിലില്ല തന്നെ. ചുരുക്കംചിലർ കൗതുകത്തിനുവേണ്ടി മുയലിനെ വർളത്തുന്നു.പഞ്ചായത്തിൽ ഒരു മൃഗാശുപത്രിഉണ്ട്.

പഞ്ചായത്തിലെവളർത്തുമൃഗങ്ങളുടെ വിവര താഴെകൊടുക്കുന്നു.

| കാളനാടൻ | കാള സങ്കരം | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|
| | | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| 59 | 420 | 40 | 18 | 460 | 538 | 18 | 21 | 86 | 959 | 846 |

നെൽപാടങ്ങളിൽ വാഴ, കപ്പ, കമുക്, തെങ്ങ് എന്നിവ വ്യാപകമായി കൃഷിചെയ്യൻആരംഭിച്ചു കൃഷിയെ യന്ത്രവൽക്കരണവും ഉഴവു മാടു വളർത്തലിന് അന്ത്യം കുറിച്ചുകൊണ്ടിരിക്കുകയാണ്. ചുരുക്കം ചിലർ ഉഴവു മാടുകളെ നിർത്തുന്നുണ്ട്. ഒരു പ്രധാന കാർഷിക വിനോദമായ കന്നുപൂട്ട് ഇതോടെ അധ്യം നിന്നുകൊണ്ടിരിക്കുന്നു.

എരുമ വളർത്തൽ പഞ്ചായത്തിൽ ഇല്ലാതായി എന്നുതന്നെ പറയാം. മേച്ചിൽപുറങ്ങൾ കൃഷി ഭൂമികളായതും, ജലക്ഷാമവും നല്ലയിനങ്ങളുടെ ലഭ്യത കുറവുമാണ് ഇതിനുകാരണം.

വളർത്തു പക്ഷികളിൽ കോഴിമാത്രമാണ് എടുത്തു പറയത്തക്കതായി ഉള്ളത്. താറാവ് ഗിനികോഴി എന്നിവ കൗതുകത്തിനുവേണ്ടി ചിലർ വളർത്തുന്നുവെന്നു മാത്രം പാത്ത, ഖംഗം, കാട എന്നിവ ആരും വളർത്തുന്നില്ല. ഇവ വ്യവസായികാടിസ്ഥാനത്തിൽ വളർത്താവുന്ന പക്ഷികളാണ്. പഞ്ചായത്തിൽ നാല് (4) ഇറച്ചികോഴി വളർത്തു കേന്ദ്രങ്ങൾ ഉണ്ട്. പുതിയ ജനുസിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ലഭിക്കുന്നില്ല. നിലവിലുള്ളവതന്നെ മററു സ്ഥലങ്ങളിൽ നിന്നും എത്തുന്നവയാണ്. എങ്കിൽപ്പോലും പഞ്ചായത്തിൽ ആവശ്യത്തിനുള്ള ഇറച്ചിക്കോഴി, മുട്ട ഇവ ഇറക്കുമതി ചെയ്യുകയാണ്.

ഇറച്ചിക്കായുള്ള മുയൽ, പാത്ത, ഖംഗം, മുട്ടകോഴി വളർത്തൽ എന്നിവക്ക് പഞ്ചായത്തിൽ വളരെ സാധ്യതയുണ്ട്.

വളർത്തു നായ്ക്കളേക്കാൾ കൂടുതൽ അലഞ്ഞു തിരിയുന്ന നായ്ക്കളാണ് പഞ്ചായത്തിലുള്ളത്. പേപ്പട്ടി ശല്യം പലപ്പോഴം റിപ്പോർട്ട് ചെയ്യപ്പെടാറുണ്ട്.

പട്ടിക 2

വളർത്തു പക്ഷികൾ

| പൂവൻ കോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|
| | മുട്ടഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ |
| 5150 | 3810 | 7000 | 12 | 18 |

## രോഗവിവരങ്ങൾ

പഞ്ചായത്തിൽ അഞ്ചു വർഷക്കാലത്തിനിടക്ക് ചികിത്സ നൽകിയത് ദഹന സംബന്ധം ശ്വാസകോശസംബന്ധം, ഉപാപചയം, ത്വക്രോഗം, ധാധുലവണങ്ങളുടെ അഭാവം, പരാദരോഗം, പ്രത്യുൽപാദനപരം, വന്ധ്യത, അകിടുവീക്കം, പകർച്ചവ്യാധികൾ മുതലായവക്കാണ്.

പ്രതിരോധ കുത്തിവെപ്പ് നൽകിയത്

പശു : 300 പട്ടി : 300

പേവിഷ ബാധക്ക് കുത്തിവെച്ചത്

പശു : 2 ആട് : 3

ബീജസങ്കലനം നടത്തിയത്

പശു : 3200 എരുമ : 130

പഞ്ചായത്തിൽ ഇപ്പോൾ 1056 പശുക്കളും 479കാളകളും, 39 എരുമകളും, 86 ഉഴവുപോത്തുകളും, 959 ആടുകളും, 846 നായ്ക്കളുമാണുള്ളത്. 70%വീടുകളിലുംകോഴികളെ വളർത്തുന്നുണ്ട്

പഞ്ചായത്തിൽ നിന്നും കുരലടപൻ എന്ന രോഗം നിർമ്മാർജ്ജനം ചെയ്തിട്ടുണ്ട്.

മുട്ട,മാംസം ഇവയുടെഉപഭോഗം ഒരുമാസത്തേക്ക്

| ഇനം | ഉപയോഗം | ഉത്പാദനം | ഇറക്കുമതി |
|---|---|---|---|
| മുട്ട | 230900 | 5000 | 225900 |
| ഇറച്ചികോഴി | 30000കി. ഗ്രാം | 7000 കി.ഗ്രാം | 23000കി.ഗ്രാം |
| കാലി ഇറച്ചി | 65000കി.ഗ്രാം | 10,000 | 55000 |

(അവലംബം: മൃഗാശുപത്രി രേഖകൾ )

പഞ്ചായത്തിലെ ഏക ക്ഷീരോല്പാദക സഹകരണ സംഘത്തിൻെറ പ്രവർത്തനം 5, 6 വാർഡുകളിലെ 165 മെമ്പർമാരിലും 35 ഉത്പാദകരിലുമായി ഒതുങ്ങുന്നു. ഏകദേശം 3500 ലിററർ പാൽ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്നു. ഇതിൽ 200ലിററർ മാത്രമാണ്. ക്ഷീരോല്പാദക സഹകരണസംഘം സംഭരിച്ച് വിതരണം നടത്തുന്നത്. നിലവിൽ ഉൽപാദനക്ഷമത കുറവാണ്. ക്ഷീരോൽപ്പന്നങ്ങളെ അടിസ്ഥാനപ്പെടുത്തി രണ്ട് വനിതാ യൂണിററുകൾ ആരംഭം കുറിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ രണ്ട് ഗോബർ ഗ്യാസ് പ്ലാൻെറുകൾ ഉണ്ടെങ്കിലും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. ഗോബർഗ്യാസ് പ്ലാൻറുകളുടെ ഇപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക്കുകയും കൃഷിഭവൻ, മൃഗസംരക്ഷണ പകുപ്പ് ഇവയുടെ ആഭിമുഖ്യത്തിൽ സബ്സിഡിയോടുകൂടി നിർമ്മിച്ചുകൊടുക്കുകയും വേണം. പാചകം എളുപ്പമാക്കുന്നതിന്നും സാമ്പത്തിക ലാഭത്തിനും പ്ലാൻറുകൾ ഉപകരിക്കും.

## പ്രശ്നങ്ങൾ

1 നെൽകൃഷിയിൽ നിന്നും നാണ്യ വിളകളിലേക്കുള്ള ചുവടുമാററംപ്രധാന കാലിത്തീററയായ വൈക്കോ ലി ലും. തീററപ്പുലിനും ക്ഷാമം സൃഷ്ടിച്ചു.

2 മേച്ചിൽസ്ഥലങ്ങൾനാണ്യവിളത്തോട്ടങ്ങളാക്കി

3 അത്യുല്പാദന ശേഷിയുള്ള കന്നുകാലി, ആട്, കോഴി ഇനങ്ങൾ ലഭിക്കാനുള്ള സൗകര്യങ്ങളുടെ അഭാവം.

4 അത്യുല്പാദന ശേഷിയുള്ള ഇനങ്ങളുടെ വില വർദ്ധനവ്.

5 ഉല്പാദിപ്പിക്കപ്പെടുന്ന പാൽ, മുട്ട, ഇറച്ചി ഉല്പന്നങ്ങരം സ്വന്തമായോ, ഇടനിലക്കാർ വഴിയോ വിററഴിക്കേണ്ടി വരുന്നു.

6 കാലിത്തീററ അമിത വിലവർദ്ധനവും കുറഞ്ഞ ലഭ്യതയും.

7 കുളമ്പുരോഗം, കുരലടപ്പൻ എന്നിവക്ക് ചികിത്സ കാലകാലങ്ങളിൽ ലഭിക്കുന്നില്ല.

8 കോഴിവസന്തക്കെതിരെയുള്ള കുത്തിവെപ്പ് വേണ്ടസമയത്ത് ലഭ്യമാക്കാതിരിക്കൽ.

9 പാൽഉൽപാദക സഹകരണ സംഘത്തിൻെറ പ്രവർത്തനം വ്യാപിപ്പിക്കുക.

10 മുട്ട, ഇറച്ചികോഴി ഇവയുടെ സംഭരണത്തിനും വിപണനത്തിനും സംവിധാനങ്ങളില്ല.

11 കാലിവളർത്തുന്നതിനുള്ള ശാസ്ത്രീയ പരിശീലനത്തിൻെറ കുറവ്.

12 ഉൽപന്നങ്ങരം സംസ്കരിക്കുന്നതിനുള്ള പരിശീലനത്തിൻെറ കുറവ്

13 പേപ്പട്ടിശല്യം

14 സൈലേജ് പിററ്, കമ്പോസ്ററ് പിററ് ഇവ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

15 സാമ്പത്തിക സഹായം വേണ്ടത്ര ലഭ്യമല്ല

16 മൃഗാശുപത്രിയിലേക്കുള്ള ദൂരക്കൂടുതൽ

17 കശാപ്പുശാലകരം ഉള്ളത് ആരോഗ്യകരമല്ല.

## പരിഹാര നിർദ്ദേശങ്ങൾ

1 തീററപുൽ കൃഷിയും, സംസ്കരണവും പ്രോത്സാഹിപ്പിക്കുക.

2 നിലവിലുള്ള സഹകരണ സംഘത്തിൻെറ പ്രവർത്തനം പഞ്ചായത്തിൽ വ്യാപിക്കുക.

3 ക്ഷീരോൽപന്നങ്ങരം ഉണ്ടാക്കുന്നതിന് പരിശീലനം നൽകുക.

4 പ്രതിരോധ കുത്തിവെപ്പ് നൽകുന്നതിന് യുവാക്കരംക്കും, സന്നദ്ധപ്രവർത്തകർക്കും പരിശീലനം നൽകുക.

5 കാലിവളർത്തലിന് സാമ്പത്തിക സഹായം ലഭ്യമാക്കുക.

6 നല്ലയിനം കോഴികുഞ്ഞുകളെ ലഭിക്കുന്നതിന് ഹാച്ചറി സ്ഥാപിക്കുക.

7 പേററൻഡ് മരുന്നുകരം ആവശ്യാനുസരണം മൃഗാശുപത്രികളിൽ ലഭ്യമാക്കുക.

8 അരക്കുപറമ്പിൽ സബ് സെൻറർ സ്ഥാപിക്കുക.

9 മൃഗാശുപത്രിയിൽ ഓപ്പറേഷൻ തിയേററർ സ്ഥാപിക്കുക.

10 മൃഗസംരക്ഷണ വകുപ്പിൻെറ പ്രവർത്തനങ്ങരം ജനകീയമാക്കുക,

11 കാലിത്തീററ നിർമ്മാണ യൂണിററ് ആരംഭിക്കുക,

12 കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുക.

## മത്സ്യബന്ധനം

പത്ത് വർഷങ്ങരംക്ക്മുമ്പ് പഞ്ചായത്തിലെ എല്ലാ ജലാശയങ്ങളിലും പാടത്തും മത്സ്യങ്ങരം ഉണ്ടായിരുന്നു. കണ്ണൻ, കോട്ടി, മുയ്യ്, കടു, പരൽ എന്നീ ഇനങ്ങളായ ശുദ്ധജല മത്സ്യങ്ങരം ഉണ്ടായിരുന്നു. ചൂണ്ടയിട്ടും വല വീശിയും പിടിക്കുകയായിരുന്നു പതിവ്. ഇന്ന് ജലാശങ്ങളിൽ ഒററ മത്സ്യം പോലുമില്ല. കീടനാശിനികളുടെ ഉപയോഗവും, മത്സ്യരോഗവും കാരണം മത്സ്യ സമ്പത്ത് നഷ്ടമായി. പഞ്ചായത്തിൽ 150 വററാത്ത ജലാശയങ്ങളുണ്ട്. ഇവയിൽ മത്സ്യം വളർത്തലിന് സാധ്യതയുണ്ട്.

### പ്രശ്നങ്ങൾ

1 ജലാശയങ്ങരം സംരക്ഷിക്കപ്പെടുന്നില്ല. മത്സ്യകൃഷിയെകുറിച്ച് പ്രചാരം ലഭിച്ചിട്ടില്ല.

### സാധ്യതകൾ

1 ജലാശയങ്ങളിൽ മത്സ്യം വളർത്താം

2 കൃത്രിമ ജലാശയങ്ങരം ഉണ്ടാക്കി മത്സ്യം വളർത്തൽ

*

# പൊതുജനാരോഗ്യവും കുടിവെള്ളവും

ഈ പഞ്ചായത്തിലെ ആരോഗ്യരംഗം പ്രധാനമായും ആശ്രയിച്ചിരുന്നത് നാട്ടു വൈദ്യൻമാരെയായിരുന്നു. ആധുനിക ചികിത്സാ രീതി പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. അന്ധവിശ്വാസങ്ങളിലും അനാചാരങ്ങളിലും അടിമപ്പെട്ടിരുന്ന ജനത മന്ത്രവാദവും വഴിപാടുകളുമായിരുന്നു രോഗശമനത്തിനു വേണ്ടി ചെയ്തിരുന്നത്.

മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിൽ 1950_ൽ താഴെക്കോട് പഞ്ചായത്തിൽ സ്ഥാപിച്ച ഗ്രാമീണ സൗജന്യ ആയുർവേദ ഡിസ്പെൻസറി ആയിരുന്ന ആതുരശുശ്രൂഷ സേവനരംഗത്തെ ആദ്യത്തെ കാൽവെയ്പ്. തുടർന്ന് 1968ൽ ഇതിനെ ഗവ: ആയുർവ്വേദിക് ഡിസ്പെൻസറിയായി ഉയർത്തി കരിങ്കല്ലത്താണിയിലേക്ക് മാററി സ്ഥാപിച്ചു. രണ്ടാമതായി 1964ൽ കരിങ്കല്ലത്താണിയിൽ ഒരു മിഡ്വൈഫിനെ നിയമിച്ചുകൊണ്ട് സബ്സെൻറർ ആരംഭിച്ചു. 1984_85 കാലഘട്ടത്തിൽ ഇന്ത്യാ പോപ്പുലേഷൻ പ്രോജക്ററിന്റെ കീഴിൽ 4 ഐ. പി. പി. സെൻററുകൾ കാപ്പുമുഖം, മുതിരമണ്ണ, അരക്കുപറമ്പ്, പുത്തൂർ എന്നിവിടങ്ങളിൽ സ്ഥാപിച്ചു. തുടർന്ന് 1989 ൽ മേലേക്കളത്തിൽ ഒരു സബ്സെൻറർ സ്ഥാപിതമായി. 1987 ൽ P H C കരിങ്കല്ലത്താണിയിൽ സ്ഥാപിതമായി. ഒരു സ്വകാര്യ ആശുപത്രിയും ഒരു ക്ലിനിക്കും അലോപ്പതി വിഭാഗത്തിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഒരു സ്വകാര്യ ആയുർവ്വേദിക് ആശുപത്രിയും രണ്ട് കോട്ടക്കൽ ആയുർവ്വേദ ഏജൻസികളും ചികിത്സ നടത്തിവരുന്നു. മൂന്ന് മററ് ആയുർവ്വേദ ഫാർമസികളും രണ്ട് അലോപ്പതി മെഡിക്കൽ ഷാപ്പുകളും പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. കരിങ്കല്ലത്താണിയിലും താഴെക്കോട്ടും മുതിരമണ്ണയിലും ഓരോ ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങൾ എല്ലാം ഉണ്ടെങ്കിലും അരക്കുപറമ്പ് വില്ലേജിൽ ചികിത്സാ സൗകര്യങ്ങൾ കുറവാണ്.

പഞ്ചായത്തിലെ പൊതു ജനന നിരക്ക് 19.29 ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. മരണനിരക്ക് 3.6 ഉം ശിശുമരണനിരക്ക് 0.17 ഉം മാത്രമാണ്. പഞ്ചായത്തിൽ ഗർഭിണികളായ 234പേരും മുലയൂട്ടുന്നവർ 289പേരും ഉണ്ട്. 1995_96ലെ നവജാത ശിശുക്കളുടെ എണ്ണം 676 ആണ്.

| പ്രായഘടന | ആൺ | പെൺ | ആകെ |
|---|---|---|---|
| 1 വയസ്സിനു താഴെയുള്ള കുട്ടികൾ | 329 | 352 | 681 |
| 1__2 | 333 | 350 | 683 |
| 2__3 | 397 | 384 | 781 |
| 3__5 | 833 | 952 | 1785 |

(അവലംബം I C D S രേഖ)

പഞ്ചായത്തിൽ ജനന നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകാര്യമായിട്ടുണ്ട്. കുടുംബാസൂത്രണമാർഗ്ഗങ്ങൾ സ്വീകരിച്ച അമ്മമാരുടെ എണ്ണം 1778 ആണ്.

പഞ്ചായത്തിൽ അംഗവൈകല്യം വന്നവരുടെ എണ്ണം 266 ആകുന്നു. ഇത് മൊത്തം ജനസംഖ്യയുടെ 0.7 ശതമാനമാകുന്നു. ഇവരിൽ അന്ധരും ബധിരരുമാണ് കൂടുതൽ.

ആശുപത്രികളിൽ എത്തുന്ന രോഗികളുടെ എണ്ണം

അലോപ്പതി.-

| | | | |
|---|---|---|---|
| 92_93 | — | 1784 | രോഗികൾ |
| 93_94 | — | 3858 | രോഗികൾ |
| 94_95 | — | 3609 | രോഗികൾ |
| 95_96 | — | 3634 | രോഗികൾ |

(അവലംബം: താഴെക്കോട് P H C രേഖകൾ)

രോഗചികിത്സക്ക് ആശുപത്രികളെ സമീപിക്കുന്ന പ്രവണത ഉള്ളതായി കാണാം.

ആയുർവ്വേദം:-

| | | | |
|---|---|---|---|
| 92-93 | — | 20920 | രോഗികൾ |
| 93-94 | — | 20800 | രോഗികൾ |
| 94-95 | — | 21700 | രോഗികൾ |
| 95-96 | — | 22370 | രോഗികൾ |

വാതരോഗത്തിന് മാത്രം ചികിത്സ നൽകിയത് 22397 രോഗികൾക്കാണ്. വിളർച്ച ബാധിച്ചവർ 17720

(അവലംബം: ആയുർവ്വേദ ഡിസ്പെൻസറി രേഖ)

പ്രത്യേകതരം രോഗങ്ങളൊന്നും കണ്ടെത്തിയിട്ടില്ല.

കുട്ടികളുടെ പോഷണ നിലവാരം:-

അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം 574 ആണ്. ആകെയുള്ള കുട്ടികളിൽ നിലവാരം പുലർത്തുന്നവർ കുറവാണെന്ന് കാണാം.

ഉച്ചഭക്ഷണ പരിപാടി:-

പഞ്ചായത്തിലെ 13 സ്കൂളുകളിൽ 10 എണ്ണത്തിൽ ഉച്ചഭക്ഷണ പരിപാടി നടപ്പാക്കിയിട്ടുണ്ട് കുട്ടികളിൽ 75 ശതമാനവും ഉച്ചക്കഞ്ഞി കഴിക്കുന്നവരാണ്. സമീകൃതാഹാരം എന്ന നിലയിൽ കുട്ടികൾക്ക് ആരോഗ്യ പരിപാലനത്തിന് ഇത് ഉതകുന്നുണ്ട്.

## താഴെക്കോട് ഗ്രാമപഞ്ചായത്ത്-പൊതുജനാരോഗ്യ കേന്ദ്രങ്ങൾ

| വാർഡ് നമ്പർ | നിലവിലുള്ള ഗവ: ആശുപത്രികൾ | നിലവിലുള്ള സബ് സെൻററുകൾ | നിലവിലുള്ള സ്വകാര്യ ആശുപത്രികൾ | സ്ഥാപിച്ച വർഷം | പോരായ്മകൾ | പുതുതായി സ്ഥാപിക്കേണ്ടവ |
|---|---|---|---|---|---|---|
| 1 | ഇല്ല | ഇല്ല | ഇല്ല | — | — | സബ്സെൻറർ ആവശ്യമാണ് മുമ്പ് സ്ഥലം കിട്ടിയിരിക്കുന്നു |
| 2 | ഇല്ല | ഇല്ല | ഇല്ല | — | — | — |
| 3 | ഇല്ല | ഐ. പി. പി. സബ്സെൻറർ | — | 1984-85 | — | — |
| 4 | ഇല്ല | ഐ. പി. പി. സബ്സെൻറർ | ഹോമിയോ ക്ലിനിക്ക് | 1984-85 | — | ഹോമിയോ ആശുപത്രി |
| 5 | ഇല്ല | സബ്സെൻറർ | — | 1989 | — | സ്വന്തം സ്ഥലമുണ്ട് കെട്ടിടമില്ല |
| 6 | — | — | സെൻറ്മേരീസ് ആശുപത്രി | — | — | — |
| 7 | ആയുർവ്വേദ ഡിസ്പൻസറി പി. എച്ച് സെൻറർ കരിങ്കല്ലത്താണി | സബ്സെൻറർ | ചോലയിൽ ക്ലിനിക്, ഹോമിയോ ക്ലിനിക് | 1968 1987 1964 (സബ് സെ) | കോമ്പൌണ്ട് വാൾ ഇല്ല കിണർ റിപ്പയർ കോമ്പൌണ്ട് വാൾ ഇല്ല | സ്റ്റാഫ് ക്വാർട്ടേർസ് (പി. എച്ച് സി) 10 കിടക്കകളുള്ള ഐ പി സെൻറർ ആയുർവ്വേദാശുപത്രിക്ക് 10 കിടക്കകളുള്ള കെട്ടിടം പണിയണം |

| വാർഡ് നമ്പർ | നിലവിലുള്ള ഗവ: ആശുപത്രികൾ | നിലവിലുള്ള സബ് സെൻററുകൾ | നിലവിലുള്ള സ്വകാര്യ ആശുപത്രികൾ | സ്ഥാപിച്ച വർഷം | പോരായ്മകൾ | പുതുതായി സ്ഥാപിക്കേണ്ടവ |
|---|---|---|---|---|---|---|
| 8 | ഇല്ല | ഐ. പി. പി. സബ്സെൻറർ | — | 1984_85 | കുടിവെള്ള പ്രശ്നം | — |
| 9 | ഇല്ല | ഇല്ല | ഇല്ല | — | | — |
| 10 | ഇല്ല | ഇല്ല | ഇല്ല | — | — | പി എച്ച് സി ആരംഭിക്കുക |
| 11 | ഇല്ല | ഐ. പി. പി. സെൻറർ | — | 1984_85 | സ്ററാഫ് ഇല്ല | — |
| 12 | ഇല്ല | ഇല്ല | — | — | — | സബ് സെൻറർ സ്ഥാപിക്കണം |

സർക്കാർ ലഭ്യമാക്കുന്ന മരുന്നുകൾ അല്ലാതെ ആരോഗ്യ സ്ഥാപനങ്ങൾ വഴി ലഭ്യമാകുന്നില്ല. ആധുനിക ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കത്തക്കവിധം നിക്ഷേപം ഉണ്ടാകുന്നില്ല. 1995_96 ൽ പഞ്ചായത്ത് മുടക്കിയ തുക 5680 ക. ആണ് ഇത് മൊത്തം ചെലവിൻെറ 0.24 ശതമാനമാണ്.

സ്ഥാപനങ്ങളും ജീവനക്കാരും:—

| | സ്ഥാപനം | ജീവനക്കാർ |
|---|---|---|
| അലോപ്പതി | 8 | 33 |
| ആയുർവ്വേദം | 6 | 11 |
| ഹോമിയോ | 1 | 1 |

ആരോഗ്യ പ്രവർത്തനങ്ങളുമായി സഹകരിക്കുന്ന സന്നദ്ധ സംഘടനകൾ ഉണ്ട്. രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്, സൗജന്യ കണ്ണ് പരിശോധനാ ക്യാമ്പ്, സ്ക്കൂൾ ഹെൽത്ത് പ്രോഗ്രാം. പൾസ് പോളിയോ, മലമ്പനി നിർമ്മാർജ്ജനം, എയ്ഡ്സ് ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്.

പരിസര ശുചീകരണം:_

പഞ്ചായത്തിൽ 6912 വീടുകളുള്ളതിൽ 3010 വീടുകളിൽ മാത്രമാണ് കക്കൂസുകൾ ഉള്ളത്. ഇല്ലാത്തവരിൽ ഭൂരിഭാഗവും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരും പട്ടികജാതി_വർഗ്ഗക്കാരുമാണ്.

ജനസാന്ദ്രത ഏറിയ പ്രദേശങ്ങളിൽ ചപ്പുചവറുകൾ യഥാസമയം നീക്കം ചെയ്യാൻ സൗകര്യങ്ങളില്ല. വ്യവസായിക മാലിന്യങ്ങൾ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല. ഹോട്ടൽ മാലിന്യങ്ങൾ വളരെയധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈച്ച, കൊതുക്, എന്നിവയുടെ ശല്യം പകർച്ചവ്യാധികൾ ക്ഷണിച്ചുവരുത്തുന്നു.

## പ്രശ്നങ്ങൾ

1) P H C ക്ക് കിടക്കകൾ ഉള്ള വാർഡ് ഇല്ല.
2) P H C ക്കുള്ള മരുന്നിൻെറ അപര്യാപ്തത
3) I P P സബ് സെൻററുകളുടെ അററകുററപ്പണികൾ യഥാകാലം നടക്കുന്നില്ല.
4) ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ലഭ്യമാകുന്നില്ല.
5) മാലിന്യങ്ങൾ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

## നിർദ്ദേശങ്ങൾ

1) P H C ക്ക് നിലവിലുള്ള സ്ഥലത്ത് 10 കിടക്കകൾ ഉള്ള വാർഡും, ജീവനക്കാർക്ക് താമസസൗകര്യവും ഏർപ്പെടുത്തുക. PHC ക്ക് കെട്ടാൻ ബാക്കിയുള്ള സ്ഥലത്ത് കോമ്പൌണ്ട് വാൾ കെട്ടുക.
2) ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമാക്കുക

3) ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ഉറപ്പുവരുത്തുക.

4) ആയുർവ്വേദ ഡിസ്പെൻസറി അപ്ഗ്രേഡ് ചെയ്യുക.

5) പ്രൈമറി തലത്തിൽ കുട്ടികൾക്ക് ആയുർവ്വേദ തത്വങ്ങൾ പഠിപ്പിക്കുക.

6) എല്ലാ സബ് സെൻററുകളിലും ഡോക്ടർമാരുടെ സേവനം ആഴ്ചയിലൊരിക്കൽ ഉറപ്പുവരുത്തുക.

7) കുന്നത്തുവട്ടയിൽ സബ് സെൻറർ സ്ഥാപിക്കുക.

8) അരക്കുപറമ്പ് സർവ്വീസ് സഹകരണ ബാങ്കിൻെറ ഒഴിഞ്ഞുകിടക്കുന്ന പഴയകെട്ടിടത്തിൽ P H സെൻററിൻെറ ആവശ്യത്തിനായി ലഭ്യമാക്കുക.

9) എല്ലാ വാർഡുകളിലും അംഗീകൃത മത്സ്യമാംസ മാർക്കററുകൾ ആരംഭിക്കുക.

10) വളർത്തു നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക.

11) മാലിന്യ നിർമ്മാർജ്ജനത്തിന് ജീവനക്കാരെ നിയമിക്കുക.

12) ഹോട്ടൽ ജീവനക്കാർക്ക് ഹെൽത്ത് കാർഡുകൾ ഏർപ്പെടുത്തുക.

13) ആരോഗ്യ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുക.

14) ആശുപത്രികളോടനുബന്ധിച്ചുള്ള സൗഹൃദ സമിതികൾ പുനഃസംഘടിപ്പിക്കുക.

**സാദ്ധ്യതകൾ**

1) പഞ്ചായത്തിൽ പ്രാഥമികാരോഗ്യാവശ്യങ്ങൾ നിറവേററപ്പെടുന്നതിന് ഒരു സമഗ്ര ആരോഗ്യപരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

2) പഞ്ചായത്തിലെ സന്നദ്ധ സംഘടനകളുടേയും രാഷ്ട്രീയ പാർട്ടികളുടെയും സഹകരണത്തോടെ രക്തദാന സേന രൂപീകരിക്കേണ്ടതാണ്.

# കുടിവെള്ളം

പഞ്ചായത്ത് പൊതുവെ കുടിവെള്ള ദൗർലഭ്യം അനുഭവപ്പെടുന്ന പഞ്ചായത്താണ്. ഭൂമിയുടെ ഉപരിതലത്തിൽ അധികം ആഴത്തിലല്ലാതെ പാറകൾ കണ്ടുവരുന്നു. അതുകൊണ്ട് തുറന്ന കിണറുകളിൽ നിന്ന് ആവശ്യത്തിന് കുടിവെള്ളം ലഭ്യമാവുന്നില്ല. മുപ്പത്തിഏഴ് പൊതു കിണറുകളാണ് പഞ്ചായത്തിൽ ഉള്ളത്. ഇതിനൊട്ടാകെ പത്ത് സെൻറ് വിസ്തീർണ്ണം വരുന്നു. നദികൾ ഈ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ ഭൂരിഭാഗം കുടുംബങ്ങൾക്കും ആശ്രയം തുറന്ന കിണറുകൾ ആണ്. പഞ്ചായത്തിൽ ശുദ്ധ ജല പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. കരിങ്കല്ലത്താണിയിലും താഴെക്കോടും കുഴൽ കിണറുകളിൽ നിന്ന് വെള്ളമെടുത്ത് വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചുവെങ്കിലും ഇന്ന് പ്രവർത്തന രഹിതമാണ് ശുദ്ധ ജലമെത്തിക്കുന്നതിന് ആരംഭിച്ച മുറിയങ്കണ്ണി പദ്ധതി ഇന്നും പൂർത്തിയാകാതെ കിടക്കുന്നു. ഫലത്തിൽ കുടിവെള്ളം എത്തിക്കുന്നതിനുള്ള സാഹചര്യം പഞ്ചായത്തിലുണ്ടായിട്ടില്ല. വേനൽക്കാലം ഗ്രാമീണമേഖലയിൽ ശുദ്ധജല വിതരണം ഉണ്ടാവാറുണ്ട്. തുടർച്ചയായി ഒരു മണിക്കൂർ വെള്ളം പമ്പ് ചെയ്യാനുള്ള ജല സ്രോതസുകളൊന്നും പഞ്ചായത്തിലില്ല.

## കുടിവെള്ളവും പരിഹാരമാർഗ്ഗങ്ങളും

ഈ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കാലാകാലങ്ങളിലായി വീടുകളിലുള്ള കിണറുകളെയാണ് മുഖ്യമായും ആശ്രയിക്കുന്നത് എന്നാൽ പരിസ്ഥിതിയിൽ വന്ന മാററം കാരണവും മഴയുടെ ലഭ്യതക്കുറവുമൂലവും കിണറുകളിൽ 9 മാസത്തിനുള്ള കുടിവെള്ളം പോലും ലഭ്യമല്ല. നിലവിലുള്ള കാർഷികരീതിയും, വനനശീകരണം മൂലവും വെള്ളം കൃഷിഭൂമിയിൽ സംഭരിക്കാനുള്ള സാദ്ധ്യതകൾ അനുദിനം നഷ്ടപ്പെട്ടുകൊണ്ടിരിക്കയാണ്. നെൽകൃഷി നടത്തിവരുന്ന പാടങ്ങൾ നികത്തും തെങ്ങ്, കവുങ്ങ്, റബ്ബർ തുടങ്ങിയ ദീർഘകാല വിളകളും, മരച്ചീനി പച്ചക്കറി കൃഷി, വാഴ തുടങ്ങിയ ഹ്രസ്വകാല വിളകളും കൈയ്യടക്കിയതിനാൽ വയലുകളിലെ ജലസ്രോതസ് ദിനംപ്രതി നഷ്ട്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കിണറുകൾ കുഴിച്ച് പമ്പ് സെററ് വെച്ച് വെള്ളം വീട്ടാവശ്യത്തിനു വേണ്ടിയും, കുളിക്കാനും മാറും ഉപയോഗിക്കുന്നു. പണ്ടുകാലങ്ങളിൽ കുളിക്കാൻ ആശ്രയിച്ചിരുന്ന കുളങ്ങൾ ഒട്ടുമിക്കവയും ഇന്ന് മണ്ണൊലിപ്പു മൂലം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കുളങ്ങളെപ്പോലെ തന്നെ കുളിക്കാനുപയോഗിച്ചിരുന്ന തോടുകൾ ഇന്ന് മണ്ണൊലിപ്പുമൂലം നാമാവശേഷമായിക്കൊണ്ടിരിക്കുന്നു. ഇതുകൊണ്ട് തോടുകളിലെ വെള്ളം വയലിലെ കൃഷിയിടങ്ങളിലേക്ക് തിരിച്ചു വിടാനോ കന്നുകാലികളെ കുളിപ്പിക്കുവാനോ പററാത്ത ഒരു ദയനീയാവസ്ഥ സംജാതമായിക്കൊണ്ടിരിക്കുന്നു. KWA യുടെ വാട്ടർ സപ്ലൈ സ്കീം ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിലില്ല.

സ്വകാര്യമേഖലയിയെ 56 കുളങ്ങൾ പഞ്ചായത്ത് ഏറെറടുത്ത് നന്നാക്കുകയാണെങ്കിൽ കൃഷിക്കും പൊതുജങ്ങൾക്കു കുളിയാവശ്യങ്ങൾക്കും മററും ഉപകാരപ്രദമായിരിക്കും. നിലവിലുള്ള പൊതുകിണറുകൾ പൈപ്പ് ലൈനുകൾ, കുഴൽ കിണറുകൾ എന്നിവ അടിയന്തിരമായി കേടുപാടുകൾ തീർത്ത് ശുദ്ധജലവിതരണത്തിന് അനുയോജ്യമാക്കിതീർക്കണം. ഈ പഞ്ചായത്തിൽ 120 പൊതു കിണറുകളും 60 കുഴൽകിണറുകളുമാണ് അടിയന്തിരമായി അനുവദിക്കേണ്ടത് നിലവിലുള്ള "മുറിയങ്കണ്ണി ശുദ്ധജലപദ്ധതി" ഉടൻ കമ്മീഷൻ ചെയ്ത് പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ശുദ്ധജലവിതരണം നടത്തണം. സ്വകാര്യവ്യക്തികൾക്ക് കിണർ കുഴിക്കാൻ വ്യാപകമായി സാമ്പത്തികസഹായം പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ നൽകണം.

പ്രശ്നങ്ങൾ

കടുത്ത കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. ജലസേചനത്തിന് ജലം കിട്ടുന്നില്ല.

## പ്രശ്ന പ്രദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 1. | അമ്മിനിക്കാട്, പാണമ്പി പട്ടികജാതി കോളനി, ഇടുവമ്മൽ കോളനി, വടക്കേക്കര, അത്തിക്കൽ, മുള്ളൻമട കോളനി | 1. ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിൽ അമ്മിനിക്കാട് വടക്കേക്കരയിലുള്ള കുളത്തിൽനിന്നും സമീപത്തെ ബ്ലോക്ക് ഉടമസ്ഥതയിലുള്ള ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത് പഞ്ചായത്ത് ടാപ്പിലൂടെ അമ്മിനിക്കാട് കുന്നുമ്മൽ, അത്തിക്കൽ, പാണമ്പി ഹരിജൻ കോളനി എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.<br>2. മുള്ളൻമടചോലയിൽ ബണ്ട് കെട്ടി പൈപ്പ് ഉപയോഗിച്ച് ഇരുളൻചോലയിൽ നിന്നും അപ്പക്കുണ്ട് ഭാഗത്ത് സ്ഥിരമായി ഒലിച്ചുകൊണ്ടിരിക്കുന്ന വെള്ളം ഒരു ടാങ്ക് കെട്ടി പമ്പ് ചെയ്താൽ അമ്മിനിക്കാട് യു പി സ്ക്കൂളടക്കമുള്ള പ്രദേശത്തെ കുടിവെള്ള ക്ഷാമം തീർക്കാവുന്നതാണ്.<br>3. കാരക്കോട്കുന്ന് ഹരിജൻ കോളനി, ഇടുവമ്മൽ ഹരിജൻ കോളനി എന്നിവിടങ്ങളിൽ കുഴൽകിണറുകൾ കുഴിക്കുക.<br>4. മുള്ളൻമട കോളനിയിൽ വെള്ളം ലഭിക്കുന്ന പ്രദേശം ഇന്ന് വൃത്തിഹീനമായിരിക്കുകയാണ് അവിടെ ശുദ്ധജലം ലഭിക്കത്തക്കവിധത്തിൽ ഒരു കിണർ കുഴിക്കുക<br>5. തേക്കിൻകാട് പദ്ധതി നടപ്പാക്കുക.<br>6. പാണമ്പി ഹരിജൻകോളനി കിണർ റിപ്പയർ ചെയ്യുക ഇവിടെ കുഴൽകിണർ കുഴിക്കുക. |

| വാർഡ് | പ്രശ്നമേഖല | നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|---|
| 2 | അമ്മിനിക്കാട് സ്കൂൾപ്പടി, ലക്ഷംവീട് ഉൾപ്പെട്ട മേലെക്കരവ് | സ്കൂൾപ്പടി ഉരുന്നിയൻപാറ ഭാഗത്തിന് മദ്ധ്യേ കുഴൽ കിണർ കുഴിക്കുക. ഒന്നാംവാർഡിലൂടെ പോകുന്ന പൈപ്പിൽ നിന്നും റോഡ് ക്രോസ് ചെയ്ത് രണ്ട് പൈപ്പ് ടാപ്പുകൾ സ്ഥാപിക്കുക<br>മേലെക്കരവിൽ കുഴൽകിണർ സ്ഥാപിക്കുക.<br>ഓട്ടുപാറകോളനിയിലും പറയൻ കോളനിഎന്നിവിടങ്ങളിൽ ഒരു കുഴൽ കിണർ കുഴിക്കുക. |
| 3. | തെക്കേക്കരഭാഗം, മരുതല പാറമ്മൽ മദ്രസ, അംഗൻവാടി ചെരിക്കൻ മലപ്രദേശം. | തെക്കേക്കര പഞ്ചായത്ത് കിണർ റിപ്പയർ ചെയ്യുക ഈ ഭാഗത്ത് കുഴൽകിണർ സ്ഥാപിക്കുക<br>മരുതല, വാലിക്കാട് എന്നീ സ്ഥലങ്ങളിൽ കുഴൽ കിണർ കുഴിക്കുക<br>പാറമ്മൽ അംഗൻവാടി. മദ്രസ ഇവിടങ്ങളിലെ പഞ്ചായത്ത് കിണർ നന്നാക്കി ടാങ്ക് നിർമ്മിച്ച് ശുദ്ധജല വിതരണം നടത്തിയാൽ ശുദ്ധജലക്ഷാമം പരിഹരിക്കാവുന്നതാണ്.<br>ചെരിക്കൻ മലഭാഗത്ത് കുഴൽകിണർ കുഴിക്കുക<br>മുതിരമണ്ണ ഗവ: സ്കൂൾ കിണർ റിപ്പയർ ചെയ്യുക.<br>മുതിരമണ്ണ ഹരിജൻ കോളനിയിൽ ഒരു കിണർ കുഴിക്കുക<br>ബിടാത്തി കോളനിയിൽ ഒരു കുഴൽകിണർ കുഴിക്കുക.<br>നായാടികോളനിയിൽ ഒരു പഞ്ചായത്ത് കിണർ കുഴിക്കുക. മുറിയങ്കണ്ണി ശുദ്ധജലപദ്ധതി ഈ വാർഡിലേക്ക് കൂടി നീട്ടുക. |
| 4 | കാപ്പുപറമ്പ്, മാരമ്പററക്കുന്ന്, കാപ്പുമുഖം | 'മുറിയംങ്കണ്ണി പദ്ധതി' നാലാം വാർഡ് പ്രദേശത്തേക്ക് മുഴുവനും വ്യാപിപ്പിക്കുക.<br>മാരമ്പററക്കുന്ന് വെട്ടുപാറ ഭാഗത്ത് കുഴൽ കിണർ കുഴിക്കുക. |
| 5 | വെള്ളപ്പാറ, മേലെക്കളം അടിയപ്പാറം, കാപ്പുപറമ്പ് സ്കൂൾ പരിസരം, താഴെക്കോട് പള്ളിപ്പടി | വെള്ളപ്പാറ ഒരു ടാങ്ക് നിർമ്മിച്ച് ഈ പ്രദേശത്ത് ജലവിതരണം നടത്തിയാൽ കുടിവെള്ള ക്ഷാമം പരിഹരിക്കാം<br>മേലെക്കളം ഹരിജന-ഗിരിജന കോളനികളിൽ രണ്ട് കിണർ കുഴിക്കണം. |
| 6 | കാപ്പുപറമ്പ്, മുള്ളപ്പടി ചോലക്കൽക്കുന്ന് | നിലവിലുള്ള വാട്ടർ ടാപ്പുകൾ ഉപയോഗപ്രദമാക്കി ശുദ്ധജല വിതരണം കാര്യക്ഷമമാക്കണം<br>പൊതുകിണറുകൾ നന്നാക്കുക പൊട്ടച്ചോല, ചോലക്കൽകുന്ന് എന്നിവിടങ്ങളിൽ കിണറുകൾ കുഴിക്കണം പൂതൻകാടൻ പ്രദേശത്ത് കിണർ കുഴിക്കണം |
| 7 | മാണിക്കംപറമ്പ്, മുതുക്കുംപുറം. കൂരിക്കുണ്ട് കോട്ടക്കുന്ന്. മുണ്ടിരാല പുവ്വത്താണി, വട്ടപ്പറമ്പ് (ആശാരിക്കുണ്ട്) പൂളക്കുഴി | 'മുറിയങ്കണ്ണി ശുദ്ധജലപദ്ധതി' വാർഡ് മുഴുവനായി നടപ്പിൽ വരുത്തുക. വെള്ളാലിക്കുളം പദ്ധതി ആരംഭിക്കുക. കാനം കോളനി, മുതുക്കുംപുറം, മുണ്ടിരാല, കോട്ടക്കുന്ന്, പുവ്വത്താണി, കരിങ്കല്ലത്താണി, മാണിക്കംപറമ്പ്. വട്ടപ്പറമ്പ് (ആശാരിക്കുണ്ട്) ഇവിടങ്ങളിൽ പൊതുകിണർ കഴിക്കണം, |

| വാർഡ് | പ്രശ്ന മേഖല | നിർദ്ദേശിക്കുന്ന പരിഹാര മാർഗ്ഗം |
| --- | --- | --- |
| 8 | മാട്ടറ, ഇബ്രാഹിംപടി, അമ്പലക്കുന്ന് | ഈ വാർഡിലെ എല്ലാ കിണറുകളും റിപ്പയർ ചെയ്യണം. കുഴൽ കിണർ നന്നാക്കുക. അമ്പലക്കുന്ന്, മുണ്ടിരാക്കുഴി, കിളിയൽകുന്നത്ത് എന്നിവിടങ്ങളിലെ കുളങ്ങൾ ശുദ്ധീകരിച്ച് കുടിവെള്ളത്തിന് ഉപയോഗപ്രദമാക്കണം.<br>മാട്ടക്കൽ SC/ST കോളനികൾ, ഇബ്രാഹിംപടി ഇവിടങ്ങളിൽ കുഴൽ കിണർ കുഴിക്കണം.<br>വിടാവുമലയിൽ ചെക്ക് ഡാം നിർമ്മിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കണം.<br>മുറിയങ്കണ്ണി ശുദ്ധ ജല പദ്ധതി വാർഡിലെ മുഴുവൻ പ്രദേശത്തും എത്തിക്കണം. |
| 9 | മാറാട്ടരിക്, മാടാമ്പാറ മേലുറക്കൽ, അമ്പലംകുന്ന് മണ്ണിലമ്പറമ്പ് | മാരാട്ടരിക്, മാടാമ്പാറ മേലുറാക്കൽ, അമ്പലംകുന്ന്, മണ്ണിലമ്പറമ്പ് എന്നിവിടങ്ങളിൽ കുഴൽകിണർ കുഴിക്കണം |
| 10 | മാന്തോണിക്കുന്ന്, പള്ളിക്കുന്ന്, ആട്ടീരിപ്പാറ, പാറെക്കോട് കോളനി, പറയൻകുന്ന് ജി. എൽ. പി സ്ക്കൂൾ പ്രദേശം, കമ്പിമല,വെള്ളിടങ്ങാട്ട്കുന്ന് | മാന്തോണി ബാലവാടിക്ക് സമീപം കുഴൽകിണർ കുഴിക്കണം. പള്ളിക്കുന്ന്, ആട്ടീരിപ്പാറ, പാറെക്കോട് കോളനി, പറയൻകുന്ന് ലക്ഷം വീട് കോളനി ഇവിടങ്ങളിൽ കുഴൽ കിണർ കുഴിയ്ക്കണം. കമ്പിമലയിൽ നിന്നുത്ഭവിക്കുന്ന നീരുറവയ്ക്ക് സംഭരണി നിർമ്മിച്ച് ശുദ്ധജലവിതരണം നടത്തണം വെള്ളിടങ്ങാട്ട് കുന്ന് ഹരിജൻ കോളനിയിൽ കിണർ കുഴിയ്ക്കണം. |
| 11 | കരിങ്കാളികാവ് ഹരിജൻ കോളനി, പുലാപ്പ ഹരിജൻ കോളനി, ഓങ്ങാട്ടു ഹരിജൻ കോളനി, പുത്തൂർ മില്ല്യംപടി, കൊടുങ്ങാപറമ്പ് ഹരിജൻ കോളനി മുണ്ടേക്കോട് കുളമ്പ്, തവക്കലട്ട ചുടലപ്പടിയിൽ അംബേദ്കർ കോളനി | പുന്നമണ്ണ അംബേദ്കർ കോളനിയിൽ ശുദ്ജലപദ്ധതി മുടങ്ങിയത് കാര്യക്ഷമമാക്കുക, പ്രശ്നമേഖലയിൽ കാണിച്ച പ്രദേശങ്ങളിൽ പൊതുകിണർ കുഴിയ്ക്കുക. ചെറുമൻചോലയിൽ നിലവിലുള്ള പൊതുകിണർ റിപ്പയർ ചെയ്യുക. പുത്തൂർ നമസ്കാരപ്പള്ളിക്ക് സമീപമുള്ള പൊതുകിണർ റിപ്പയർ ചെയ്യുക, |
| 12 | പുല്ലരിക്കോട്. കാഞ്ഞിരത്തടം തെയ്യോട്ടുചിറ , കൊമ്പാക്കൽകുന്ന് കുന്നത്ത്വട്ട | പ്രശ്നമേഖലയിൽ നിർദ്ദേശിച്ച സ്ഥലത്ത് പൊതുകിണർ കുഴിയ്ക്കുക. കിണർ കുഴിക്കാൻ കഴിവില്ലാത്തവർക്ക് സബ്സിഡിയോടുകൂടി കിണർ കുഴിയ്ക്കാൻ ധനസഹായം നൽകണം, കുന്നത്ത് വെട്ട അംഗൻവാടിക്ക് വേണ്ടി ഒരു കിണർ കുഴിയ്ക്കണം. |

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 15 ശതമാനം പട്ടികജാതി വിഭാഗവും 0.53 ശതമാനം പട്ടികവർഗ്ഗ വിഭാഗവും ആകുന്നു. 29 അംഗീകൃത കോളനികളും 22 അംഗീകാരമില്ലാത്ത കോളനികളും ഉണ്ട്, 220 ഒററപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നു. ആകെ 5470 അംഗങ്ങളാണുള്ളത്. 162 പട്ടികവർഗ്ഗക്കാരുണ്ട്. വിദ്യാഭ്യാസ സാമൂഹ്യ മേഖലകളിൽ പ്രാതിനിധ്യം കുറവാണ്. സാമ്പത്തിക രംഗത്ത് വളരെ പിന്നോക്കമൊണ്. കുടികിടപ്പ് അവകാശവും, മിച്ചഭൂമി ലഭിച്ചതും, പഞ്ചായത്തിൻെറ 4സെൻററ് ഭൂമി വിതരണവും ഒരു പരിധി വരെ കിടപ്പാടമുണ്ടാക്കി കൊടുത്തിട്ടുണ്ട്, മിച്ചഭൂമി പതിച്ചു കിട്ടിയവർ അത് വിൽക്കുകയും കൈവശമുള്ളവർ തന്നെ അത് തരിശായി വിട്ടിരിക്കുകയുമാണ്. ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടിയിട്ടില്ല. എല്ലാ ജാതി മതസ്ഥരും ചടങ്ങുകളിൽ ഭാഗികമായി പങ്കാളികളാക്കുന്നു. സാമൂഹ്യരംഗത്ത് നേതൃത്വപരമായ പങ്കാളിത്തമില്ല. ഈ വിഭാഗത്തിൻെറ ഉയർച്ചക്കുവേണ്ടി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതികളെകുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന്ന് കഴിഞ്ഞിട്ടില്ല. കോളനി നിവാസികൾക്കുവേണ്ടി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളിൽനിന്നും ചില്ലറ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

ലഭ്യമായ കണക്കുപ്രകാരം, പഞ്ചായത്തിൽ 5632—പട്ടികജാതി-പട്ടികവർഗ്ഗക്കാരുണ്ട്. എല്ലാ കോളനികൾക്കും അംഗീകാരം കിട്ടുകയും കോളനികളിലല്ലാതെ താമസിക്കുന്നവരുൾപ്പെടെയുള്ള മുഴുവൻ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനും മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

**വിദ്യാഭ്യാസം:—**

പൂർണ്ണമായും സാക്ഷരരല്ല വിദ്യാഭ്യാസ പിന്നോക്കാവസ്ഥക്ക് പ്രധാന കാരണം ഇതാണ്. കുട്ടികൾ പഠനത്തിൽ കൂടുതൽ താൽപര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾക്ക് വിദ്യാഭ്യാസമില്ലാത്തതുകൊണ്ട് ഈ രംഗത്ത് അവർ ശ്രദ്ധിക്കുന്നുമില്ല. സാമ്പത്തിക ബാദ്ധ്യത ഉള്ളതുകൊണ്ട് പഠനം നിർത്തേണ്ടിവരുന്ന സന്ദർഭങ്ങളുമുണ്ട്. ഇവരുടെ അവകാശങ്ങളെകുറിച്ച് കൂടുതൽ ബോധവാൻമാരാക്കുന്നതിന്ന് വേണ്ട നടപടികൾ നടപ്പിലാക്കണം. വിദ്യാഭ്യാസത്തിൻെറ ആവശ്യകതയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്നതിന്ന് വിദ്യാസമ്പന്നരായവരുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കണം. 96—97 അദ്ധ്യയനവർഷത്തിൽ 462 വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട് 95—96ൽ *U. P.* വിഭാഗത്തിൽ 361 വിദ്യാർത്ഥികളും, ഹൈസ്കൂൾ വിഭാഗത്തിൽ 101 വിദ്യാർത്ഥികളും പഠിച്ചിരുന്നു. *S. S. L. C.* പരാജയപ്പെട്ടാൽ പഠനം നിർത്തുന്നു. 15 ശതമാനം കുട്ടികൾ മാത്രമെ പഠിക്കാനുള്ള സജീവ താൽപര്യം കാണിക്കുന്നുള്ള *S. S. L. C.*ക്ക് ഉപരിവിദ്യാഭ്യാസമുള്ളവർ വളരെ കുറവാണ്. ശ്രദ്ധേയമായ വിദ്യാഭ്യാസ യോഗ്യത പട്ടികജാതിയിൽപ്പെട്ട ഡോ: പ്രേംകുമാർ *MBBS* ബിരുദം എടുത്തതാണ്.

**തൊഴിൽ:—**

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽ തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്നവരാണ്. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയുടെ തകർച്ച ഇവരുടെ തൊഴിൽ സാദ്ധ്യതകൾ നഷ്ടപ്പെടുത്തുന്നുണ്ട്. അതിനാൽ മററു മേഖലകളിലേക്ക് തൊഴിലന്വേഷിച്ചു പോകുവാൻ ഇവർ നിർബ്ബന്ധിതരാവുന്നു. കുറെ ആളുകൾ നിർമ്മാണത്തൊഴിലാളികളായി മാറിയിരിക്കുന്നു. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരുന്നവർ വേണ്ടത്ര അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തതുകൊണ്ട് മററു മേഖലകളിലേക്ക് നീങ്ങുന്നു. നിർമ്മാണ മേഖലയിൽ കൂലി കൂടുതലാണെന്നുള്ളത് ഈ രംഗത്തുനിന്ന് മാറുന്നതിന്ന് മറെറാരു കാരണവും കൂടിയാണ്.

സ്ത്രീകൾ മാത്രം ചെയ്തിരുന്ന ഞാറുപറിക്കൽ നടീൽ തുടങ്ങിയ ജോലിക്ക് തൊഴിലാളികളെ കിട്ടാൻ വളരെ പ്രയാസമാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യോൽപാദനം വർദ്ധിപ്പിക്കുന്നതിന്ന

വേണ്ടി ഈ മേഖലയിലേക്ക് തൊഴിലാളികളെ ആകർഷിക്കേണ്ടതുണ്ട്. അത്യുൽപാദന ശേഷിയുള്ള വിത്തുകൾ, ശാസ്ത്രീയമായ കൃഷി രീതികളും, മററാനുകൂല്യങ്ങളും കർഷകർക്ക നൽകി കൃഷിക്കാരനെ ഈ രംഗത്ത് ഉറപ്പിച്ചു നിർത്തണം. നെൽകൃഷി സീസണുകളിൽ മാത്രമായതിനാലും മഴയെ ആശ്രയിക്കേണ്ടതിനാലും തൊഴിലവസരങ്ങൾ കുറയുന്നു. ഈ അവസരങ്ങളിൽ കർഷക തൊഴിലാളികൾക്ക് മററു തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിന് അവസരമുണ്ടാകണം. പായ നെയ്ത്ത് തുടങ്ങിയുള്ള പണികളിൽ പരിശീലനം നൽകണം. ഈ വിഭാഗത്തിലെ വിദ്യാഭ്യാസമുള്ള യുവതീയുവാക്കൾക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം കണ്ടെത്തുന്നതിന്ന് ട്രൈസം പോലെയുള്ള തൊഴിൽ പരിശീലന പരിപാടികൾ ഏർപ്പെടുത്തണം.

## പാർപ്പിടം:—

പാർപ്പിടപ്രശ്നം പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാറിൻെറ വിവിധ ഡിപ്പാർട്ടുമെൻറുകൾ ഭവന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഭൂരിപക്ഷം പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും പരിമിതമായ സൗകര്യം മാത്രമാണുള്ളത്. ഒററപ്പെട്ട കുടുംബങ്ങൾക്ക് കാര്യമായ സഹായങ്ങൾ ലഭിച്ചിട്ടില്ല സർക്കാർ നൽകുന്ന വീടിൻെറ പണി പൂർത്തിയാക്കുന്നതിന് ഫണ്ടിൻെറ കുറവുകാരണം കാലതാമസമുണ്ടാകുന്നു. ഓരോ വീട്ടിലും ഒന്നിലേറെ കുടുംബങ്ങൾ താമസിക്കുന്ന വീടുവെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവെക്കാൻ ആവശ്യമായ സ്ഥലവും, ധനസഹായവും നല്കണം. മിച്ചഭൂമി പതിച്ചുനൽകിയത് ഫിറാത് തിരിച്ചു പിടിക്കുകയോ, പകരം ഭൂമി നൽകുകയോ വേണ്ടതാണ്. മിക്ക വീടുകളിലും കക്കൂസില്ല. പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് നിർമിച്ചു കൊടുക്കുന്ന വീടുകളുടെ നിർമ്മാണത്തിന് നല്കുന്ന ഫണ്ടുകളുടെ ദുർവിനിയോഗം കാരണം ലക്ഷ്യപ്രാപ്തിയിൽ എത്തുന്നില്ല. ഇപ്പോൾ നല്കുന്ന ഫണ്ട് വദ്ധിപ്പിച്ച് അവരുടെകൂടി പങ്കാളിത്തത്തോടെ പുതിയ വീട് നിർമ്മിക്കുവാൻ അവസരമുണ്ടാവണം.

## പ്രശ്നങ്ങൾ:—

1) വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. നിരക്ഷരത നിലനില്ക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു
2) കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു.
3) ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
4) എല്ലാവർക്കും സ്വന്തമായി വീടില്ല. ഭൂമിയുമില്ല.
5) കോളനികളിൽ ആവശ്യത്തിന്ന് ശുദ്ധജലം ലഭ്യമല്ല.
6) 5 പൊതുശ്മശാനങ്ങളുണ്ടെങ്കിലും ഒന്നിലേക്കും ഗതാഗത സൗകര്യമില്ല.
7) ഭൂരിഭാഗം പേർക്കും കൈവശ ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
8) ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.
9) നിർദ്ധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്കും, പെൺകുട്ടികളുടെ വിവാഹത്തിന്നും, സഹായധനം ലഭിക്കുന്നില്ല
10) **I R D P** പദ്ധതിയും, മററു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
11) പട്ടികജാതി—പട്ടികവർഗ കോർപ്പറേഷനും, പട്ടികജാതി – പട്ടികവർഗ ക്ഷേമവകുപ്പും അഭ്യസ്ഥ വിദ്യരായ ചെറുപ്പക്കാർക്കു നല്കുന്ന വായ്പകളും സഹായധനങ്ങളും ലക്ഷ്യം നേടുന്നില്ല
12) പട്ടികജാതി - പട്ടികവർഗ ക്ഷേമത്തിന്നായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്രയില്ല
13) കടക്കെണിയിൽ പെട്ടുപോകുന്നു.
14) നാലു കോളനികളിലായി താമസിക്കുന്ന ആളന്മാരെ പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെടുത്താത്തതുകൊണ്ട് ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.
15) 162 ആളന്മാർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവർ യഥാർത്ഥത്തിൽ ഇരുളർ ആണ്. ആളന്മാർ എന്നു് ഇവർ അറിയപ്പെടുന്നതുകൊണ്ട് പട്ടികവർഗക്കാരുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. നിലമ്പൂരിൽനിന്നും കുടിയേറിപാർത്തവരാണ് ഇവർ. പ്രസ്തുത 'ഇരുളർ' എന്ന ആളന്മാരെ പട്ടികവർഗ ലിസ്ററിൽ ഉൾപ്പെടുത്തി വീടും, വൈദ്യുതിയും, കക്കൂസും, ഗതാഗത സൗകര്യവും വിദ്യാഭ്യാസ സൗക

ര്യവും ജനകീയ പങ്കാളിത്തത്തോടെ നടപ്പി ലാക്കണം.

**സാദ്ധ്യതകൾ:—**

പട്ടികജാതി—പട്ടികവർഗ്ഗ ക്ഷേമ വകുപ്പും, പട്ടികജാതി കോർപ്പറേഷനും നടപ്പിലാക്കി വരുന്ന പദ്ധതികൾ ഫലപ്രദമാക്കണം.

ഉദാരമായ വ്യവസ്ഥയിൽ വായ്പകളും, ധന സഹായങ്ങളും നൽകിയാൽ തൊഴിൽ സംരഭങ്ങൾ ആരംഭിക്കാൻ കഴിയും; ഗ്രാമ പഞ്ചായത്തുകൾ മുഖേനയാണെങ്കിൽ ഇത് കൂടുതൽ ഫലപ്രദമാകും.

പട്ടികജാതി—പട്ടികവർഗ്ഗങ്ങൾ താമസിക്കുന്ന കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ അവലോകനം ചെയ്യാൻ ഒരു സമിതിയെ നിയോഗിക്കണം.

കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തുക.

പരമ്പരാഗത കൈത്തൊഴിലുകൾ ചെയ്യുന്നതി നാവശ്യമായ അസംസ്കൃത വസ്തുക്കൾ എത്തിച്ചു കൊടുക്കുക.

പട്ടികജാതിക്കാർക്കു മാത്രമായി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.

ഇഷ്ടിക നിർമ്മാണ യൂനിററ്, ഹോളോബ്രീക്സ് നിർമ്മാണ യൂനിററ് എന്നിവ ആരംഭിക്കുക.

ഭൂരഹിത-ഭവനരഹിത-പുനരധിവാസ പദ്ധതി നടപ്പിലാക്കുക.

പട്ടികജാതി—പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു മാത്രമായി ഹോസ്ററൽ സ്ഥാപിക്കുക.

പട്ടികജാതി കോളനികളിൽ മണ്ണൊലിപ്പ് തടയുന്നതിന് നടപടി സ്വീകരിക്കുക.

പട്ടികജാതി വിഭാഗങ്ങളുടെ ശ്മശാനങ്ങൾക്ക് ചുററുമതിൽകെട്ടി സംരക്ഷിക്കുക.

ശ്മശാനങ്ങളെനികുതിയിൽനിന്നു് ഒഴിവാക്കുക.

പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിൽ ഭൂമി സർക്കാർ ചിലവിൽ സർവ്വെചെയ്ത് പട്ടയം നൽകുക.

വീട് പുതുക്കിപ്പണിയുന്നതിനും, അററകുററപ്പണികൾക്കും, പലിശരഹിത വായ്പ ലഭ്യമാക്കുക.

പട്ടിക 1

**അംഗീകരിച്ച കോളനികളുടെ പേരും എണ്ണവും**

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗ സംഖ്യ |
|---|---|---|---|
| 1 | പുല്ലരിക്കോട് | 13 | 88 |
| 2 | പുലാപ്പകുന്ന് | 16 | 95 |
| 3 | കണ്ണാത്തികുന്ന് (കരിങ്കാളി കാവ്) | 20 | 198 |
| 4 | പുന്നമണ്ണ (അംബേദ്കർ) | 24 | 250 |
| 5 | കുന്നത്തുവട്ട | 15 | 108 |
| 6 | കരേക്കാട്കുന്ന് (പാണമ്പി) | 28 | 175 |
| 7 | മുള്ളൻമടക്കൽ | 12 | 52 |
| 8 | മാട്ടുകുഴി | 25 | 105 |
| 9 | മേക്കരവിൽ | 15 | 140 |
| 10 | പറയരുകുന്ന് | 11 | 70 |
| 11 | ബിടാത്തിപള്ള | 18 | 107 |
| 12 | അമ്പലപറമ്പ് | 27 | 265 |
| 13 | മാട്ടറക്കൽ | 13 | 90 |
| 14 | അമ്പലകുന്ന് | 31 | 198 |
| 15 | പള്ളിക്കുന്ന് | 17 | 150 |
| 16 | നായാടികുന്ന് (നടകളതിൽ) | 14 | 85 |
| 17 | മരുംതംമ്പാറകുന്ന് | 22 | 125 |
| 18 | മേലേകളം | 20 | 110 |
| 19 | മുതിരമണ്ണ (കപ്പൂർ) | 17 | 96 |
| 20 | അമ്മിനിക്കാട് | 34 | 108 |
| 21 | നെല്ലിപറമ്പ | 25 | 170 |
| 22 | അമ്മിനിക്കാട് | 34 | 125 |

| | | | |
|---|---|---|---|
| 23 | കപ്പൂർ നായാടി | 31 | 217 |
| 24 | വട്ടപറമ്പ് | 14 | 55 |
| 25 | കരിങ്കല്ലത്താണി | 20 | 129 |
| 26 | കാനം | 18 | 78 |
| 27 | കച്ചേരിപ്പടി | 13 | 80 |
| 28 | പൂതംകോട് | 20 | 112 |
| 29 | മാട്ടകുഴി | 22 | 98 |

അവലംബം : ദ്വിതീയ വിവര ശേഖരണം.

പട്ടിക 2

**അംഗീകരിക്കാത്ത കോളനികൾ**

| ക്രമ നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗ സംഖ്യ |
|---|---|---|---|
| 1 | ഇടവമ്മൽ | 15 | 65 |
| 2 | തറയിട്ടപുലാക്കൽ | 18 | 49 |
| 3 | തൊട്ടിയിൽ കുന്ന് | 14 | 60 |
| 4 | ആലകുഴി | 12 | 98 |
| 5 | കുളങ്ങര | 14 | 60 |
| 6 | മേലേകളം | 10 | 64 |
| 7 | മരുതംകുഴി | 10 | 66 |
| 8 | കോട്ടകുന്ന് | 10 | 40 |
| 9 | നടകുഴി | 10 | 45 |
| 10 | കാപ്പുപറമ്പ | 12 | 60 |
| 11 | നടകളത്തിൽകുന്ന് | 15 | 90 |
| 12 | കുണ്ടുങ്ങൽ | 15 | 80 |
| 13 | പറേക്കാട് | 6 | 30 |
| 14 | ഓങ്ങോട് | 12 | 55 |
| 15 | കുടംങ്ങാംപറമ്പ് | 12 | 65 |
| 16 | കോതപ്പുറം (മുതലപ്പാടം) | 10 | 60 |
| 17 | കാഞ്ഞിരത്തടം | 10 | 61 |
| 18 | കെമ്പാക്കൻകുന്ന് | 14 | 75 |
| 19 | വിളക്കത്തല | 15 | 80 |
| 20 | മുല്ലപ്പടി | 12 | 60 |
| 21 | പറയൻചോല | 12 | 75 |
| 22 | പട്ടവൻതോട് ലക്ഷംവീട് കോളനി | 18 | 198 |

അവലംബം ദ്വിതീയ വിവര ശേഖരണം.

പട്ടിക 3

| | |
|---|---|
| ആകെ വീടുകൾ | 677 |
| ഓട് മേഞ്ഞ വീടുകൾ | 361 |
| ഓലമേഞ്ഞ വീടുകൾ | 316 |
| കക്കൂസ് ഇല്ലാത്തത് | 648 |

അവലംബം : ദ്വിതീയ വിവര ശേഖരണം

പട്ടിക 4

ജനസംഖ്യ

| | 91 സെൻസസ് പ്രകാരം | 1996ൽ |
|---|---|---|
| പട്ടികജാതി | 4020 | 5470 |
| പട്ടികവർഗ്ഗം | 23 | 162 |

അവലംബം : 91ലെ സെൻസസ് റിപ്പോർട്ട്

പട്ടിക 5

വിദ്യാഭ്യാസം ചെയ്യുന്നവർ

| ക്ലാസ്സ് | എണ്ണം | |
|---|---|---|
| | ആൺ | പെൺ |
| *I* | *60* | *61* |
| *II* | *78* | *60* |
| *III* | *60* | *68* |
| *IV* | *67* | *34* |
| *V* | *69* | *56* |
| *VI* | *66* | *59* |
| *VII* | *55* | *56* |
| *VIII* | *18* | *31* |
| *IX* | *14* | *16* |
| *X* | *9* | *13* |

അവലംബം: ദ്വിതീയ വിവര ശേഖരണം

# വിദ്യാഭ്യാസം

താഴെക്കോട് പഞ്ചായത്ത്, മലബാറിലെ മററു പ്രദേശങ്ങളെപ്പോലെ വിദ്യാഭ്യാസ കാര്യത്തിൽ വളരെ പിന്നിലായിരുന്നു. ഖിലാഫത്ത് സമരം ഗാന്ധിജിയുടെ നേതൃത്വത്തിൽ കോൺഗ്രസ് ഏററെടുത്തതോടെ മലബാറിലെ സ്വാതന്ത്ര്യ വാഞ്ചയുള്ള ജനങ്ങൾ സമരത്തിന് മുന്നിട്ടിറങ്ങുകയും എല്ലാം ത്യജിച്ച് ബ്രിട്ടീഷുകാരോട് പോരാടുകയും ചെയ്തു. ഉലഞ്ഞുകൊണ്ടിരുന്ന ജന്മി-കുടിയാൻ ബന്ധവും ജന്മിമാർക്കനുകൂലമായി ബ്രിട്ടീഷുകാർ കൈക്കൊണ്ട നയവും ബ്രിട്ടീഷുകാരോടുള്ള വൈരാഗ്യത്തിന് ആക്കം കൂട്ടി. ബ്രിട്ടീഷുകാരോടുള്ള വൈരാഗ്യവും കടുത്ത ദാരിദ്ര്യവും ആധുനികവിദ്യാഭ്യാസം നേടുന്നതിന് തടസമായി നിന്നു. തത്ഫലമായി ഈ പഞ്ചായത്തിലെ ജനങ്ങൾ പൊതുവെ വിദ്യ നേടുന്നതിൽ നിന്ന് അകന്നുനിന്നു.

വിദ്യാഭ്യാസ രംഗത്ത് താഴെക്കോട് പഞ്ചായത്തിലെ ജനങ്ങൾ ഇന്ന് സജീവ ശ്രദ്ധ പുലർത്തി വരുന്നു. വിദ്യാഭ്യാസം കിട്ടേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് ഇന്ന് ജനങ്ങൾ ബോധവാൻമാരാണ്. ഗൾഫ് മേഖലയിൽ ജോലിക്കായി പോയവരുടെ സാമൂഹ്യ ബന്ധങ്ങളും ബോധവത്ക്കരണം വഴി സാക്ഷരതാ പ്രവർത്തനത്തിലൂടെ ഉണ്ടായ മാററവുമാണ് ഈ നില ഉണ്ടാക്കിയത്. കഴിഞ്ഞ 20 വർഷം കൊണ്ട് വളരെ വേഗം വിദ്യാഭ്യാസ പുരോഗതി ദൃശ്യമായി. വർഷങ്ങൾക്കു മുമ്പു തന്നെ താഴെക്കോട് പഞ്ചായത്തിൽ വിദ്യാലയങ്ങൾ ആരംഭിച്ചു. ആദ്യമായി ആരംഭിച്ച വിദ്യാലയം ഗുരുകുല മാതൃകയിലായിരുന്നു. 1912 ൽ ഒരപ്പുരക്കാട്ടിൽ രാമൻനായർ ആരംഭിച്ച വിദ്യാലയം ഇന്ന് നായാട്ടുതൊടി (അരക്കുപറമ്പ) ജി. എൽ. പി. സ്കൂളായി പ്രവർത്തിക്കുന്നു. സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി മരുതല ഭാഗത്താരംഭിച്ച ഗേൾസ് സ്ക്കൂൾ ഇന്ന് മുതിരമണ്ണ ജി. എൽ. പി. സ്ക്കൂളാണ്. കപ്പൂർ അയമ്മു അധികാരി ആയിരുന്നു ഈ വിദ്യാലയം തുടങ്ങുന്നതിന് നേതൃത്വം നൽകിയിരുന്നത്. 1921 കാലഘട്ടത്തിലാണ് പുത്തൂർ ജി. എൽ പി. സ്ക്കൂൾ പ്രവർത്തനമാരംഭിച്ചത്. 1937ൽ വേങ്ങാട്ടിരി സ്വദേശി സി. പി. അയമ്മു സാഹിബ് പുവ്വത്താണി എ യം യു പി സ്ക്കൂൾ സ്ഥാപിച്ചു. 1958ൽ കറുത്തേടത്ത് പുലാക്കാട്ട് മന വകയായി അരക്കുപറമ്പ് യു പി സ്ക്കൂൾ തുടങ്ങി. അമ്മിനിക്കാട് എ എൽ പി സ്ക്കൂൾ ഇതേകാലത്താണ്. വെള്ളൂരാൻ കുഞ്ഞീതുഹാജി തുടങ്ങിയത്.

1967ൽ EMSമന്ത്രിസഭ അധികാരത്തിൽ വരികയും കേരള സംസ്ഥാനഭരണത്തിൽ മലബാറിന് മുൻകൈ കിട്ടുകയും ജ: സി. എച്ച്. മുഹമ്മദ് കോയ സാഹിബ് വിദ്യാഭ്യാസ മന്ത്രിയായി. ഈ കാലഘട്ടത്തിൽ വളരെയേറെ എയ്ഡഡ്-ഗവൺമെൻറ് വിദ്യാലയങ്ങൾ കേരളത്തിലെമ്പാടും തുടങ്ങി. ഇതിന്റെ പ്രതിഫലനം താഴെക്കോട് പഞ്ചായത്തിലുമുണ്ടായി. കരിങ്കല്ലത്താണിയിൽ ഫാത്തിമ്മാ മെമ്മോറിയൽ ഹൈസ്ക്കൂൾ, താഴെക്കോട് പി ടി എം ഹൈസ്ക്കൂൾ, കാപ്പുമുഖം ഗവ: എൽ പി സ്ക്കൂൾ, അമ്മിനിക്കാട് പി ടി യം യു പി സ്ക്കൂൾ,പുത്തൂർ വി പി എ യം യു പി സ്ക്കൂൾ പള്ളിക്കുന്ന് ഗവ: എൽ പി സ്ക്കൂൾ, പുത്തൂർ യ ം യം എൽ പി സ്ക്കൂൾ, എന്നിവ ഈ കാലയളവിൽ ആരംഭിച്ചതാണ്.

ഇന്ന് വെട്ടത്തൂർ, അലനല്ലൂർ, കരിങ്കല്ലത്താണി, താഴെക്കോട്, പെരിന്തൽമണ്ണ എന്നീ ഹൈസ്ക്കൂളുകളിൽ പോയി പഠിച്ചിട്ടാണ് താഴെക്കോട് പഞ്ചായത്തിലെ കുട്ടികൾ ഹൈസ്ക്കൂൾ പഠനം പൂർത്തിയാക്കുന്നത്. ഒരു ഹൈസ്ക്കൂൾ കൂടി ഈ പഞ്ചായത്തിൽ അത്യാവശ്യമാണ്.

ഔപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങൾക്കു പുറമെ അഞ്ചു പാരലൽ കോളേജുകളും മൂന്ന് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും രണ്ട് ടൈപ്പ്റൈററിംഗ് സെൻററുകളും നാലു ജന വിദ്യാ കേന്ദ്രങ്ങളും ഒരു ജന ശിക്ഷൺ നിലയവും പഞ്ചായത്തിലുണ്ട്. ഊർജ്ജിതമായി പ്രവർത്തിക്കുന്നു എന്ന് പറയുക വയ്യ. സാമൂഹ്യ ക്ഷേമ വകുപ്പിനു കീഴിൽ 17 അംഗൻവാടികളും പഞ്ചായത്തിന്റെ കീഴിൽ ഒരു നഴ്സറി സ്ക്കൂളും പ്രവർത്തിക്കുന്നു. പട്ടികജാതി വികസന വകുപ്പിനു കീഴിൽ പാതായ്ക്കരയിൽ ഒരു ഐ. ടി. സി. പ്രവർത്തിക്കു

ന്നുണ്ട്.

വിദ്യാഭ്യാസ രംഗത്ത് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ തള്ളിക്കയററം ഇന്ന് സജീവ ചർച്ചാ വിഷയമാണ്. വിദ്യാഭ്യാസം മൗലികാവകാശവും സാർവ്വത്രികവുമായി മാറേണ്ടതുണ്ട്. ഈ ലക്ഷ്യത്തെ മുൻനിർത്തി നടപ്പിലാക്കി വരുന്ന ഡിസ്ട്രിക്ട് പ്രൈമറി എജ്യുക്കേഷൻ പ്രോഗ്രാ [D P E P] മിന്യകീഴിൽ താഴെക്കോട് പഞ്ചായത്തും ഉൾപ്പെടുന്നു. 1 മുതൽ 4 വരെയുള്ള ക്ലാസുകളിലെകുട്ടികളാണ് ഈ പദ്ധതിയുടെ കീഴിൽ വരുന്നത്. പഞ്ചായത്തിൽ ഒരു വില്ലേജ് എജുക്കേഷൻ കമ്മററി നിലവിലുണ്ട്. വിദ്യാഭ്യാസത്തിൻെറ ലക്ഷ്യം നേടുന്നതിനുള്ള മാർഗ്ഗങ്ങൾ സജീവമായ ചർച്ചക്ക് വിഷയമാവണം. ജോലിയും ബിരുദവും തമ്മിലുള്ള ബന്ധം അവസാനിക്കണം.

ഹൈസ്കൂൾ പഠനം കഴിഞ്ഞാൽ തുടർ വിദ്യാഭ്യാസത്തിന് മണ്ണാർക്കാട്, പെരിന്തൽമണ്ണ പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്. മത വിദ്യാഭ്യാസരംഗത്തും ഈ പ്രദേശങ്ങൾ പുറകിലല്ല. 5-ാം ക്ലാസ് വരെയുള്ള 25 മദ്രസകളും 10-ാം ക്ലാസുവരെയുള്ള 7 മദ്രസകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

സാമ്പത്തികമായി ഉയർന്ന് വന്നപ്പോൾ കുട്ടികളുടെ വിദ്യാഭ്യാസത്തിന് പണം ചെലവഴിക്കുന്നതിന് രക്ഷിതാക്കൾ താത്പര്യം കാണിക്കുകയും പലരും ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങളെ ആശ്രയിക്കുവാനും തുടങ്ങി. ഈ രംഗത്തെ തള്ളിക്കയററം അവസാനിപ്പിക്കാൻ വിദ്യാലയങ്ങളിലെ പഠനനിലവാരം ഉയർത്താൻ സർക്കാരും, രക്ഷിതാക്കളും, അദ്ധ്യാപകരും കൂട്ടായ പരിശ്രമം നടത്തേണ്ടതുണ്ട്. അതിനായി 1-ാം ക്ലാസ് മുതലുള്ള ആൾപ്രമോഷൻ നിർത്തൽ ചെയ്യുക, P T A കമ്മററികൾ, മാതൃസംഗമങ്ങൾ എന്നിവ സജീവമാക്കുക, പഠനോപകരണങ്ങൾ യഥാസമയം ലഭ്യമാക്കുക, സ്കൂളുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുക തുടങ്ങിയവ ചെയ്യേണ്ടതാണ്. ഈ വക കാര്യങ്ങളെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നുള്ള സർവേയിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ക്ലാസ് മുറികൾ, ഫർണിച്ചറുകൾ, സ്ററാഫ് റൂം, കുടിവെള്ളം, മൂത്രപ്പുരകൾ, ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ എന്നിവ ആവശ്യത്തിനില്ല. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠന നിലവാരം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. സ്കൂളുകളുടെ പൊതു വിവരം താഴെ കൊടുക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളും 4 യു പി സ്ക്കൂളും 8 എൽ. പി. സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്. ഹൈസ്ക്കൂളും യു. പി. സ്ക്കൂളും സ്വകാര്യമേഖലയിലും എൽ. പി. സ്കൂളുകളിൽ 6 എണ്ണം ഗവൺമെൻറ് മേഖലയിലും 2 എണ്ണം സ്വകാര്യമേഖലയിലുമാണ് പ്രവർത്തിക്കുന്നത്. ഹൈസ്ക്കൂളിൽ 655 ആൺകുട്ടികളും, 731 പെൺകുട്ടികളും പഠിക്കുന്നുണ്ട്. യു. പി. വിഭാഗത്തിൽ 2444 ആൺകുട്ടികളും, 2341 പെൺകുട്ടികളും കൂടി ആകെ 4785 കുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്നുണ്ട് 1308 ആൺകുട്ടികളും 1269 പെൺകുട്ടികളുമായി 2577 കുട്ടികളാണ് എൽ പി സ്ക്കൂൾ വിഭാഗത്തിൽ വിദ്യാഭ്യാസം ചെയ്യുന്നത്

പുത്തൂർ ജി. എം. എൽ. പി. സ്ക്കൂൾ ഇപ്പോൾ ഒരു മദ്രസയിലാണ് പ്രവർത്തിക്കുന്നത്. ആ സ്ക്കൂളിന് 10 ക്ലാസ് മുറികളുള്ള ഒരു കെട്ടിടം ആവശ്യമാണ്. അരക്കുപറമ്പ് ജി. എൽ. പി. സ്ക്കൂളിനും പള്ളിക്കുന്ന് ജി. എം. എൽ. പി. സ്ക്കൂളിനും വേണ്ടത്ര സ്ഥിരം കെട്ടിടം ഇല്ല. താത്കാലിക ഷെഡുകളും കൂടി ഉപയോഗിച്ചാണ് ഇവിടങ്ങളിൽ അദ്ധ്യയനം നടത്തുന്നത്.

13 സ്ക്കൂളുകളിൽ 9 സ്ക്കൂളുകളിൽ മാത്രമേ മൂത്രപ്പുരകളുള്ളൂ. കക്കൂസുകൾ 7 സ്ക്കൂളുകളിൽ മാത്രമേ ഉള്ളൂ

**പ്രശ്നങ്ങൾ**

1) വിദ്യാർത്ഥികളുടെ പ്രായത്തിനും മന:ശാസ്ത്രത്തിനും അനുസൃതമായ രീതിയിലല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ളത്. (സ്ക്കൂളിലേക്കുള്ള ദൂരം, സ്ക്കൂളിലെ അന്തരീക്ഷം, അദ്ധ്യാപകരുടെ സാമൂഹ്യസ്ഥാനം)

2) വിദ്യാഭ്യാസത്തോടുള്ള താല്പര്യക്കുറവ്

3) നിലവിലുള്ള വിദ്യാഭ്യാസ രീതി ഉപജീവനത്തിന് ഉതകുന്നില്ല.

4) പാഠ്യ വസ്തുക്കൾക്ക് ഏകീകൃത സ്വഭാവമില്ല.

5) അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം.

6) ബോധനരീതിയിൽ തുടർപരിശീലനം ഇല്ലാത്ത അവസ്ഥ.

# വ്യവസായം

കേരളത്തിൽ മററ് ജില്ലകളെ അപേക്ഷിച്ച് വ്യവസായ രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന മലപ്പുറം ജില്ലയിലാണ് താഴേക്കോട് പഞ്ചായത്ത്. ജില്ലയോടൊപ്പംതന്നെ പഞ്ചായത്തും ഈ രംഗത്ത് വളരെ പുറകിലാണ്. പരമ്പരാഗത കുടിൽ വ്യവസായങ്ങളായ കൊട്ട. വട്ടി, ഓലക്കുട, പായ, പപ്പടം എന്നിവയുടെ നിർമ്മാണമാണ് പറയത്തക്കതായി ഉള്ളത്. 1974-ൽ സ്റ്റാർച്ച് ഫാക്ടറി നിർമ്മാണ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. അമ്മിനിക്കാട്, കാപ്പുമുഖം, നെല്ലിപ്പറമ്പ്, കാപ്പുപറമ്പ് എന്നിവിടങ്ങളിൽ പൂളമില്ലുകൾ ആരംഭിച്ചുവെങ്കിലും പ്രവർത്തിച്ചതു രണ്ടെണ്ണം മാത്രമാണ്. ഇതോടനുബന്ധിച്ച് നൂറോളം പേക്ക് തൊഴിൽ ലഭ്യമാവുകയും ചെയ്തു. എന്നാൽ ഈ പൂളമില്ലുകൾ വിജയത്തിലെത്തിക്കാൻ സാധിച്ചില്ല. അസംസ്കൃത പദാർത്ഥത്തിന്റെ ദൗർലഭ്യം, വിപണനത്തിന്റെ പ്രശ്നങ്ങൾ എന്നിവ കാരണം പ്രവർത്തനമാരംഭിച്ചവയും പൂട്ടിയിടേണ്ടിവന്നു. വൈദ്യുതീകരിക്കാത്ത കാലഘട്ടമായതിനാൽ ഡീസൽ എഞ്ചിൻ ഉപയോഗിച്ചായിരുന്നു ഫാക്ടറികൾ പ്രവർത്തിപ്പിച്ചിരുന്നത്. പലപ്പോഴായി പതിനേഴ് റൈസ്മില്ലുകൾ ആരംഭിച്ചു പ്രവത്തിക്കുന്നു. താഴേക്കോട്ട് പഞ്ചായത്തിൽ വൈദ്യുതി എത്തിയതിനുശേഷം ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് തുടക്കം കുറിക്കുകയുണ്ടായി. ഇതുവരെ ഏതാണ്ട് അറുപതോളം ചെറുകിട വ്യവസായ യൂണിററുകൾ വീവിധ തുറകളിൽ സ്ഥാപിതമാവുകയുണ്ടായി. ഈ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ പഞ്ചായത്തിന്ന് കഴിഞ്ഞിട്ടില്ല. വ്യവസായ രംഗത്ത് വനിതകളുടെ സാന്നദ്ധ്യം കുറവുതന്നെ. പരമ്പരാഗത മേഖലകളായ പായ, പനമ്പ്നെയ്ത്ത് മേഖലയിലാണ് ചെറിയ തോതിലെങ്കിലും സ്ത്രീകൾ ഉൾപ്പെട്ടിട്ടുള്ളത്. വസ്ത്ര നിർമ്മാണ രംഗത്തേക്കും മററു ചെറുകിട വ്യവസായ രംഗത്തേക്കും കടന്നുവരാൻ സ്ത്രീകൾ ആഗ്രഹിക്കുന്നു.

# വ്യവസായ യൂണിററുകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വ്യവസായത്തിന്റെതരം | എണ്ണം | മുടക്കുമുതൽ (ലക്ഷത്തിൽ) | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | സ്ത്രീ | പു | ആകെ |
| 1 | തടി വ്യവസായം | 8 | 25 | — | 40 | 40 |
| 2 | പ്ലാസ്ററിക്ക് (ചെരിപ്പ്) | 1 | 15 | 15 | 9 | 24 |
| 3 | സ്ക്രൂ ഇൻഡസ്ട്രിയൽ | 1 | 5 | 1 | 8 | 9 |
| 4 | റൈസ് മിൽ | 17 | 17 | — | 17 | 17 |
| 5 | ഓയിൽ മിൽ | 3 | 4.5 | 3 | 3 | 6 |
| 6 | സോഡ | 3 | 0.5 | 3 | 3 | 6 |
| 7 | ബേക്കറി | 3 | 3 | 9 | 6 | 15 |
| 8 | വർക്ക് ഷോപ്പ് | 3 | 0.5 | — | 9 | 9 |
| 9 | പ്രിൻറിംഗ് പ്രസ്സ് | 2 | 3 | 8 | 4 | 12 |
| 10 | പെയിൻറ് (നിർത്തി) | 1 | 1.5 | 3 | 1 | 4 |
| 11 | ജനറൽ എഞ്ചിനീയറിംഗ് | 1 | 2 | — | 5 | 5 |
| 12 | റെഡിമെയ്ഡ് | 8 | 1 | 20 | — | 20 |
| | ആകെ — | 51 | 78 | 62 | 105 | 167 |

വ്യാവസായിക ആവശ്യത്തിനു് ഉപയോഗിക്കാവുന്ന അസംസ്കൃത വസ്തുക്കൾ പഞ്ചായത്തിൽ ധാരാളം ലഭ്യമാണ്. പ്രതിവർഷം റബ്ബർ 282 ടൺ, നാളികേരം 27 ലക്ഷം, കശുവണ്ടി 196 ടൺ, ഏത്തക്കായ 3150 ടൺ (അവലംബം: കൃഷി ഭവൻ രേഖ) എന്നിവ കൂടാതെ പൂള, പഴവർഗ്ഗങ്ങൾ തടി, മുതലായവ പഞ്ചായത്തിൽ ലഭ്യമാണ്. പരമ്പരാഗത വ്യവസായ മേഖലയിൽ പ്രധാനം കൊട്ട, വട്ടി, പരമ്പ്, പപ്പടം, കയർ എന്നിവയാണ്. പരിചയ സമ്പന്നരായ ധാരാളം തൊഴിലാളികൾ ഉണ്ട്. അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം ഈ രംഗം നേരിടുന്ന പ്രധാന പ്രശ്നമാണ്. പഞ്ചായത്തിൽ കൈത്തറി വ്യവസായം തീരെ ഇല്ല. അഞ്ചു കയർ യൂണിററുകൾ ഉണ്ടെങ്കിലും അവ പ്രവർത്തന രഹിതമാണ്. പഞ്ചായത്തിൽ ലഭ്യമാകുന്ന വിഭവങ്ങളുടെ അടിസ്ഥാനത്തിൽതന്നെ നമുക്ക് ചെറുകിട വ്യവസായ രംഗത്ത് ധാരാളം സാദ്ധ്യതകൾ ഉണ്ട്. ചെറുകിട വ്യവസായ രംഗത്ത് ധാരാളം നേട്ടങ്ങൾ കൈവരിക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

വ്യാവസായിക വളർച്ചക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനം വൈദ്യുതിയാണ്. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതിയുള്ള സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നുണ്ട്. രണ്ടാമത്തെ ഘടകം ഗതാഗത സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. മറെറാരു ഘടകം സാമ്പത്തികമാണ്. ആവശ്യത്തിനനുസരിച്ച് വായ്പാ സൗകര്യം ലഭിക്കുന്നില്ല എന്നതും പ്രശ്നം തന്നെയാണ്. പട്ടിക 1-ൽ സൂചിപ്പിച്ച ചെറുകിട വ്യവസായ യൂണിററുകളെല്ലാംതന്നെ സ്വകാര്യ ഉടമസ്ഥതയിലുള്ളതാണ്. സഹകരണാടിസ്ഥാനത്തിലോ, പൊതുമേഖലയിലോ ഒരു വ്യവസായ സ്ഥാപനവും പഞ്ചായത്തിലില്ലാ എന്നത് എടുത്തുപറയേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ വിഭവ സാദ്ധ്യതകൾ വെച്ചുകൊണ്ട് തുടങ്ങാവുന്ന സംരംഭങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു. പൊതുമേഖലയിലും, സഹകരണ മേഖലയിലും വൻകിട-വ്യവസായങ്ങൾ പഞ്ചായത്തിലുണ്ടാകേണ്ടതുണ്ട്.

# പട്ടിക- 2 തുടങ്ങാവുന്ന വ്യവസായ സംരംഭങ്ങൾ

| ക്രമ നമ്പർ | ചെറുകിട വ്യവസായം | ക്രമ നമ്പർ | വൻകിട വ്യവസായം |
|---|---|---|---|
| 1 | മിനി ഇൻഡസ്ട്രീയൽ എസ്റ്റേററ് | 1 | റബ്ബർ ഉപയോഗിച്ചുള്ളവ |
| 2 | റബ്ബർ ഉപയോഗിച്ചുള്ളവ | 2 | M C ഷീററ്, ചെരിപ്പ് |
| 3 | നാളികേരവും തൊണ്ടും ഉപയോഗിച്ചുള്ളവ | 3 | ഡി ഫൈബറിംഗ് പ്ലാൻറ് |
| 4 | ഏത്തക്കായ, പഴവർഗ്ഗങ്ങളും | 4 | ഫൈബർ കർലിംഗ് |
| 5 | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 5 | റബ്ബർ മിക്സിംഗ് മിൽ |
| 6 | തടി വ്യസായം | 6 | ഇലാസ്റ്റിക് നിർമ്മാണം |
| 7 | ഇഷ്ടിക, ഓട് തുടങ്ങിയവ | | |
| 8 | സോപ്പുനിർമ്മാണം | | |
| 9 | കറിപൗഡർ, അച്ചാർ തുടങ്ങിയവ | | |
| 10 | തീപ്പെട്ടി നിർമ്മാണം | | |
| 11 | മെക്കാനിക് വർക്ക്ഷാപ്പ് | | |
| 12 | ഹോളോബ്രിക്സ്, വാതിൽ, ജനൽ ഫ്രെയ്മുകളും തുടങ്ങിയവ | | |
| 13 | കുട നിർമ്മാണം | | |
| 14 | ടയർ റീത്രെഡിംഗ് | | |
| 15 | തുകൽ വ്യവസായം | | |
| 16 | എല്ലുപൊടി നിർമ്മാണം | | |
| 17 | ബീഡിവ്യവസായം | | |

## പ്രശ്നങ്ങൾ

- ചില പ്രദേശങ്ങളിൽ വൈദ്യുതി ലഭിച്ചിട്ടില്ല.
- വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
- വ്യവസായ സംരംഭകന്റെ അറിവില്ലായ്മ,
- ആസൂത്രണത്തിന്റെ അഭാവം.
- മാത്സര്യവിപണനം.
- വ്യവസായ വകുപ്പ് സഹായങ്ങൾ സമയത്ത് ലഭ്യമാകുന്നില്ല.
- സാങ്കേതിക തൊഴിലാളികളുടെ കുറവ്.
- സർക്കാർ നിയമങ്ങൾ, ലൈസൻസിനുള്ള താമസം.
- വായ്പകൾ ലഭിക്കാനുള്ള വിഷമവും, കാലതാമസവും.
- മുഖ്യ കാർഷികോല്പന്നങ്ങളായ റബ്ബർ, തേങ്ങ മുതലായവ വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
- വ്യവസായ സഹകരണ സംഘങ്ങളുടെ അഭാവം
- മാട്ട് കയറുണ്ടാക്കാനുള്ള വള്ളി, മരത്തോൽ, എന്നിവയും ഓടയും ഫോറസ്റ്റ് നിയമങ്ങൾ മൂലം ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

- വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.
- വൈദ്യുതി, ഗതാഗതം, വായ്പ എന്നിവ മൂന്ന് മേഖലകളായി പ്രവർത്തിക്കുന്നു. വ്യവസായ വകുപ്പുമായി ഈ മൂന്ന് മേഖലകളെയും ഏകോപിപ്പിച്ചുകൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
- വ്യവസായ സംരംഭകന്റെ അറിവില്ലായ്മ ദുരീകരിക്കാൻ പരിശീലനം ഏർപ്പെടുത്തുക.
- സഹകരണ മേഖലയിലും, പൊതുമേഖലയിലും ചെറുകിട-വൻകിട വ്യവസായങ്ങൾ ആരംഭിക്കുക.
- വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ലൈസൻസിംഗ് സമ്പ്രദായം സുതാര്യമാക്കുക.
- വായ്പാ സൗകര്യം എളുപ്പത്തിൽ ലഭിക്കുന്നതിനുള്ള നടപടികൾ എടുക്കുക.
- വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
- വനിതകൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള സംരംഭങ്ങളാരംഭിക്കുക.
- പ്രവർത്തനം നിലച്ച പൂളമില്ലുകളുടെ പ്രവർത്തനം പുനരാരംഭിക്കുക.
- കൈത്തറി വ്യവസായം പ്രോത്സാഹിപ്പിക്കുക.
- തടി വ്യവസായത്തിനുള്ള തടിലഭ്യമാക്കാനുള്ള ദീർഘകാല പദ്ധതികൾ നടപ്പിലാക്കുക.
- വ്യവസായ സംരംഭകരെ സർവ്വെയിലൂടെ കണ്ടെത്തുക.
- കരകൗശല രംഗത്ത് വിദഗ്ദപരിശീലനം നൽകുക.
- ഗൾഫ് കുടിയേററക്കാരെ വ്യവസായ രംഗത്ത് മുതൽ മുടക്കാൻ പ്രേരിപ്പിക്കുക.
- ഗൾഫ് മേഖലയിലെ വൻകിട കമ്പനികളിൽ ജോലിചെയ്ത് പത്തും പതിനഞ്ചും വർഷം പരിചയം ലഭിച്ച വിദഗ്ദ തൊഴിലാളികൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. ഇവരെ ഉൾപ്പെടുത്തി വ്യവസായിക അടിത്തറ വിപുലപ്പെടുത്താം,
- സഹകരണ സംഘങ്ങൾ മുഖേന വിപണനം വിപുലപ്പെടുത്താൻ കഴിയും.
- ഓട, മാട്ടുകയറുണ്ടാക്കാനുള്ള വള്ളി, മരത്തോൽ തുടങ്ങിയവ നല്കാത്ത ഫോറസ്ററധികൃതരുടെ കർക്കശ നിയമങ്ങൾ ലഘൂകരിച്ച് പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക.
- നാളികേരം, റബ്ബർ എന്നിവയിലധിഷ്ഠിതമായ വ്യവസായങ്ങൾക്ക് വൻ സാദ്ധ്യതകളുണ്ട്.

7) വിദ്യാഭ്യാസമേഖലയിലെ നിക്ഷേപം കുറയുന്നു.

8) വിദ്യാഭ്യാസ രീതിയെക്കുറിച്ചുള്ള തെററായ ധാരണ.

## നിർദ്ദേശങ്ങൾ

വിദ്യാഭ്യാസപരമായി പുറകിൽ നിൽക്കുന്ന അരക്കുപറമ്പ് വില്ലേജിൽ ഒരു ഹൈസ്ക്കൂൾ അനുവദിക്കുക.

നാട്ടുകാർ സ്വന്തമായി സ്ഥലം നൽകിയ താഴെപറയുന്ന സ്ക്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുക.

a) ജി. എം. എൽ. പി. എസ്. പുത്തൂരിന് ക്ലാസ് മുറിയും, ഒരു സ്ററാഫ് റൂമും, ഒരു ഓഫീസ് റൂമും, മൂത്രപ്പുരയും, കിണറും ആവശ്യമാണ്.

b) ജി. എൽ. പി. എസ്. അരക്കുപറമ്പിന് 3 ക്ലാസ് റൂമും, ഒരു സ്ററാഫ് റൂമും, മൂത്രപ്പുരയും കിണറും സ്ഥാപിക്കണം.

c) ജി. എൽ. പി. എസ്. പള്ളിക്കുന്നിന് 5 ക്ലാസ് മുറികളും ഒരു ഓഫീസ് റൂമും, ഒരു സ്ററാഫ് റൂമും സ്ഥാപിക്കണം.

d) തീരെ വിദ്യാഭ്യാസ സൗകര്യമില്ലാത്തവരും, കിലോമീററുകൾ സ്ക്കൂളുകളിലേക്ക് പോകേണ്ടതുമായ താഴെപറയുന്ന പ്രദേശങ്ങളിൽ എൽ പി. സ്ക്കൂളുകൾ അനുവദിക്കുക.

| | | |
|---|---|---|
| 1 | പാണമ്പി | വാർഡ് I |
| 2 | മാരാമ്പററക്കുന്ന് | വാർഡ് IV |
| 3 | മുതുക്കുംപുറം | വാർഡ് VII |
| 4 | കൂരിക്കുണ്ട് | വാർഡ് VII |
| 5 | അംബേദ്കർ കോളനി | ,, X, XI |
| 6 | കൊമ്പാക്കൽക്കുന്ന് | ,, XII |

e) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ അനുവദിക്കുക

f) പൊതുമേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ കേന്ദ്രം അനുവദിക്കുക.

g) നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ K E R ന് വിധേയമായി അപ്ഗ്രേഡ് ചെയ്യുക.

h) വാർഡ്തോറും ഓരോ ഗ്രന്ഥാലയങ്ങൾ ആരംഭിക്കുക

നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയിൽ എതാണ്ട് 15% പട്ടികജാതിക്കാരാണ്. പെരിന്തൽമണ്ണ ബ്ലോക്കിൽ ഏററവും കൂടുതൽ പട്ടികജാതിക്കാർ താമസിക്കുന്നത് താഴെക്കോട് പഞ്ചായത്തിലാണ്. 29 അംഗീകൃത കോളനികളിലും 22 അംഗീകരിക്കാത്ത കോളനികളിലുമായി ഇവർതാമസിക്കുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട 162 ആളുകൾ നമ്മുടെ പഞ്ചായത്തിൽ താമസിക്കുന്നുണ്ട്. എന്നാൽ പട്ടികവർഗ്ഗത്തിൽ നിന്നും രണ്ടുംകുട്ടികൾ മാത്രമാണ് വിദ്യാഭ്യാസം ചെയ്യുന്നത്. പട്ടിക ജാതിക്കാരുടെ വിദ്യാഭ്യാസതോത് 10.35% ആണ്. ഓരോ വിദ്യാലയത്തിലു പഠിക്കുന്ന വിദ്യാർത്ഥികളുടെ കണക്ക് താഴെ ചേർക്കുന്നു.

### പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| നമ്പർ | സ്ഥാപനത്തിൻെറ പേര് | ആകെ വിദ്യാർത്ഥികൾ | പട്ടികജാതി | പട്ടികവർഗ്ഗം | ശതമാനം |
|---|---|---|---|---|---|
| 1 | ജി. എം. എൽ. പി. എസ്. മുതിരമണ്ണ | 76 | 15 | — | 19.74 |
| 2 | ജി. എൽ. പി. എസ് കാപ്പുമുഖം | 161 | 20 | — | 12.42 |
| 3 | പി. ടി. എം. ഹൈസ്ക്കൂൾ | 2475 | 216 | — | 8.73 |

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ആകെ വിദ്യാർത്ഥികൾ | പട്ടികജാതി | പട്ടികവർഗ്ഗം | ശതമാനം |
|---|---|---|---|---|---|
| 4 | പി. ടി. യം. യു പി സ്കൂൾ | 326 | 26 | — | 7.96 |
| 5 | എ. എം. യു. പി. എസ്. പുവ്വത്താണി | 1830 | 163 | — | 8.91 |
| 6 | എ. യു. പി. എസ്. അരക്കുപറമ്പ് | 1051 | 140 | 2 | 13.32 |
| 7 | വി. പി. എം. യു. പി. എസ് പുത്തൂർ | 489 | 66 | — | 13.5 |
| 8 | എ. എൽ. പി. എസ്. അമ്മിനിക്കാട് | 431 | 26 | — | 6.03 |
| 9 | ജി. എം. എൽ. പി. എസ്. താഴെക്കോട് | 697 | 60 | — | 8.61 |
| 10 | ജി. എൽ. പി. എസ്. അരക്കുപറമ്പ് | 210 | 65 | — | 31 |
| 11 | ജി. എൽ. പി. എസ്. പള്ളിക്കുന്ന് | 225 | 52 | — | 23 |
| 12 | ജി. എം. എൽ. പി. എസ്. പുത്തൂർ | 130 | 18 | — | 13.25 |
| 13 | എം. എം. എൽ. പി. എസ്. പുത്തൂർ | 82 | 5 | — | 6.1 |

പട്ടികജാതി, പട്ടിക വർഗ്ഗക്കാരുടെ ഇടയിൽ ബോധവൽക്കരണം നടത്തിയാൽ മാത്രമേ ഈ വിഭാഗങ്ങളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ സാധിക്കുകയുള്ളൂ.

# വിഭവ സമാഹരണം

താഴെക്കോട് ഗ്രാമപഞ്ചായത്ത് ഒന്നാം ഗ്രേഡ് പഞ്ചായത്തും കേരളത്തിലെ സ്വാശ്രയ പഞ്ചായത്തിലൊന്നുമാണ്.

പഞ്ചായത്തിൻെറ പ്രധാന ഉദ്പാദന മേഖല കൃഷിയാണ്. ഉത്പാദന മേഖലയിലെ ചെലവിൻെറ വർദ്ധനവും കർഷകർ കാർഷികേതര മേഖലകളിലേക്ക് തിരിയുന്നതും പഞ്ചായത്തിൻെറ മൊത്തം വരുമാനത്തെ ബാധിച്ചിട്ടുണ്ട്.

ഒമ്പതാം പദ്തിയിലുൾപ്പെടുത്തിയ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ പൂർത്തിയാക്കേതുണ്ട്. ഇവക്കാവശ്യമായ പണം ഉത്പാദന മേഖലയിൽ നിന്നും ജനപങ്കാളിത്തത്തിലൂടെയും അമിത ചെലവുകൾ ഒഴിവാക്കിയും നടപ്പിലാക്കണം.

## നമ്മുടെ പഞ്ചായത്ത് നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1 വ്യവസായ സ്ഥാപനങ്ങളുടെ അപര്യാപ്തതയും

2 കാർഷികമേഖലയുടെ മുരടിപ്പുമാണ്.

ചെറുകിട വ്യവസായങ്ങൾ തന്നെ പഞ്ചായത്തിൽ തുലോം കുറവാണ്. ഈ രംഗങ്ങളിൽ മുന്നേററം നടത്തുന്നതിന് ബോധ പൂർവ്വമായ പ്രവർത്തനംആവശ്യമാണ്. കാർഷികമേഖലയിൽ മുരടിപ്പു മാത്രമല്ല പിന്നോട്ടടിയാണ് നേരിടുന്നത്. നെൽവയലുകൾ നികത്തി പുരയിടങ്ങളും നാണ്യ വിളകളുമായി മാറുന്നു. നിലവിലുള്ള കൃഷി ഭൂമിയിൽ തന്നെ അമിതമായ രാസവളപ്രയോഗം മൂലം ഭൂമിയുടെ ഉൽപാദനക്ഷമത വർഷങ്ങൾ കഴിയുന്തോറും കുറഞ്ഞു വരുന്നു. രാസവളപ്രയോഗത്തിൻെറ ദോഷഫലങ്ങൾ കർഷകരെ ബോധ്യപ്പെടുത്തുകയും ജൈവവളങ്ങളുപയോഗിക്കുന്നതിന് പ്രേരിപ്പിക്കേണ്ടതുമാണ്. ഈ രണ്ടു മേഖലകളിലും ബോധപൂർവ്വമായ ഇടപെടൽ നടത്തിയാലെ തെല്ലെങ്കിലും വളർച്ച് കൈവരിക്കാൻ സാധിക്കുകയുള്ളൂ.

ഗ്രാമത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം കാർഷിക മേഖലയിൽ നിന്നാണ്. കാർഷിക മേഖലയിൽ തന്നെ പ്രത്യേകിച്ച് അടയ്ക്കാ തേങ്ങ എന്നീ വിളവുകളിൽ നിന്നാണ് കൂടുതലും വരുമാനം തെങ്ങു കൃഷിയേയും, കമുങ്ങു കൃഷിയേയും നേരിടുന്ന പ്രധാന പ്രശ്നം കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവാണ്. കാർഷികോൽപ്പന്നങ്ങളുടെ വില സ്ഥിരമായിനിർത്തുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ ഭാഗത്തു നിന്നും ഉണ്ടാവേണ്ടതാണ്, പഞ്ചായത്തിലെ ജനസംഖ്യയിൽ ഏതാണ്ട് 10% ജനങ്ങൾ കാർഷിക മേലയിൽ തൊഴിൽ ചെയ്യുന്നവരാണ്. ഇവർക്ക് വർഷത്തിൽ ഏതാണ്ട് 100 ദിവസത്തിനും 200 ദിവസത്തിനും ഇടക്കു മാത്രമേ തൊഴിൽ കൊടുക്കാൻ സാധിക്കുന്നുള്ളു.

പഞ്ചായത്തിൻെറ വരുമാനത്തിൽ സർക്കാർ ഗ്രാൻറുകൾ നിശ്ചിത സമയത്ത് ലഭിക്കുന്നില്ല. മിക്കവാറും വർഷാവസാനമോ അതല്ലെങ്കിൽ തനതു വർഷത്തിനുശേഷമാണ് ലഭിക്കുന്നത്. ലഭിക്കുന്ന ഗ്രാൻറുതന്നെ പഞ്ചായത്തിൻെറ വരുമാനത്തെയും ജനസംഖ്യാനുപാതത്തെയും അടിസ്ഥാനമാക്കിയല്ലെന്ന് കാണുന്നു. ഇത്തരം സർക്കാർ ഗ്രാൻറുകൾ ജനസംഖ്യാനുപാതത്തെയും പഞ്ചായത്തിൻെറ പി ന്നോ ക്കാ വ സ് ഥയെയും മുൻനിർത്തി നിശ്ചിത കാലയളവിൽ പഞ്ചായത്തിന് ലഭ്യമാക്കാൻ സർക്കാർ ഭാഗത്തുനിന്നും നടപടിയുണ്ടാക്കേതാണ്. ഓരോ ഇനത്തിലുമുള്ള ഗ്രാൻറും പഞ്ചായത്തിൻെറ വീതവും അതാതു മേഖലയിൽ നിന്നുതന്നെ പഞ്ചായത്തിന് വിതരണം ചെയ്യാൻ നടപടികളുണ്ടാക്കേണ്ടതാണ്. എന്നാൽ മാത്രമേ പഞ്ചായത്തിൻെറ പദ്ധതികൾക്ക് രൂപം നൽകുന്നതിനും നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പാക്കുന്നതിനും കഴിയുകയുള്ളൂ. പഞ്ചായത്തിലെ 25% കുടുംബങ്ങളിൽ നിന്നും ഒരാളെങ്കിലും മററു നാടുകളിൽ പോയി ജോലി ചെയ്യുന്നുണ്ട്. ഈ മേഖലയിലെ വരുമാനം പഞ്ചായത്തിൻെറ വികസനത്തിന് ഇന്നുവരെയും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. വിദേശങ്ങളിൽ നിന്നുള്ള വരുമാനം പ്രത്യുല്പാദനമേഖലകളിൽ മുടക്കാതെ ആഡംബര ജീവിതത്തിനാണ് മിക്ക കുടുംബങ്ങളും വിനിയോഗിക്കുന്നത്.

നമ്മുടെ ഗ്രാമപഞ്ചയത്ത് തനതു വരുമാനത്തിന്റെ കാര്യത്തിൽ മററു പഞ്ചായത്തുകളെ അപേക്ഷിച്ച് വളരെ പിന്നോക്കമാണ്. കഴിഞ്ഞ ഒരു വർഷത്തെ വരുമാനം ഇനം തിരിച്ച് താഴെ ചേർക്കുന്നു.

## പട്ടിക I 1995-96

| Sl No | വരുമാനം ഇനം തിരിച്ച് | സംഖ്യ |
|---|---|---|
| 1 | കെട്ടിട നികുതി | 1,78,560 00 |
| 2 | തൊഴിൽ നികുതി | 109188 00 |
| 3 | വിനോദ നികുതി | 30,840 10 |
| 4 | ലൈസൻസ് ഫീസ് | 10,663 25 |
| 5 | വസ്തുകൈമാററ നികുതി | 124,325 00 |
| 6 | ഡപ്പോസിററ് | 6182 00 |
| 7 | മററുള്ളവ | 78855 30 |
| | ആകെ | 53863. 65 |

(അവലംബം: ദ്വിതീയ വിവര ശേഖരണം)

മേൽ കാണിച്ച വരുമാനത്തിനു പുറമെ സംസ്ഥാന കേന്ദ്ര സർക്കാരുകളിൽ നിന്നും 1995–96 വർഷത്തിൽ ഗ്രാൻറായി ലഭിച്ച സംഖ്യയുടെ ഇനം തിരിച്ചുള്ള വിവരം താഴെ 2-ാം നമ്പർ പട്ടികയിൽ ചേർത്തിരിക്കുന്നു.

## പട്ടിക II 1995-96

| Si No. | വരുമാനം ഇനം തിരിച്ച് | സംഖ്യ |
|---|---|---|
| 1 | വില്ലേജു റോഡു മെയിൻറൻസ് | 34931 00 |
| 2 | മൈനർ ഇറിഗേഷൻ | 3658 00 |
| 3 | വെഹിക്കിൾ ടാക്സ് | 343426 00 |
| 4 | വെഹിക്കിൾ ടാക്സ് (75%) | 72400 00 |
| 5 | J R Y [കേന്ദ്രഫണ്ട്] | 440514 00 |
| 6 | അൺടൈഡ് ഫണ്ട് | 315000 00 |
| | ആകെ | 1209929 00 |

[അവലംബം പഞ്ചായത്തു രേഖകൾ ]

1ഉം 2ഉം പട്ടികയനുസരിച്ചുള്ള വരുമാനം താഴെ 3-ാംനമ്പർ പട്ടികയിൽ കാണിച്ച വിധം ചെലവഴിച്ചതായി കാണുന്നു.

പട്ടിക 3 95-96

| ക്രമ നമ്പർ | ഇനം തിരിച്ചുള്ള ചിലവ് | സംഖ്യ |
|---|---|---|
| 1 | ഭരണച്ചിലവ് | 476401 80 |
| 2 | പൊതുമരാമത്ത് | 1744098 00 |
| 3 | വിദ്യാഭ്യാസം | 3827 75 |
| 4 | ജലവിതരണം | 30434 00 |
| 5 | ഊർജം(തെരുവ്‌വിളക്ക്) | 48442 00 |
| 6 | സാമൂഹ്യ ക്ഷേമം | 41102 25 |
| | ആകെ | 2378748 80 |

(പഞ്ചായത്ത് രേഖഅവലംബിച്ച്)

പഞ്ചായത്തിൻെറ ശരാശരി തനതു വരുമാനം 538683.65 രൂപ (പ്രതിവർഷം) ഭരണച്ചെലവ്, തെരുവ് വിളക്ക്, ജലവിതരണവിഹിതം ഇവകൾ മാത്രമായി 555277. 80രൂപ ചെലവിനത്തിൽ വേണ്ടിവരുന്നു.

മേൽ പ്രസ്താവിച്ച പട്ടികകൾ പരിശോധിക്കുമ്പോൾ വരുമാനത്തിൽക്കവിഞ്ഞ ചിലവ് നടത്തിയതായി കാണുന്നു. ചിലവിൻെറ ഏതാണ്ട് 20%ത്തിൽ കൂടുതൽ സംഖ്യ ഭരണചിലവിനാണ് വിനിയോഗിക്കുന്നത്. പൊതുമരാമത്ത് ഇനത്തിൽ ചിലവിൻെറ 70%ത്തിൽ കൂടുതൽ സംഖ്യ വിനിയോഗിക്കുന്നു. 10% ത്തിൽ താഴെവരുന്ന സംഖ്യമാത്രമാണ് വിദ്യഭ്യാസം, ഊർജ്ജം എന്നിവക്ക് വിനിയോഗിക്കുന്നത്.

## നിർദ്ദേശങ്ങൾ

1 പഞ്ചായത്ത് ആക്ട് അനുസരിച്ച് തോടുകളും നീർച്ചാലുകളും പഞ്ചായത്തിൽ നിക്ഷിപ്തമാണ്. നിലവിലുള്ള തോടുകളുടെ വീതി കാലക്രമേണ കുറഞ്ഞുവരുന്നു. തോടിനോടു ചേർന്നുള്ള സ്ഥലമുടമകൾ തോട്ടിൽ കൽപടവുകൾ കെട്ടിയും കൈത മുതലായവ നട്ടുപിടിപ്പിച്ചും തോട് അനധികൃതമായി കയ്യേറി അവരവരുടെ സ്ഥലത്തിൻെറ വിസ്തീർണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. തോടുകൾ അടിയന്തിരമായി സർവ്വേ ചെയ്ത് വിസ്തീർണ്ണം തിട്ടപ്പെടുത്തേണ്ടതും അതിർത്തി നിർണ്ണയിക്കേണ്ടതുമാണ്. അനധികൃത കയ്യേററങ്ങൾ ഒഴിപ്പിച്ച് തോടുപുറമ്പോക്കുകളും പഞ്ചായത്ത് ഏററെടുക്കേണ്ടതും പ്രസ്തുത സ്ഥലത്തെ മേലനുഭവങ്ങളും മററും കാലാകാലങ്ങളിൽ ലേലം ചെയ്ത് വിൽക്കേണ്ടതും സംഖ്യ പഞ്ചായത്തുഫണ്ടിൽ മുതൽ കൂട്ടേണ്ടതുമാണ്.

2 പഞ്ചായത്തതിർത്തിക്കുള്ളിൽ നിലവിലുള്ള പൊതുകുളങ്ങളിലുള്ള വെള്ളം ഉപയോഗിച്ച് കൃഷി നടത്തുന്നവരിൽ നിന്ന് വെള്ളക്കരം ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

3 നിലവിൽ കെട്ടിട നികുതി ഈടാക്കുന്ന രീതി യുക്തി സഹമല്ല. എല്ലാവീടുകൾക്കും [താല്കാലിക വീടുകൾ, ഓലഷെഡുകളൊഴിച്ച്] അവ

യുടെ നിർമ്മാണച്ചെലവിൻെറ തോതനുസരിച്ച് കെട്ടിട നികുതി ഈടാക്കേണ്ടതാണ്. അഥവാ ഇതിന് പ്ലാനിൻെറയും എസ്ററിമേററിൻെറയും അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്. ഓരോ ഇനം വീടുകൾക്ക് വിസ്തീർണ്ണം അനുസരിച്ച് സ്ലാബ് നിശ്ചയിച്ച നികുതി ഈടാക്കുക.

4 തൊഴിൽനികുതിയുടെ പരിധിയിൽ ഇന്ന് സർക്കാർ അർദ്ധ സർക്കാർ ജീവനക്കാരും ബാങ്കിംഗ് മേഖലയിലെ ജീവനക്കാരും മാത്രമേ വരുന്നുള്ളൂ. തൊഴിൽ നികുതിയുടെ പരിധിയിൽ പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും ഉൾപ്പെടുത്തി തൊഴിൽനികുതി പിരിക്കേണ്ടതാണ്. പ്രസ്തു തൊഴിലാളികൾക്ക് പഞ്ചായത്തിൻെറ വികസനത്തിൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

5 ഗ്രാമപഞ്ചായത്തിൻെറ അധീനതയിൽ ധാരാളം പഞ്ചായത്ത് റോഡുകളുണ്ട്. റോഡുകളുടെ ഇരുവശങ്ങളിലുമുള്ള വൃക്ഷങ്ങൾക്ക് നമ്പർ ഇടേണ്ടതും അവയിലെ മേലനുഭവങ്ങൾ കാലാകാലങ്ങളിൽ ലേലം ചെയ്ത് വിൽക്കേണ്ടതുമാണ്.

6 നെൽകൃഷി ആദായകരമല്ലാത്തതിനാൽ വയലുകളിൽ ഇന്ന് നാണ്യവിളകളാണ് കൃഷി ചെയ്യുന്നത്. നാണ്യ വിളകളായ കവുങ്ങ്, തെങ്ങ്. കുരുമുളക്, കശുവണ്ടി, റബ്ബർ മുതലായവക്ക് വർഷത്തിൽ വിളവിൻെറ അടിസ്ഥാനത്തിലും കൃഷിയിടത്തിൻെറ വിസ്തീർണ്ണത്തെ അടിസ്ഥാനപ്പെടുത്തിയോ നികുതി ഈടാക്കേണ്ടതിന് സത്വരം നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത നികുതി ആകർഷകമാക്കുന്നതിന് വിള ഇൻഷൂർ ചെയ്യുന്നതിന് പഞ്ചായത്തിൽ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

7 നമ്മുടെ പഞ്ചായത്തിൻെറ അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന ധനകാര്യസ്ഥാപനങ്ങൾക്ക് പഞ്ചായത്തിൻെറ വികസനത്തിൽ ഒരു പങ്കും ഇല്ലാത്ത അവസ്ഥയിലാണ് അവയുടെ പ്രവർത്തനം ഇക്കാലമത്രയും നടന്നിട്ടുള്ളത്. പ്രസ്തുത സ്ഥാപനങ്ങളുടെ പേരും അവയിൽ നിക്ഷേപിച്ചിട്ടുള്ള സംഖ്യയുടെ കണക്കും താഴെചേർക്കുന്നു

| Sl No. | സ്ഥാപനത്തിൻെറ പേര് | നിലവിലുള്ള നിക്ഷേപ തുക |
|---|---|---|
| 1 | അരക്കുപറമ്പ് സർവ്വീസ് ബാങ്ക് | 72,80,674, 00 |
| 2 | താഴെക്കോട് സർവ്വീസ് ബാങ്ക് | 71,58000 00 |
| 3 | സൗത്ത് മലബാർ ഗ്രാമീണബാങ്ക് | 1,05,00000 00 |
| 4 | അർബൻ ബാങ്ക് | 1,18,00000 00 |

(അവലംബം ദ്വിതീയവിവര ശേഖരണം

ഏതാണ്ട് 3 കോടിയിൽപരം രൂപയാണ് ഈ സ്ഥാപനങ്ങളിൽ നിക്ഷേപമുള്ളത്. ഇത്രയും വലിയ തുകയുടെ ചെറിയൊരു ഭാഗം പഞ്ചായത്തിൻെറ വികസനങ്ങളിലേക്ക് തിരിച്ചുവിട്ടാൽ വികസനകാര്യങ്ങളിൽ അത്ഭുത പൂർവ്വമായ വളർച്ച നേടാവുന്നതാണ്. തുടർന്നുള്ള വർഷങ്ങളിലെങ്കിലും മേൽപ്പറഞ്ഞസ്ഥാപനങ്ങളെ നാടിൻെറ വികസന രംഗങ്ങളിൽക്കൂടി പങ്കാളിയാക്കുന്നതിന് നൂതന പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തോഫീസ് സ്ഥിതി ചെയ്യുന്ന കരിങ്കല്ലത്താണി ദ്രുതഗതിയിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ്. പാലക്കാട്–കോഴിക്കോട് റോഡും, തൂത–വെട്ടത്തൂർ റോഡും കൂടിച്ചേരുന്ന നാല്ക്കവലയാണ് കരി

കല്പത്താണി.ധാരാളം ഓട്ടോറിക്ഷകളും ടാക്സി ജീപ്പുകളും ഇന്ന് റോഡിന്റെ ഇരു സൈഡുകളിലുമായി പാർക്കു ചെയ്യുകയുമാണ്. പാലക്കാട് കോഴിക്കോട് റൂട്ടിൽ ഓടുന്ന ബസ്സുകളും ആലിപ്പറമ്പു പെരിന്തൽമണ്ണ ബസ്സുകളും, പെരിന്തൽമണ്ണ വെട്ടത്തൂർ അരക്കുപറമ്പ് റൂട്ടിലോടുന്ന ബസ്സുകളും ഈ ജംഗ്ഷനിൽ കൂടിക്കടന്നു പോകുന്നു. ഇവിടെ മേൽപറഞ്ഞ ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി അനുയോജ്യമായ സ്ഥലം അക്വയർ ചെയ്ത് ഒരു ഷോപ്പിംഗ് കോംപ്ലക്സും, ഒരു ബസ്സ്റ്റാൻറും നിർമ്മിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ ഇന്നുള്ള വരുവരുമാനം പതിന്മടങ്ങു വർദ്ധിക്കാൻ സാധ്യതയുണ്ട്. അതുപോലെ ഓട്ടോറിക്ഷാ സ്റ്റാൻറ് ടാക്സി പാർക്ക് മീൻ മാർക്കററ് (മീൻചന്ത) ഇറച്ചി മാർക്കററ് എന്നിവക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തുകയും സൗകര്യങ്ങളേർപ്പെടുത്തുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുകയും ജനങ്ങൾക്ക് സൗകര്യ പ്രദവുമായിരിക്കും.

8 നമ്മുടെ പഞ്ചായത്തിലെ പല വ്യക്തികളും മറുനാടുകളിൽ (ഗൾഫിൽ) കഠിനാദ്ധ്വാനം ചെയ്ത് ധാരാളം പണം സമ്പാദിക്കുന്നുണ്ട്. പ്രസ്തുത ധനം ഇന്ന് നാഷണലൈഡ്സ് ബേങ്കുകളിൽ മാത്രമേ നിക്ഷേപിക്കുവാൻ വ്യവസ്ഥയുള്ളൂ. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ ഈ വരുമാനത്തിന്റെ ചെറിയൊരംശം പോലും നമ്മുടെ പഞ്ചായത്തിന്റെ വികസനത്തിന് ആക്കം കൂട്ടുന്ന രീതിയിൽ ചിലവഴിക്കുന്നില്ല. നമ്മുടെ പഞ്ചായത്തതിർത്തിക്കുള്ളിലെ വ്യക്തികൾ അന്യനാടുകളിൽനിന്നും സമ്പാദിക്കുന്ന ധനത്തിന്റെ ഒരു നിശ്ചിത ശതമാനം പഞ്ചായത്തിന്റെ വികസനത്തിന് ഉപയോഗിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നാഷണലൈഡ്സ് ബേങ്കുകൾക്ക് നൽകുകയോ അല്ലെങ്കിൽ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്ന ധനകാര്യസ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിനുള്ള അവസരം ഉണ്ടാക്കുകയോ ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള മൂലധനം മുടക്കി പഞ്ചായത്തിൽ അനുയോജ്യമായ വ്യവസായങ്ങൾ സ്ഥാപിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ പുരോഗതിക്കും സർവ്വോപരി തൊഴിലില്ലായ്മ തെല്ലെങ്കിലും പരിഹരിക്കുന്നതിനും സാധിക്കുന്നതാണ്. അതുകൊണ്ട് ഗൾഫുനാടുകളിൽ ജോലി ചെയ്യുന്നവരെ സഹകരണാടിസ്ഥാനത്തിലും അല്ലാതെയും സംഘടിപ്പിച്ച് അവർ സമ്പാദിക്കുന്ന മൂലധനം ഉപയോഗിച്ച് വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുക്കുന്നതിന് പ്രോൽസാഹനം നൽകേണ്ടതുമാണ്.

9 നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ വലിയൊരു പങ്ക് പൊതുമരാമത്തിനാണുപയോഗിക്കുന്നതെന്ന്പറഞ്ഞുവല്ലോ! ഓരോ വർഷവും പഞ്ചായത്തു റോഡുകൾ റിപ്പയർ ചെയ്യുന്നു. വർഷക്കാലം തീരുന്നതോടെ റോഡുകളുടെ സ്ഥിതി പഴയ പടി ആകുന്നു. ഇങ്ങനെ ഓരോ വർഷവും പഞ്ചായത്തിന്റെ വരുമാനത്തിൽ വലിയൊരു സംഖ്യ ഉപയോഗ ശൂന്യമായി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇത്തരത്തിലുള്ള താൽകാലിക റിപ്പയർ ഒഴിവാക്കേണ്ടതുമാണ്. വർഷക്കാലം തീരുന്നമുറക്കും വർഷക്കാലം തുടങ്ങുന്നതിനുമുമ്പും പഞ്ചായത്ത് റോഡിന്റെ ഇരുവശത്തുള്ള ചാലുകൾ ജന പങ്കാളിത്തത്തോടെ വൃത്തിയാക്കുന്നതിന് വാർഡുമെമ്പർമാരെ ചുമതലപ്പെടുത്താൻ ഭരണസമിതി തീരുമാനിക്കുകയാണെങ്കിൽ മേൽപ്പറഞ്ഞ ധനദുർവ്യയം ഒഴിവാക്കുവാനും പ്രസ്തുത സംഖ്യ സ്ഥായിയായി മുടക്കുന്നതിനും കഴിയുന്നതാണ്. ഇത്തരത്തിലുള്ള ചെറിയ പ്രവർത്തികൾ ജനപങ്കാളിത്തത്തോടുകൂടി നടത്തുന്നതിന് ഭരണസമിതി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

10 പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ച് റോഡ്, കിണർ, കുളം എന്നിനനിർമ്മിക്കുന്നതിന് ഗുണഭോക്താക്കളുടെ ക മ്മററിയെയാണ് നിലവിൽ ചുമതലപ്പെടുത്തുന്നത്. എന്നിരുന്നാലും പ്രവർത്തി ഏറെറടുത്ത് നടത്തുന്നത് PWD കോൺട്രാക്ടർ മാരാണെന്ന് കാണാം. ഇതുമാററി ഓരോ പ്രവർത്തിയുടെയും ഗുണഭോക്താക്കളെത്തന്നെ പ്രസ്തുത ജോലികൾ ഏൽപ്പിക്കുന്നതായാൽ പഞ്ചായത്ത് മുടക്കുന്ന സംഖ്യയും ഗുണഭോക്താക്കളുടെ അധ്വാനവും മുതൽ കൂട്ടാക്കി ഓരോപ്രവർത്തിയും തല്ലയിലയിൽ പൂർത്തിയാക്കുന്നതിന് കഴിയുന്നതാണ്. ഇതിനു മുൻകൂറായി സംഖ്യ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും കരാർ സമ്പ്രദായം ഈരംഗങ്ങളിൽ ഇന്നും പാടേ ഒഴിവാക്കേണ്ടതുമാണ്.

11 ഗാംഫിൽ നിന്ന് മടങ്ങിവരുന്ന പഞ്ചായത്തി ത്തിലെ ആളുകളെ പുനരധിവസിപ്പിക്കുന്നതിന് ഇവരിൽ നിന്ന് ഗാംഫിലായിരിക്കുന്ന അവസര ത്തിൽ പുനരധിവാസനിധി രൂപീകരിക്കുകയും പുനരധിവാസത്തിൽ മുൻഗണനാക്രമത്തിൽ സ ഹായം നൽകുവാൻ വേണ്ട പദ്ധതി തയ്യാറാക്കുക.

12 പരസ്യ ബോർഡുകൾക്ക് നികുതി ഏർപ്പെടു ത്തുക.

13 നിലവിൽ പഞ്ചായത്ത് കെട്ടിടം സ്ഥിതി. ചെയ്യുന്ന സ്ഥലത്ത് ഷോപ്പിംഗ് കോപ്ലക്സ്, കമ്യൂണിററിഹാൾ, ഓഫീസ് ഇവ നിർമ്മിക്കുക.

14 താഴെക്കോട് പള്ളിപ്പടിയിലെ PWD അധീനത യിലുള്ള സ്ഥലം ഏറെറടുത്ത് ഷോപ്പിംഗ് സെൻറർ, പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുക.

15 കരിങ്കല്ലത്താണിയിൽ സ്ഥലം ഏറെറടുത്ത് ബസ്സ് സ്ററാൻഡ് നിർമ്മിക്കുക.

# ഉപസംഹാരം

കേരളത്തിന്റെ വികസന രംഗത്ത് ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനങ്ങൾക്ക് തുല്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതാണ് ജനകീയാസൂത്രണം. ജാതി-മത-രാഷ്ട്രീയ വേർതിരിവുകൾക്കതീതമായി ഭരണത്തിൽ ജനങ്ങളെ പങ്കാളികളാക്കുന്നതിന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുന്നു. അധികാരത്തോടൊപ്പം സമ്പത്തും കൈകാര്യം ചെയ്യാനുള്ള അവകാശം ലഭിക്കുമ്പോഴാണ് ജനാധിപത്യം പൂർണ്ണതയിലെത്തുന്നത് പദ്ധതി വിഹിതത്തിന്റെ നാൽപത് ശതമാനം ഗ്രാമപഞ്ചായത്തുകൾ വഴി വികസനപ്രവർത്തനങ്ങൾക്കായി വിതരണം ചെയ്യണമെന്നാണ് കേരള സർക്കാർ തീരുമാനിച്ചിരിക്കുന്നത്. വിവിധ സ്രോതസ്സുകളിൽനിന്നും ലഭിക്കുന്ന പണം വികസനത്തിന്റെ കുതിച്ചുചാട്ടത്തിന് സഹായിക്കും. വികസനത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതും ഗ്രാമസ്വരാജ് എന്ന സങ്കൽപം പൂർത്തീകരിക്കുന്നതും ആയ പഞ്ചായത്തീരാജിനെ കുറിച്ചുണ്ടായിരുന്ന സങ്കൽപം ജനകീയാസൂത്രണത്തിലൂടെ കേരളത്തിൽ നടപ്പിൽ വരികയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പിന്നോക്ക സമുദായങ്ങൾക്കും ഭരണസാമൂഹ്യ രംഗങ്ങളിൽ അർഹമായ പ്രാതിനിത്യം ഉണ്ടായിട്ടില്ലെന്നുള്ളത് വസ്തുതയാണല്ലോ. താഴെക്കോട് പഞ്ചായത്ത് ഗ്രാമീണ മേഖലയാണ്. പ്രധാന വരുമാനം കൃഷിയാണ്. കാർഷിക മേഖലയിൽ ശ്രദ്ധാപൂർവ്വം നീങ്ങിയെങ്കിൽ മാത്രമെ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളു പഞ്ചായത്തിൽ രണ്ട് വില്ലേജുകളുണ്ട്. ജനസാന്ദ്രതയിലും സാക്ഷരതയിലും താഴെക്കോട് വില്ലേജ് മുന്നിൽ നിൽക്കുന്നു. ഇക്കാര്യത്തിൽ അരക്കുപറമ്പ് വില്ലേജ് വളരെ പിന്നിലാണ്.

പഞ്ചായത്തിൽ ആകെയുള്ള വാർഡുകൾ ജനസംഖ്യാനുപാതികമായി വിഭജനം നടന്നാൽ കൂടുതൽ പ്രാതിനിധ്യം താഴെക്കോട് വില്ലേജിൽ നിന്നുണ്ടാകും എന്നതാണ് അവസ്ഥ. വികസന കാര്യങ്ങളിൽ ഒരു പ്രദേശത്തിനോടും പ്രത്യേക മമതയോ, വിദ്വേഷമോ പഞ്ചായത്ത് ഭരണസമിതി കാണിക്കാറില്ല. നമ്മുടെ പഞ്ചായത്തിലുള്ള റോഡുകളുടെ നിർമ്മാണച്ചിലവും ഗുണഭോക്താക്കളുടെ എണ്ണവും താരതമ്യം ചെയ്താൽ കുറഞ്ഞ ഗുണഭോക്താക്കൾക്ക് കൂടുതൽ പണം ചിലവഴിക്കേണ്ട അവസ്ഥയാണുള്ളത്. കാർഷിക മേഖലയിൽ ബോധപൂർവ്വമായ ഇടപെടൽ ഉണ്ടായാൽ മാത്രമെ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികനില മെച്ചപ്പെടുകയുള്ളു, സ്വയം സംഘടിച്ച് ചെയ്യാവുന്ന നിസ്സാര കാര്യത്തിനുപോലും അപേക്ഷയുമായി പഞ്ചായത്തിലേക്ക് വരുന്ന ഒരു പ്രവണതയുണ്ട്. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നതോടുകൂടി ഈ പ്രവണത മാറേണ്ടതാണ് എന്ന ബോധം ജനങ്ങളിലുണ്ടായി എന്നത് സന്തോഷകരമാണ്. വിശേഷാൽ ഗ്രാമസഭകളിൽ രണ്ടായിരത്തി ഒരുനൂറിലധികം ആളുകൾ പങ്കെടുത്തു. ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ഈ റിപ്പോർട്ടിൽ ക്രോഡീകരിച്ച് ചേർത്തിട്ടുണ്ട് ഗ്രാമസഭകളിലെ പങ്കാളിത്തം മെച്ചപ്പെട്ട നിലയിലായിരുന്നു. പഞ്ചായത്ത് ഭരണസമിതി അംഗങ്ങളെല്ലാം തന്നെ നല്ലനിലയിൽ സഹകരിച്ചു. പുനരർപ്പണദിനത്തിൽ വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. വസ്തുതാപരമായി വിലയിരുത്തിയാൽ പഞ്ചായത്തിന്റെ വളർച്ചക്ക് വളരെയേറെ കാര്യങ്ങൾ ചെയ്യാനുണ്ടെന്ന് കാണാം. ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന പി.ടി. സെയ്തുസാഹിബ്, വി പി ഹംസഹാജി, പി.ടി. ഹംസമാസ്ററർ എന്നിവരുടെ സേവനം ഞാൻ പ്രത്യേകം അനുസ്മരിക്കുകയാണ്. പെരിന്തൽമണ്ണ നിയോജക മണ്ഡലം എം.എൽ.എ. ജനാബ് എൻ. സൂപ്പിഹാജി രണ്ടു പ്രാവശ്യം ഈ പഞ്ചായത്തിന്റെ പ്രസിഡണ്ടായിരുന്നു. അദ്ദേഹം പഞ്ചായത്തിന്റെ കാര്യങ്ങളിൽ സജീവ ശ്രദ്ധ പുലർത്തിയിരുന്നു എന്നുള്ളത് പൊതുവെ പ്രവർത്തകർക്കൊരു മാതൃകയാണ്. പഞ്ചായത്തിന്റെ വരുമാനം, വികസനപ്രപർത്തനങ്ങൾ, ഇവ താരതമ്യപ്പെടുത്തുമ്പോൾ കുറെ മനുഷ്യാദ്ധ്വാനം കൂടി

സംഭാവന ചെയ്യാൻ ജനങ്ങൾ മുന്നോട്ട് വരേണ്ടതുണ്ട് എന്ന് കാണാം. ജനാഭിപ്രായം ചോദിച്ചറിഞ്ഞ് പണം ദുർവ്യയം ചെയ്യാതെ, കൂടുതൽ ജനങ്ങൾക്ക് ഉപയോഗം കിട്ടത്തക്കവിധം പദ്ധതികൾ നടപ്പാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കുന്നുണ്ട്. ഇക്കാര്യത്തിൽ നാളിതുവരെ വളരെ യോജിച്ച അന്തരീക്ഷമാണുള്ളത്.

വരാനിരിക്കുന്ന നാളുകളിൽ ഐക്യത്തോടെ ജനപങ്കാളിത്തത്തോടെ വിഭവങ്ങൾ കണ്ടെത്തുന്നതിനും വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും നമുക്ക് കഴിയും എന്ന വിശ്വാസത്തോടെ അഭിവാദനങ്ങൾ അർപ്പിക്കുന്നു. ഈ വികസന റിപ്പോർട്ട് വികസന സെമിനാറിന് മുമ്പിൽ സമർപ്പിക്കുന്നു.

**എൻ. ചക്കി ഈശ്വരൻ**
പ്രസിഡണ്ട്,
താഴെക്കോട് ഗ്രാമ പഞ്ചായത്ത്.



# ഭൂമിയുടെ നിമ്നോന്നത

## (പഠന പര്യടനം)

തെക്ക് പടിഞ്ഞാറ് — വടക്ക് കിഴക്ക്



| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചരിവ് | സമതലം | ചരിവ് | ചരിവ് | താഴ്‌വര | ചരിവ് + താഴ്‌വര | ചരിവ് | ചരിവ് | താഴ്‌വര | ചരിവ് | ചരിവും താഴ്‌വരയും | താഴ്‌വര | ചരിവ് | ചരിവ് + സമതലം | താഴ്‌വര | സമതലം |
| മൺതരം | കറുത്ത മണ്ണ് | ചെമ്മണ്ണ് | കറുത്ത മണ്ണ് | കറുത്ത മണ്ണ് | കറുത്ത മണ്ണ് + വയൽമണ്ണ് | കറുത്ത മണ്ണ് + ചെമ്മണ്ണ് | കറുത്ത മണ്ണ് | കറുത്ത മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | കറുത്ത മണ്ണ് + ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | വയൽമണ്ണ് | ചെമ്മണ്ണ്. |
| ഭൂവിനിയോഗം | തെങ്ങ് | ആവാസം | തെങ്ങ് | തെങ്ങ് | തെങ്ങ് നെല്ല് | തെങ്ങ് ആവാസം | റബ്ബർ | കവുങ്ങ് | നെല്ല് | കശുമാവ് | നെല്ല് ആവാസം | നെല്ല്, വാഴ | കശുമാവ് | കശുമാവ് | നെല്ല് | കശുമാവ് |
| ജലലഭ്യത | ദരിദ്രം | ദരിദ്രം | മിതം | മിതം | മിതം | മിതം | ദരിദ്രം | ധാരാളം | ദരിദ്രം | ദരിദ്രം | ദരിദ്രം | ദരിദ്രം | മിതം | ദരിദ്രം | മിതം | ദരിദ്രം. |